# ദിവ്യകാരുണ്യ ആരാധന സ്പന്ദനങ്ങൾ

**(ദിവ്യകാരുണ്യ ആരാധനയുടെ സമയത്ത് ചൊല്ലാൻ കഴിയുന്ന ജപങ്ങളും, പരിഹാരപ്രാർത്ഥനകളും)**

ദിവ്യകാരുണ്യപ്രസിദ്ധീകരണം

✞ Imprimatur
Mar Thomas Elavanal (Pontifical Delegate to MCBS)
Nihil obstat
Rev. Dr. Shiby Kattikulakkattu mcbs

MCBS Zion Provincial House
Medical College (P.O.)
Kozhikode
For Enquiries - 9526573695

കർത്താവിന്റെ സ്നേഹം പൂർണ്ണമായത് ദിവ്യകാരുണ്യത്തിലാണ്. "നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (ലൂക്കാ 22,15). ഈ പ്രാർത്ഥനാപ്പുസ്തകം ദിവ്യകാരുണ്യ ആരാധനയ്ക്കും, വിശുദ്ധ കുർബാനയോടുള്ള നിന്ദാപമാനങ്ങൾക്കും പരിഹാരമായി ചൊല്ലാൻ കഴിയുന്നതാണ്. ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

# ഉള്ളടക്കം


**I. പരിഹാരജപങ്ങൾ** **07**

1. തിരുമണിക്കൂർ 07

2. ഇരുപത്തിനാല് ആരാധനപ്രകരണങ്ങൾ 17

3. ഫാത്തിമ പ്രാർത്ഥന 30

4. പീഡാനുഭവ ധ്യാന ദിവ്യകാരുണ്യകൊന്ത 31

5. വൈദികർക്കായുള്ള തിരുരക്ത സമർപ്പണം (പരിഹാരക്കൊന്ത) 36

6. വി. കുർബാനയ്ക്കുമുമ്പിൽ പരിഹാരജപം 37

7. ദിവ്യകാരുണ്യ പരിഹാരജപം (വി. ഫൗസ്റ്റീന) 38

**II. ദിവ്യകാരുണ്യ സ്ലീവാപാത** **43**

**III. ദിവ്യകാരുണ്യ ആരാധന പരിഹാരപ്രാർത്ഥനകൾ** **77**

8. വിശുദ്ധ ഫൗസ്റ്റീനായുടെ പരിഹാരപ്രാർത്ഥനകൾ 77

9. വി. അൽഫോൻസ് ലിഗോരിയുടെ ദിവ്യകാരുണ്യ പ്രാർത്ഥനകൾ 80

10. ഇൻ സിനു ജേസു 87

11. ദിവ്യകാരുണ്യജപം 96

12. ഈശോയുടെ ദിവ്യകാരുണ്യ
ഹൃദയത്തോടുള്ള പ്രാർത്ഥന 98

13. ദിവ്യകാരുണ്യ ആരാധനയ്ക്കു മുമ്പിൽ പ്രാർത്ഥന 100

**IV. ദിവ്യകാരുണ്യ ജപമാല 103**

14. ദിവ്യകാരുണ്യ ലുത്തിനിയ (പ്രാർത്ഥന) 118

15. ദിവ്യകാരുണ്യ ലുത്തിനിയ (ഗാനം) 123

# I. പരിഹാരജപങ്ങൾ

## 1. തിരുമണിക്കൂർ

ഏറ്റം മാധുര്യമുള്ള എന്റെ ഈശോയേ! അവിടുന്ന് ഗദ്സേമൻ തോട്ടത്തിൽ അനുഭവിച്ച കൈപ്പേറിയ സങ്കടത്തെ ഓർത്ത് അങ്ങേ ആശ്വസിപ്പിക്കുന്നതിനും മനം കൊണ്ട് വി. കുർബാനയുടെ മുമ്പാകെ ഒരുമണിക്കൂർ സമയത്തേക്കെങ്കിലും ഉണർന്നിരുന്ന് എന്റെ പാവപ്പെട്ട ഹൃദയംകൊണ്ട് നിന്നെ സ്നേഹിക്കുന്നതിനും ഞാനാഗ്രഹിക്കുന്നു. എന്റെ പാപങ്ങളേയും നന്ദികേടുകളേയും നീ അവിടെ കാണുകയും നിന്റെ സങ്കടാധിക്യത്തിന് ഞാനും കാരണമായിത്തീരുകയും ചെയ്തതിനാൽ, ഇപ്പോൾ നിന്നെ അല്പമെങ്കിലും ആശ്വസിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ സമയത്ത് ലോകമൊക്കെയിലും ചെയ്യപ്പെടുന്ന ദിവ്യബലിപൂജകളോടൊന്നിച്ച് ഈ ആരാധനയെ ഞാൻ കാഴ്ചവയ്ക്കുന്നു. തിരുസഭയ്ക്കുവേണ്ടിയും അതിലെ അംഗങ്ങൾക്കുവേണ്ടിയും നാനാവിധ ജനതകൾക്കും രാജ്യങ്ങൾക്കുംവേണ്ടിയും പൂങ്കാവനത്തിൽവെച്ച് നീ ആർക്കെല്ലാം വേണ്ടിയും ഏതേതുദ്ദേശ്യങ്ങൾക്കായും രക്തം വിയർക്കയും ഗാഗുൽത്താ മലയിൽ മരിക്കയും ചെയ്തുവോ, ആ ഉദ്ദേശ്യങ്ങളോടൊന്നിച്ചും പ്രത്യേകം ഈ ഒരു മണി

ക്കൂർ നേരത്തേയ്ക്കെങ്കിലും യാതൊരു ചാവുദോഷവും ലോകത്തിൽ ചെയ്യപ്പെടാതിരിക്കുന്നതിനുവേണ്ടിയും ഈ ആരാധന കഴിപ്പാൻ ഞാനാഗ്രഹിക്കുന്നു.

എന്റെ ദൈവമേ! എന്റെ ആത്മാവിന്റെ ശക്തിയൊക്കെയോടും കൂടി വിശുദ്ധ കുർബാനയിൽ നിന്നെ ഞാൻ ആരാധിക്കുന്നു. എന്റെ നേരെയുള്ള സ്നേഹത്തെപ്രതി മറഞ്ഞിരിപ്പാൻ തിരുമനസ്സായ ലോകത്തിന്റെ എല്ലായിടങ്ങളിലുമുള്ള സക്രാരികളിൽ നിന്നെ ഞാൻ വാഴ്ത്തി സ്നേഹിക്കുന്നു. എന്നാൽ എല്ലാറ്റിലുമധികമായി നീ വണക്കക്കുറവായി അനാദരിക്കപ്പെട്ടുവരുന്ന ദൈവാലയങ്ങളിൽ നിന്നെ ആശ്വസിപ്പിച്ചാരാധിപ്പാൻ ഞാനാഗ്രഹിക്കുന്നു. നിന്റെ ഏകാന്തതയിൽ നിന്നോട് സഹതപിക്കയും മറ്റൊന്നും ചെയ്വാൻ എനിക്ക് വശമില്ലാത്തതിനാൽ മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എല്ലായ്പ്പോഴും നിന്നോടുകൂടി ഇരുന്നുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്കയും ചെയ്യുന്നു. നീ ഇപ്പോൾ അരൂപിക്കടുത്ത പ്രകാരം എന്നിൽ എഴുന്നെള്ളിവന്ന് എന്നെ അനുഗ്രഹിച്ച് എന്റെ രക്ഷയായിരിക്കണമെ. ആത്മാക്കളുടെ ഏറ്റവും ഉറപ്പുള്ള സ്നേഹിതാ എല്ലാ മനുഷ്യരേയും ആശീർവ്വദിച്ചനുഗ്രഹിപ്പാൻ നിന്നോട് ഞാൻ എളിമയോടുകൂടി പ്രാർത്ഥിക്കുന്നു. എല്ലാവരും നിന്നെ അറിഞ്ഞ് ഇഹലോകത്തിലും പരലോകത്തിലും നിത്യമായി നിന്നെ സ്നേഹിപ്പാൻ നീ ഇടവരുത്തേണമേ. ആമ്മേൻ.

മറ്റു കൂദാശകൾ ദൈവദാനം തരുമ്പോൾ ദിവ്യകാരുണ്യം
ദൈവത്തെത്തന്നെ നൽകുന്നു
(വി. അൽഫോൻസ് ലിഗോരി)

## ആരാധനയുടേയും സ്തോത്രത്തിന്റേയും പ്രകരണങ്ങൾ

ഉപമയില്ലാത്ത പരസ്നേഹത്തിന്റെ ആധികൃത്തിൽ വിശുദ്ധ കുർബാനയിൽ എഴുന്നള്ളി ഞങ്ങളുടെ പീഠങ്ങളിൻമേൽ സ്ഥിതി ചെയ്യുവാൻ ദയ പൂണ്ടിരിക്കുന്ന മധുരമുള്ള ഈശോ തമ്പുരാനേ! സ്നേഹത്തിന്റെ ഏകവിഷയമായിരിക്കുന്ന രക്ഷിതാവേ, നീ പരമകർത്താവാകുന്നുവെന്നും ആധിപത്യമുള്ള രാജാവായ ഞങ്ങളുടെ ദൈവമെന്നും വിശ്വസിച്ച് നിന്നെ എത്രയും എളിമയോടും വണക്കത്തോടുംകൂടി ആരാധിക്കുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള നീതിമാൻമാരുടെയും ആരാധന സ്തോത്രങ്ങളോടുകൂടി ഈ അല്പമായ ആരാധനയേയും ഞാൻ കാഴ്ചവെയ്ക്കുന്നു. നിത്യാരാധകയായ പരിശുദ്ധ കന്യകാ മറിയമേ, ത്രിലോകനാഥയേ! വിശുദ്ധ കുർബാനയുടെ പ്രത്യേക ഭക്തരായ പുണ്യാവാൻമാരെ, പുണ്യവതികളെ! കർത്താവിനാൽ സൃഷ്ടിക്കപ്പെട്ട സകലവസ്തുക്കളേ! നിങ്ങളും എന്നോടുകൂടി കർത്താവിനെ ആരാധിപ്പിൻ.

### വചനവായന

**ലൂക്ക 22,39-46**

### ധ്യാനം

ഈശോ പൂങ്കാവനത്തിൽ പ്രവേശിച്ച് പ്രാർത്ഥിക്കുന്നതായി നിരൂപിക്കുക. മുട്ടിൻമേൽ നിന്നുകൊണ്ട് ആകാശത്തേക്ക് നേത്രങ്ങളെ ഉയർത്തി മഹാ എളിമയോടുകൂടി സാഷ്ടാംഗം ചെയ്തു തന്റെ പരമപിതാ

വിനെ ആരാധിക്കുന്നു. ദൈവനീതിക്കുത്തരിപ്പാനായി സഹിപ്പാൻ പോകുന്ന പീഡകൾ ഒന്നൊന്നായി മനസ്സിലൂടെ കടന്നുപോകുന്നു... യൂദാസിന്റെ ചുംബനം.... ചമ്മട്ടിയടി....... മുൾമുടി...... കുരിശുമരണം.... സ്നേഹത്തിന്റെ കൂദാശയിൽ ലോകാവസാനത്തോളം സഹിക്കാനുള്ള നിന്ദനങ്ങളും ദ്രോഹങ്ങളും... ഇവയെല്ലാം അനുഭവിച്ചാലും അനേകർ ഇവയുടെ ഫലമെടുക്കാതെ നശിച്ചുപോകുമെന്നുള്ളതും.... തന്റെ തിരുമാതാവിന്റെ വ്യാകുലതകളും പിൽക്കാലത്തിൽ തന്നിൽ വിശ്വസിക്കുന്നവർ അനുഭവിപ്പാനിരിക്കുന്ന വേദനാഞെരുക്കങ്ങൾ.... മുതലായവയെല്ലാം അവിടുന്നറിയുന്നു. അലിവേറിയ അവിടുത്തെ ഹൃദയത്തെ ഇത് എത്രമാത്രം വേദനപ്പെടുത്തി എന്ന് ചിന്തിക്കുക. തന്റെ പീഡകളെക്കാൾ, തന്റെ മക്കളുടെ പീഡകൾ ഓർത്ത് അവിടുന്ന കൂടുതൽ വ്യാകുലപ്പെട്ടു..... തളർന്നു നിലം ചേർന്നു വീഴുകയും, പിതാവേ! ഈ കാസാ എങ്ങനെ കുടിക്കും എന്ന് ആവലാതിപ്പെടുകയും ചെയ്യുന്നു. സങ്കടത്തിന്റെ ശക്തിയാൽ രക്തം വിയർക്കുന്നു... ഒരു ആശ്വാസവാക്കുപോലും പറയുവാനാരുമില്ല.... നീ അപ്പോൾ അവിടെ സന്നിഹിതനായിരുന്നെങ്കിൽ എന്ത് ചെയ്യുമായിരുന്നേനെ. അത് ഇപ്പോൾ ചെയ്യുക.... അന്നത്തെ വ്യാകുലാവസ്ഥയിലാണ് ഇന്നും വിശുദ്ധ കുർബാനയിൽ അവിടുന്നു സ്ഥിതി ചെയ്യുന്നത്. വാടിത്തളർന്ന മുഖത്തോടും, രക്തം കലർന്ന കണ്ണുനീരോടുംകൂടി നിന്നെ നോക്കി........

മകനേ! ഒരു മണിക്കൂറെങ്കിലും ഉണർന്നിരുന്ന്

എന്നെ ആശ്വസിപ്പിക്കയില്ലയോ എന്ന് ചോദിക്കുന്നതായി വിചാരിക്കുക.... ദിവ്യപൂജ വഴിയായി രക്ഷാനാഥൻ തന്റെ കഷ്ടാനുഭവങ്ങളെ ഇപ്പോൾ ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ പുത്തനാക്കുകയും നമുക്കുവേണ്ടി പരമപിതാവിനെ ആരാധിക്കുകയും അങ്ങേയ്ക്ക് സ്തോത്രം ചെയ്യുകയും ചെയ്യുന്നുവോ ആ ബലികളോടെല്ലാം നീയും ആഗ്രഹത്താൽ ചേർന്നുകൊണ്ട് ആകാശത്തിലും ഭൂമിയിലുമുള്ള അങ്ങേ ചരാചര സൃഷ്ടികളോടുംകൂടി അങ്ങേ ആരാധിച്ചാശ്വസിപ്പിച്ച് സ്തോത്രം ചൊല്ലുക.

### സ്തോത്രപ്രകരണം

കർത്താവിനാൽ സൃഷ്ടിക്കപ്പെട്ട സകല വസ്തുക്കളെ, .....

ദിവ്യകാരുണ്യ സ്ഥാപനത്തിൽ ഈശോമിശിഹാ പ്രദർശിപ്പിച്ച അനന്ത സ്നേഹത്തെക്കുറിച്ച്, ......

ദിവ്യകാരുണ്യത്തിൽ അവിടുന്ന് രാപകൽ എഴുന്നെള്ളിയിരിക്കുന്നതിനാൽ കാണിക്കുന്ന അപരിമിതമായ സ്നേഹത്തെക്കുറിച്ച്, ......

ദിവ്യകാരുണ്യത്തിൽ ഈശോമിശിഹാ അനുഭവിക്കുന്ന നാനാവിധ നിന്ദാപമാനങ്ങൾക്ക് പരിഹാരമായി ......

ഈശോമിശിഹായുടെ അളവറ്റ സ്നേഹത്തിനും കരുണയ്ക്കും യോഗ്യമായ കൃതജ്ഞത കാണിപ്പാൻ അശക്തനായ എനിക്കുവേണ്ടി, .....

അമലോത്ഭവയായ ക. മറിയത്തിന്റേയും പരിശുദ്ധ യൗ. പിതാവിന്റെയും ആരാധനാസ്തോത്രങ്ങളെ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്, ......

ഭക്തിജ്വാലകന്മാരായ പരിശുദ്ധ മാലാഖാമാരെ, ........
ജ്ഞാനാധിക്യരെന്ന പരിശുദ്ധ മാലാഖാമാരെ, ........
ഭദ്രാസനൻമാരായ പരിശുദ്ധ മാലാഖാമാരെ, .......
നാഥകൃത്യൻമാരായ പരിശുദ്ധ മാലാഖാമാരെ, .......
താത്വികന്മാരായ പരിശുദ്ധ മാലാഖാമാരെ, .....
ബലവത്തുക്കളായ പരിശുദ്ധ മാലാഖാമാരെ, .........
പ്രാഥമികന്മാരായ പരിശുദ്ധ മാലാഖാമാരെ, ........
അതിദൂതന്മാരായ പരിശുദ്ധ മാലാഖാമാരെ, .......

പരിശുദ്ധ ദൈവദുതന്മാരെ, ....
പ. പൂർവ്വപിതാക്കൻമാരെ, ....
പ. ദീർഘദർശികളെ, ....
പ. ശ്ലീഹൻമാരെ, ....
പ. കുഞ്ഞിപ്പൈതങ്ങളെ, ....
പ. രക്തസാക്ഷികളെ, ....
പ. വേദപാരംഗതന്മാരെ, ....
പ. സന്യാസികളെ, ....
പ. വനവാസികളെ, ....
പ. വന്ദകന്മാരെ, ....
പ. കന്യകകളെ, വിധവകളെ, ....
ഭൂലോകവാസികളായ സകല പുണ്യാത്മാക്കളെ,
സ്ത്രീപുരുഷന്മാരായ സകല പരിശുദ്ധരെ,
കർത്താവിന്റെ ഗുരുക്കളെ, ശുശ്രൂഷികളെ, ....
സന്യാസികളെ, കന്യകകളെ, ....

രാജാക്കളെ, പ്രഭുക്കളെ, ....
ധനികരെ, നിർദ്ധനരെ, ....
വൃദ്ധരെ, യുവാക്കളെ, ....
ബാലകരെ, ബാലികമാരെ, ....
പുരുഷന്മാരെ, സ്ത്രീകളെ, ....
സകലജാതി ജനങ്ങളെ, ....
സകലജാതി മൃഗങ്ങളെ, ....
സകല പറവജാതികളെ, ....
സകലജാതി മത്സ്യങ്ങളെ, ....

ഞങ്ങൾക്കായ് അങ്ങേ പുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവമേ, അങ്ങേയ്ക്കു സ്തുതി.

അങ്ങയുടെ പങ്കപ്പാടും കുരിശുമരണവും വഴിയായി ഞങ്ങളെ രക്ഷിച്ച ദൈവമായ പുത്രാ, ....

ഞങ്ങളുടെ രക്ഷയുടെ രഹസ്യം നിന്നാലെ തികയപ്പെട്ട ദൈവമായ റൂഹാദ്ക്കുദശായെ, ....

ദൈവമേ, നീ സൃഷ്ടിച്ച അധരങ്ങളിൽ നിന്നും നാവുകളിൽനിന്നും .....

നീ സൃഷ്ടിച്ച മാലാഖാമാരിൽ നിന്നും അവരുടെ എണ്ണത്തിനു തക്കവിധം.....

നീ സൃഷ്ടിച്ച മനുഷ്യരിൽനിന്നും അവരുടെ തലമുടികളുടെ എണ്ണത്തിന് തക്കവണ്ണം ....

പലതരത്തിലായി നീ സൃഷ്ടിച്ച ദൃഢതയില്ലാത്ത വർഗ്ഗങ്ങളിൽനിന്ന് അവയുടെ എണ്ണപ്രകാരം ....

വൃക്ഷങ്ങളിൽനിന്നും സസ്യാദികളിൽനിന്നും അവയുടെ ഇലകളുടെ എണ്ണത്തിൽ....

സമുദ്രങ്ങളിലെ വെള്ളത്തിൽനിന്നും അതിന്റെ തുള്ളികളുടെ എണ്ണത്തിൽ ......

പകലിലും രാവിലും .....

സന്ധ്യയിലും ഉഷസ്സിലും ....

എല്ലായ്പ്പോഴും ....

നാഴികകളിലും വിനാഴികകളിലും ....

നെടുവീർപ്പുകളിലും ശ്വാസങ്ങളിലും ....

ഉണ്ടായവയും ഉണ്ടാകുവാനിരിക്കുന്നവയുമായ സകല സൃഷ്ടികളിൽനിന്ന് ....

ഞങ്ങളുടെ മേൽ അങ്ങേ കരുണയുണ്ടാകുവാനും, ഞങ്ങളുടെ കടങ്ങളെല്ലാം പൊറുക്കുവാനും, ഞങ്ങളുടെ കറകളിൽ നിന്നും ഞങ്ങളെ ശുദ്ധമാക്കുവാനും പിശാചുക്കളുടെ യുദ്ധങ്ങളിൽനിന്നും ദുഷ്ടൻമാരുടെ വശീകരണങ്ങളിൽ നിന്നും, ശത്രുക്കളുടെ വിദ്വേഷത്തിൽനിന്നും, അശുദ്ധമായ ആഗ്രഹങ്ങളിൽ നിന്നും, മോശമായ വിചാരങ്ങളിൽനിന്നും കഷ്ടപ്പെട്ട സ്വപ്നങ്ങളിൽനിന്നും, അപകടമുള്ള വഴികളിൽനിന്നും, വ്യർത്ഥമായ സംസാരങ്ങളിൽനിന്നും, ദോഷത്തിന്റെ ഉതപ്പുകളിൽനിന്നും തണ്യചാച്ചിലുകളിൽനിന്നും, നിർമ്മര്യാദയായ പ്രത്യുത്തരത്തിൽനിന്നും, ഭോഷൻമാരോടുള്ള സംസർഗ്ഗത്തിൽനിന്നും, നിന്നിൽനിന്നും

ഞങ്ങളെ അകറ്റുകയും നിന്റെ സ്നേഹത്തിൽനിന്നു ഞങ്ങളെ വേർതിരിക്കയും ചെയ്യുന്നവകളൊക്കെ യിൽനിന്നും ഞങ്ങളെ രക്ഷിക്കുവാനും വേണ്ടി സകല മാലാഖാമാരേ, പരിശുദ്ധന്മാരെ, ഞങ്ങൾക്കുവേണ്ടി നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുവിൻ.

കർത്താവേ, തന്റെ ശുദ്ധസ്ഥലത്തിൽ, അങ്ങേയ്ക്കു സ്തുതി.

തന്റെ ശക്തിയുടെ ആകാശത്തട്ടിൽ .......

തന്റെ വല്ലഭം നിമിത്തം .......

വീണകളാലും കിന്നരങ്ങളാലും ......

കാഹള ശബ്ദത്താൽ ........

തപ്പുകളാലെയും മദ്ദളങ്ങളാലെയും ......

ഇമ്പമുള്ള തന്ത്രികളാൽ .......

നാദമുള്ള കൈത്താളങ്ങളാൽ .......

സ്വരത്താലെയും ആർപ്പുവിളികളാലെയും ......

എല്ലാ ശ്വസനത്താലും കർത്താവിനെ നാം സ്തുതി ക്കണം. സകല ജാതികളെ കർത്താവിനെ സ്തുതി പ്പിൻ. സകല ജനങ്ങളെ അവിടുത്തെ നിങ്ങൾ വാഴ്ത്തു വിൻ, എന്തെന്നാൽ ദൈവകരുണ നമ്മുടെ മേൽ ശക്തി പ്പെട്ടു. അവൻ എന്നേക്കും ശക്തിമാനായ കർത്താവാ യിരിക്കുന്നു.

അങ്ങേ ദയാധിക്യത്താൽ ലോകത്തേയും അതിലെ

നിവാസികളേയും സൃഷ്ടിക്കയും മനുഷ്യർക്ക് ഉന്നത മായ നൻമ ചെയ്യുകയും ചെയ്ത ത്രിത്വൈക സർവ്വേ ശ്വരാ, അങ്ങേ പരിശുദ്ധമായ നാമം സകല നാവുക ളാൽ കൊണ്ടാടപ്പെടുന്നതിനും, സകല സൃഷ്ടികളാൽ ആരാധിക്കപ്പെടുന്നതിനും പാത്രമായിരിക്കുന്നു. ആയി രമായിരം ദൈവദൂതന്മാരും, പതിനായിരം പതിനായിരം മാലാഖാമാരും അങ്ങേ മഹിമ പ്രതാപത്തിന് സാഷ്ടാംഗ നമസ്കാരം ചെയ്യുന്നു. അരൂപസ്വരൂപിക ളോടും ആഗ്നേയ വൃന്ദങ്ങളോടും, പരിശുദ്ധ ശ്ലീഹാ ന്മാരുടെ അണിനിരകളോടും കൂടി നീചരും അടിമകളുമായ ഞങ്ങളും അങ്ങേ കർതൃത്വത്തെ ആരാ ധിച്ചുകൊണ്ട്, ആകാശവും ഭൂമിയും തന്റെ മഹിമപ്ര താപത്താൽ നിറഞ്ഞിരിക്കുന്ന സൈന്യങ്ങളുടെ കർത്താവായ ദൈവം പരിശുദ്ധൻ, ഉന്നതങ്ങളിൽ ഓശാന, എന്ന് ഇടവിടാതെ ഉച്ചസ്വരത്തിൽ ഉദ്ഘോ ഷിക്കുന്നു.

ദൈവം സർവ്വശക്തനെങ്കിലും ഇതിൽക്കൂടുതൽ നൽകാൻ ശക്തനല്ല; ദൈവം ജ്ഞാനത്തിന്റെ പൂർണ്ണതയെങ്കിലും ഇതിൽക്കൂടുതൽ നൽകാൻ അറിയില്ല; ദൈവം സമ്പന്നനെങ്കിലും ഇതിൽക്കൂടുതലൊന്നും അവന് നൽകാനില്ല.

(വി. അഗസ്തിനോസ്)

## 2. ഇരുപത്തിനാല് ആരാധനപ്രകരണങ്ങൾ

1. സദാകാലവും ആരാധനയ്ക്കുയോഗ്യനായ സർവ്വേശ്വരനും എന്റെ കർത്താവുമായിരിക്കുന്ന ദിവ്യ ഈശോയെ ഭൂമുഖത്തിൽ അങ്ങേ അളവില്ലാത്ത മഹിമയ്ക്കു തക്ക ആരാധനയും സ്തുതിയും അങ്ങേ അളവറ്റ സ്നേഹത്തിനു തക്ക പ്രതിസ്നേഹവും ചെയ്യപ്പെടാത്ത എല്ലായിടങ്ങളിലുമുള്ള ദൈവാലയങ്ങളിൽ അടിയൻ വന്ന് അങ്ങേ ആരാധിപ്പാൻ ആഗ്രഹിക്കുന്നു. എന്നാൽ ഈ സ്ഥലങ്ങളിലൊക്കെയും വരുവാൻ എന്നാൽ അസാദ്ധ്യമായിരിക്കയാൽ വണക്കക്കുറവായ അതാതു ദേവാലയങ്ങളിൽ വിചാരം വഴിയായി പ്രവേശിച്ച് എപ്പോഴും അങ്ങേയ്ക്കു ചെയ്യപ്പെടുന്ന നിന്ദാവമാനങ്ങൾക്കു പരിഹാരമായിട്ട്, അങ്ങേ പ്രിയമാതാവിന്റെ സ്നേഹത്തേയും ആരാധനസ്തുതികളേയും അങ്ങേ പീഠത്തിൻമേൽ കാണിക്കയായി സമർപ്പിക്കുന്നു.

പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. (3 പ്രാവശ്യം)

2. സാർവ്വത്രികമായ തിരുസഭയെ ശോഭിപ്പിച്ച് അങ്ങേ ശുശ്രൂഷികളുടെ ഹൃദയങ്ങളിൽ ദൈവഭക്തിയായ അഗ്നിയെ ജ്വലിപ്പിക്കുന്ന നീതിസൂര്യനായ ദിവ്യ ഈശോയെ! അങ്ങേ സ്തുതിച്ചാരാധിക്കുന്നു. അങ്ങേ ശുശ്രൂഷയിൽ ഉൾപ്പെട്ടിട്ടും അങ്ങുന്നു യാത്രയാക്കുന്ന ദൈവ സ്നേഹകതിരിൻ പ്രകാശത്തെ കൈക്കൊ

ണ്ടിട്ടും ഉഷ്ണവും എരിവും ഇളക്കവും കൂടാതെ തണു ത്തിരിക്കുന്ന അനേകരുടെ മന്ദതയ്ക്കും ഉദാസീന തയ്ക്കും പരിഹാരമായി, 'ഭക്തിജ്വാലക'രായ മാലാ ഖമാരുടെ വലിയ ആഗ്രഹവും തീക്ഷണതയുമുള്ള ജപ ങ്ങളെ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... (3 പ്രാവശ്യം)

3. ഭൂവാസികൾക്കു സത്യത്തെ തെളിയിക്കുന്ന നിത്യ ജ്ഞാനമായിരിക്കുന്ന ദിവ്യ ഈശോയേ! അത്യന്ത എളിമ വിനയത്തോടുകൂടി അങ്ങേ ആരാധി ക്കുന്നു. അടിയങ്ങൾ അങ്ങേയ്ക്കു ദ്രോഹം ചെയ്ത തിനു കാരണമായിരിക്കുന്ന ജന്മസിദ്ധമായ അറിവില്ലാ യ്മയ്ക്കു പരിഹാരമായിട്ടു അങ്ങേപ്പക്കൽനിന്ന് എത്രയും ജ്ഞാനപ്രകാശം കൈക്കൊണ്ട് "ജ്ഞാനാധി"കൃരെന്ന മാലാഖമാർ അങ്ങേ പുക ഴ്ത്തുന്ന ഉന്നത ജ്ഞാനത്തെ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

4. അളവില്ലാത്ത കൃപയും ക്ഷമയുമുള്ള സർവ്വേ ശ്വരനായിരിക്കുന്ന ദിവ്യ ഈശോയെ! ഞങ്ങൾ എത്രയും വലിയ ഭക്തിവണക്കങ്ങളോടുകൂടെ അങ്ങേ ആരാധിക്കുന്നു. അങ്ങേയ്ക്ക് ഏറ്റവും അരോചകമാ യിരിക്കുന്ന ഞങ്ങളുടെ കോപം, വൈരാഗ്യം, പ്രതി കാരം മുതലായ സകല അക്രമങ്ങൾക്കും പരിഹാരമാ യിട്ട് "ഭദ്രാസന" ന്മാരായ മാലാഖമാരുടെ മാറ്റമില്ലാത്ത സമാധാനത്തെയും സാധുത്വമുള്ള അടക്കത്തെയും

അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

5. അവർണ്ണനീയമായ സ്നേഹത്താൽ വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ദിവ്യരക്ഷിതാവേ! ഞങ്ങൾ പൂർണ്ണ ഹൃദയത്തോടുകൂടെ അങ്ങേ ആരാധിക്കുന്നു! പാപികൾ അങ്ങേ ബലിപീഠത്തിന്റെ സന്നിധാനത്തിൽ വച്ചുകൂടെയും വിചാരിപ്പാൻ തുനിയുന്ന സകല അശുദ്ധമായ നിരൂപണങ്ങൾക്കും ലഞ്ജിപ്പാൻതക്ക ദുരാശകൾക്കും പരിഹാരമായിട്ട് "നാഥകൃത്യ"രായ മാലാഖമാരുടെ പരിശുദ്ധ ആഗ്രഹങ്ങളെയും അവരങ്ങേ സ്നേഹിക്കുന്ന അത്യന്ത സ്നേഹത്തേയും അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

6. ലോകത്തിന്റെ പാപങ്ങളെ നീക്കുന്ന കറയില്ലാത്ത ചെമ്മരിയാട്ടിൻ കുട്ടിയായ ദിവ്യ ഈശോയേ! അനന്തഭക്തി വണക്കങ്ങളോടുകൂടെ അങ്ങേ ആരാധിക്കുന്നു. ദിവ്യപൂജയുടെ നേരത്തിൽ അങ്ങേ സമക്ഷത്തിൽവച്ചു നടക്കുന്ന പാപികളുടെ അനാചാരം, ആകാത്ത കാഴ്ച, മര്യാദയില്ലാത്ത നടപ്പ് മുതലായ ബഹുമാന ഹീനതകൾക്കു പരിഹാരമായിട്ട് "താത്വിക"ന്മാരെന്ന മാലാഖമാർ അങ്ങേ വണങ്ങുന്ന അത്യന്ത എളിമയുള്ള നമസ്കാരങ്ങളെ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

7. കറയറ്റ പരിശുദ്ധതയ്ക്ക് ഉറവയും കാരണവുമായിരിക്കുന്ന ദിവ്യ ഈശോയെ! ഞങ്ങളാൽ കഴിയും വണ്ണം ഭക്തിവണക്കങ്ങളോടുകൂടെ അങ്ങേ ആരാധിക്കുന്നു. യൂദാസ്കറിയോത്തായെപ്പോലെ വഴി തെറ്റിയ ചില അയോഗ്യരായ ഗുരുക്കൾ ഘനമായ പാപത്താൽ അശുദ്ധമായ ആത്മാവോടു കൂടെ ദിവ്യപൂജചെയ്ത് അങ്ങയെ ഉൾക്കൊള്ളുന്ന അക്രമദ്രോഹങ്ങൾക്കു പരിഹാരമായിട്ട് "ബലവത്തു" ക്കളായ മാലാഖമാരുടെ പരിശുദ്ധതയെയും അവർ അങ്ങേയ്ക്കു ചെയ്യുന്ന അനന്തഭക്തിയുള്ള ആരാധനകളെയും അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

8. പരലോകത്തിലും ഭൂലോകത്തിലും സകലരാലും മുട്ടുകുത്തി സർവ്വ ആരാധന നമസ്കാരം ചെയ്യപ്പെടുവാൻ യോഗ്യനായ സകല ലോകത്തിന്റെയും ആദികാരണനായ കർത്താവേ! എത്രയും മഹാവണക്കത്തോടു കൂടെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേയ്ക്ക് അപമാനമായി ചൊല്ലപ്പെട്ട സകല ദൂഷണങ്ങൾക്കും പരിഹാരമായിട്ട് "പ്രാഥമിക" ന്മാർ എന്ന മാലാഖമാർ സമർപ്പിക്കുന്ന അനന്തസ്തുതി പുകഴ്ചകളെ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

9. അത്യന്ത വിശ്വാസസ്ഥിരതയോടുകൂടെ സേവിച്ച് സർവ്വസ്തോത്രവും ചെയ്യപ്പെടുവാൻ യോഗ്യനായ ലോകരക്ഷിതാവേ! ഞങ്ങൾ അങ്ങേ വണങ്ങി ആരാ

ധിക്കുന്നു. അനേകർ ചാവുദോഷത്താൽ പ്രാകൃതമായ ആത്മാവോടു കൂടെ വിശുദ്ധ കുർബാനയെ കൈക്കൊള്ളുന്ന ദൈവദ്രോഹത്തിനും തങ്ങളുടെ മന:സാക്ഷിയെ വിരൂപപ്പെടുത്തി തങ്ങളെ തട്ടിക്കുന്ന കുരുടത്വത്തിനും അന്യരോടു ചെയ്യുന്ന ചതിവുകൾക്കും പരിഹാരമായിട്ട് "അതിദൂത"ന്മാരായ മാലാഖമാരുടെ ജാഗ്രതയോടു കൂടിയ വിശ്വാസത്തേയും അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

10. പരലോകത്തിനും ഭൂലോകത്തിനും ആനന്ദമായിരിക്കുന്ന ദിവ്യ ഈശോയെ ഞങ്ങളുടെ പൂർണ്ണഹൃദയത്തോടുകൂടെ അങ്ങേ ആരാധിക്കുന്നു. വിശുദ്ധ കുർബാന വഴിയായിട്ട് അനന്ത സന്തോഷത്തോടെ ഞങ്ങളിൽ ഐക്യമാകുന്നതിന് അങ്ങുന്ന് മനുഷ്യപുത്രരെ വിളിക്കുന്ന ദയയെ അഗണ്യമാക്കി അനേകർ വെറുത്തുപേക്ഷിക്കുന്നു, ഈ നിന്ദയ്ക്കു പരിഹാരമായി "ദൈവദൂത"ന്മാരുടെ വേഗതയുള്ള കീഴ്വഴക്കത്തേയും അവർ അങ്ങേ കൃപയെ പുകഴ്ത്തുന്ന ഉപകാരസ്മരണ സ്തോത്രങ്ങളേയും അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

11. കുറയാത്ത കരുണാസമുദ്രമായ ദിവ്യ ഈശോ തമ്പുരാനെ! അടിയങ്ങൾ മഹാ പാപികളായിരുന്നാലും അങ്ങേ അനുഗ്രഹത്തിൽ ശരണപ്പെട്ടു കൃപയുടെ സിംഹാസനത്തുങ്കൽ അങ്ങേ ആരാധിക്കുന്നു. അങ്ങേ

തിരുഹൃദയത്തിനു ചേരാത്ത ദ്രോഹമായിട്ട് അങ്ങേ കരുണയെ നിഷേധിക്കുന്ന പാപികളുടെ ശരണക്കേടിനു പരിഹാരമായിട്ട് പരിശുദ്ധ പൂർവ്വ പിതാക്കന്മാർ അങ്ങേ വാഗ്ദാനത്തിൽ ഉറച്ചിരുന്ന മനോധൈര്യമുള്ള ശരണത്തെ കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ച വയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

12. അറുതിയില്ലാത്ത സ്നേഹത്തിനു യോഗ്യനായ ഈശോതമ്പുരാനെ! അങ്ങേ തിരുവചനങ്ങളാൽ വെളിപ്പെടുത്തുകയും കത്തോലിക്കാ തിരുസഭ വഴിയായി പഠിപ്പിക്കയും എണ്ണമില്ലാത്ത പ്രത്യക്ഷങ്ങളാൽ സ്ഥിരപ്പെടുത്തുകയും ചെയ്ത ദൈവരഹസ്യമായ വി. കുർബാനയിൽ അങ്ങുന്നു സത്യമായി എഴുന്നെള്ളിയിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യത്തിന്മേൽ അവിശ്വാസികൾ സംശയിച്ച അന്യായസംശയങ്ങൾക്കു പരിഹാരമായി, ദൈവദർശനങ്ങളേയും, അരുളപ്പാടുകളേയും ഭക്തിപൂർവ്വം കൈക്കൊണ്ട ദീർഘദർശികളുടെ ശ്രവണത്തെയും കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

13. സകല പിതാക്കളേയുംകാൾ ദയനിറഞ്ഞ പിതാവും സ്നേഹത്തിനു യോഗ്യനുമായ ദിവ്യരക്ഷിതാവേ! എത്രയും വലിയ സ്നേഹത്തോടുകൂടെ അങ്ങേ ഞങ്ങൾ ആരാധിക്കുന്നു. അങ്ങുന്നു അനന്തസ്നേഹത്തോടുകൂടെ മക്കളായിട്ടു സ്വീകരിച്ച മനുഷ്യ

പുത്രരുടെ അവിശ്വാസത്തിനും നന്ദികേടിനും പാപ ദ്രോഹങ്ങൾക്കും പരിഹാരമായിട്ട്, അങ്ങേ ശ്ലീഹന്മാരുടെ ധൈര്യമുള്ള വിശ്വാസത്തേയും സ്നേഹത്തേയും ധർമ്മനടപടികളെയും അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

14. അത്യന്തസ്നേഹമുള്ള നല്ല ഇടയനായ ദിവ്യരക്ഷിതാവേ! പരിശുദ്ധമായ സ്നേഹത്തിൻ ദിവ്യമാതൃകയേ! എത്രയും വലിയ വണക്കത്തോടുകൂടെ അങ്ങേ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ തിരുക്കല്പനകൾക്കു വിരോധമായി വിചാരിച്ച ദുരഭിപ്രായങ്ങൾക്കും മനസ്സിൽ ജ്വലിപ്പിച്ച കോപത്തിനും പരിഹാരമായിട്ട്, വേദസാക്ഷികളുടെ ക്ഷമയേയും അവർ തങ്ങളുടെ ശത്രുക്കൾക്കു വേണ്ടി ചെയ്ത പ്രാർത്ഥനകളേയും കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

15. സർവ്വ നന്മകളുടേയും പൂർണ്ണ നിക്ഷേപമായ ദിവ്യഈശോയേ! എല്ലാത്തിനേയുംകാൾ അത്യന്ത ഭക്തിയോടും ആശയോടും കൂടെ അങ്ങേ സ്തുതിച്ചാരാധിക്കുന്നു. ദുർമാർഗ്ഗികളായ അക്രമികൾ അങ്ങേ ദൈവാലയത്തിൽ നടത്തിയ സകല കളവുകൾക്കും പരിഹാരമായിട്ട്, അടിയങ്ങൾ അങ്ങേ വിശ്വസ്തരായ ശുശ്രൂഷികളെപ്പോലെ അങ്ങേയ്ക്കു സ്തോത്രമായി കാഴ്ചവയ്ക്കുന്ന അല്പമായ ദ്രവ്യങ്ങളേയും ഭക്തിമയമായ കാഴ്ചകളേയും ഞങ്ങളേത്തന്നെയും

അങ്ങേയ്ക്കു കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

16. പരമദൈവപിതാവിൻ പക്കൽ അടിയങ്ങൾക്കു വേണ്ടി എത്രയും തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുന്ന മദ്ധ്യസ്ഥനായ ദിവ്യരക്ഷിതാവേ! എത്രയും നന്ദി നിറഞ്ഞ മനസ്സോടു കൂടെ അങ്ങേ ആരാധിക്കുന്നു. തിരുസഭയിൽ ഏതെങ്കിലും അധികാരം സിദ്ധിച്ചിട്ടു ള്ളവർ അങ്ങേ ദൈവാലയങ്ങളിൽ ചെയ്യപ്പെടുന്ന ശങ്കാഹീനമായ അനാചാരങ്ങളെ പരിഹരിക്കാതെയും ശിക്ഷിക്കാതെയും വിട്ടുകളഞ്ഞ ഉദാസീനതകൾക്കു പരിഹാരമായിട്ട്, ശ്രേഷ്ഠഗുരുക്കന്മാർ അങ്ങേ ശു ശ്രൂഷയിൽ കാണിക്കുന്ന സൂക്ഷമതയുള്ള ശ്രദ്ധയേ യും, ജാഗ്രതയേയും ഭക്തിവിചാരങ്ങളേയും കർത്താവേ! അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

17. അളവില്ലാത്ത മഹിമപ്രതാപമുള്ള കർത്താവായ ഈശോതമ്പുരാനേ! അങ്ങേ മഹത്വത്തിനു ശരിയായ ആരാധന നമസ്ക്കാരങ്ങളെ സമർപ്പിക്കുവാൻ മനുഷ്യ രാൽ കഴിയുന്നതല്ല. എങ്കിലും ഞങ്ങളുടെ ശക്തി ക്കൊത്ത പോലെ എത്രയും ഭയഭക്തിയോടു കൂടെ അങ്ങേ ആരാധിക്കുന്നു. അങ്ങേ തിരുനാമത്തിൽ ചെയ്യ പ്പെട്ട വാഗ്ദാനങ്ങൾ കള്ളസത്യങ്ങൾ മുതലായ വയ്ക്കും പരിഹാരമായിട്ട്, വേദപാരംഗതരും മറ്റു ധർമ്മ ശാസ്ത്രികളും അങ്ങേയ്ക്കു സ്തുതിയായിട്ട് ചെയ്ത അമൃത പ്രസംഗങ്ങളെയും എഴുതിയുണ്ടാക്കിയ ഭക്തി

നിറഞ്ഞ കീർത്തനങ്ങളേയും കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

18. എളിമകൊണ്ടു മറഞ്ഞിരിക്കുന്ന ദിവ്യഈശോ തമ്പുരാനേ! അങ്ങുന്ന് അങ്ങേ മഹിമപ്രതാപത്തിന്റെ കതിരുകളെ മറയ്ക്കുന്ന വിശുദ്ധ കുർബാനയിൽ ഞങ്ങൾ അത്യന്ത വിശ്വാസത്തോടു കൂടി അങ്ങേ ആരാധിക്കുന്നു. അങ്ങേയ്ക്കു ചേരാത്ത ദ്രോഹങ്ങളായ കലഹങ്ങൾക്കും വഴക്കുകൾക്കും സ്ഥാനബഹുമാനങ്ങളിൽ നിന്നുണ്ടാകുന്ന കോപം, അസൂയ മുതലായ തിന്മകൾക്കും സകല ദുർമ്മാതൃകകൾക്കും പരിഹാരമായിട്ട് പരിശുദ്ധവന്മാരുടെ എളിമ, അടക്കം, ശ്രവണം മുതലായ പുണ്യങ്ങളെ കർത്താവേ! അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

19. ഞങ്ങളെ പ്രതി സ്വയം ബലിയായി കാഴ്ചവയ്ക്കുന്നതിൽ പ്രിയപ്പെടുന്ന നിത്യഗുരുവെ! നന്ദി നിറഞ്ഞ മനസ്സോടുകൂടെ അങ്ങയെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു. സത്യവേദഗുരുക്കളോടും, സന്യാസികൾ, മുനികൾ, തപോധനന്മാർ, കന്യാസ്ത്രീകൾ മുതലായവരോടും ചെയ്യപ്പെട്ട നിന്ദാപമാനങ്ങൾക്കു പരിഹാരമായിട്ട് അങ്ങേ സ്ഥിരമായ ക്ഷമയേയും സത്യവേദ ബോധകന്മാർ സകലരിലും ശ്ലീഹായ്ക്കടുത്ത സൽഗുരുക്കളിലും വിളങ്ങി പ്രകാശിച്ച യഥാർത്ഥ ഭക്തി ധൈര്യങ്ങളേയും സ്നേഹത്തേയും കർത്താവേ!

അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

20. മാലാഖമാരുടെ ദിവ്യ അപ്പമായ ഈശോതമ്പുരാനേ! അങ്ങുന്നു മനുഷ്യർക്കു ദിവ്യഭോജനമായിട്ടു സ്വയം തന്നരുളിയതിനെക്കുറിച്ചു നന്ദി നിറഞ്ഞ സ്നേഹത്തോടുകൂടെ അങ്ങേ സ്തുതിച്ച് ആരാധിക്കുന്നു. അങ്ങുന്ന് കല്പിച്ച ഉപവാസം, ശുദ്ധഭോജനം മുതലായ കല്പനകൾക്കു വിരോധമായ ഭോജനപ്രിയം, മദ്യപാനം മുതലായ പാപങ്ങൾക്കു പരിഹാരമായിട്ട്, അങ്ങേ പരിശുദ്ധ സന്യാസികൾ, തപോധനന്മാർ മുതലായവർ അനുഷ്ഠിക്കുന്ന ഉപവാസങ്ങളെയും മറ്റു ഭക്തിയുള്ളവരുടെ ഭോജന മിതത്വത്തേയും കർത്താവേ! അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

21. പരിപൂർണ്ണനും പരിശുദ്ധനുമായ കർത്താവായ ഈശോയേ! അത്യന്ത ഭയഭക്തികളോടുകൂടെ അങ്ങേ സ്തുതിച്ചാരാധിക്കുന്നു. കർത്താവേ! അങ്ങേയ്ക്ക് എത്രയും പ്രിയ സുഗന്ധപുണ്യമായ വിരക്തിക്കു വിരോധമായി മനുഷ്യരാൽ ഇതുവരെയും ചെയ്യപ്പെട്ട പാപദ്രോഹങ്ങൾക്കും പരിഹാരമായി, സന്യാസികളുടെ ഊനമറ്റ വിരക്തിയേയും പരിശുദ്ധ കന്യകകളുടെ അടക്ക ഒതുക്കത്തേയും കർത്താവേ! അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

22. ഞങ്ങളുടെ ആത്മാക്കളുടെ സ്നേഹത്തിനു യോഗ്യഭർത്താവായ ഈശോതമ്പുരാനേ! ഞങ്ങളുടെ കർത്താവേ! വിശുദ്ധ കുർബാന കൈക്കൊള്ളുന്ന നേരത്തിൽതന്നെയും അങ്ങേപേരിൽ അനേകരിലുണ്ടായ ഭക്തിക്കുറവുകൾക്കും ഉദാസീനതയ്ക്കും പരിഹാരമായിട്ട്, ഭക്തിയുടെ ആധിക്യത്താൽ പരവശപ്പെട്ട പരിശുദ്ധ കന്യകളുടെ ഭക്തിയും സ്നേഹവുമുള്ള ജപധ്യാനങ്ങളേയും അത്യന്ത സ്നേഹത്തേയും കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

23. സകല മാലാഖമാരാലും മനുഷ്യരാലും അത്യന്ത ഭക്തിയോടു കൂടെ സ്നേഹിക്കപ്പെടുവാൻ യോഗ്യനായ ദിവ്യഈശോ കർത്താവേ! അങ്ങേ ഞങ്ങളുടെ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹിച്ചു സ്തുതിച്ചാരാധിക്കുന്നു. ദുഷ്ടകലഹക്കാരും കൊലപാതകക്കാരും അങ്ങേ ദൈവാലയങ്ങൾക്കു ഭയപ്പെടാതെ അതുകളുടെ ശുദ്ധീകരണത്തിനു വിരോധമായിട്ട്, അവയിൽ നീതിമാന്മാരുടെ കുറ്റമറ്റ രക്തത്തെ ചിന്തിയ ക്രൂരതയ്ക്കും, അങ്ങേ ദൈവാലയങ്ങളുടെ അലങ്കാരത്തിനു പഴയതും താണതുമായ വസ്തുക്കൾ ഉപയോഗിപ്പാനിടയാക്കിയ മനുഷ്യരുടെ ഉദാസീനതയ്ക്കും പരിഹാരമായിട്ട്, ഭാഗ്യപ്പെട്ട സകല പുണ്യവാന്മാരുടേയും ഭക്തിസ്നേഹാദരങ്ങളോടുകൂടിയ ആരാധനയേയും വേദകലഹങ്ങളിൽ അങ്ങേ പ്രിയശുശ്രൂഷികൾ സന്തോഷത്തോടുകൂടെ അനുഭവിച്ച അപമാന ദാരിദ്രങ്ങളേയും ദുഃഖസങ്കടങ്ങളേയും കർത്താവേ! അങ്ങേയ്ക്കു

ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

24. നിത്യമഹിമയ്ക്ക് ഇരിപ്പിടമായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുക്കുമാരൻ ഈശോയേ! അടിയങ്ങൾ അത്യന്ത ഭക്തിവണക്കങ്ങളോടു കൂടെ അങ്ങേ ആരാധിക്കുന്നു. കർത്താവേ! ആരാധനയ്ക്കു യോഗ്യമായ വിശുദ്ധ കുർബാനയെ അങ്ങുന്നു കല്പിച്ചുണ്ടാക്കിയ നാൾമുതൽ അതിൽ മനുഷ്യർ അങ്ങേയ്ക്കു ചെയ്യുന്ന സകല നിന്ദാപമാനദ്രോഹങ്ങൾക്കും കഴിയുംവണ്ണം പൊതുവായ പരിഹാരം ചെയ്യുവാൻ വേണ്ടി അടിയങ്ങൾ സകല പാപികൾക്കും ഉറപ്പുള്ള സങ്കേതവും അങ്ങേക്കഴിഞ്ഞാൽ ഞങ്ങൾക്കു പ്രധാന ശരണവും ആദരവുമായിരിക്കുന്ന അങ്ങേ തിരുമാതാവിന്റെ സഹായത്തേയും അനുഗ്രഹത്തേയും അപേക്ഷിക്കുന്നു.

മനുഷ്യവർഗ്ഗത്തിന്റെ ശരണവും പരലോകത്തിനും ഭൂലോകത്തിനും രാജ്ഞിയും സ്വപുത്രനെ ഇടവിടാതെ ആരാധിക്കുന്നവളുമായ സ്നേഹം നിറഞ്ഞ ദൈവമാതാവേ! അടിയങ്ങൾക്കും, അങ്ങുന്നു ദയാപൂർവ്വം സ്വീകരിച്ച മക്കളുടെ കൂട്ടത്തിലുൾപ്പെട്ടവരാകുവാനുള്ള മഹിമയും ഭാഗ്യവും ലഭിച്ചിരിക്കകൊണ്ട്, അനന്ത ഭക്തിശരണത്തോടു കൂടി അങ്ങേ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീഴുന്നു. നീതിവിധി ചെയ്യുന്ന നിത്യകർത്താവിൻ പക്കൽ അങ്ങുന്നു തന്നെ ഞങ്ങളുടെ മധ്യസ്ഥയായി നിന്നുകൊണ്ട് ഞങ്ങൾക്കുവേണ്ടിയും

ഞങ്ങളുടെ നാമത്തിലും അങ്ങുന്നു സമ്പാദിച്ച പുണ്യ ഫലങ്ങളെക്കൊണ്ട് അടിയങ്ങളുടെ കടത്തെ വീട്ടുകയും ഞങ്ങൾ ചെയ്യേണ്ടതും എന്നാൽ ഞങ്ങളാൽ അസാദ്ധ്യവുമായ ആരാധനാനമസ്ക്കാരങ്ങളെ ഞങ്ങൾക്കുവേണ്ടി നിറവേറ്റുകയും ചെയ്യണമെന്ന് ഞങ്ങളുടെ അമ്മേ! അങ്ങയോടു ഞങ്ങളപേക്ഷിക്കുന്നു.

ആമ്മേൻ.

പരിശുദ്ധ പരമ ..... ശേഷവും. (3 പ്രാവശ്യം)

**സുകൃതജപം**

പൂങ്കാവനത്തിൽവച്ച് മരണവേദനയനുഭവിച്ച ഈശോയുടെ തിരുഹൃദയമേ! ഈ സമയം ലോകത്തിൽ മരിക്കുന്നവരെ അങ്ങേ തിരുച്ചോരയാൽ കഴുകി രക്ഷിച്ചരുളേണമേ, ആമ്മേൻ

(മൂന്നുപ്രാവശ്യം)

ഈ ലോകത്തിലെ മുഴുവൻ നന്മപ്രവർത്തികളും വിശുദ്ധ കുർബാനയ്ക്കു മുന്നിൽവയ്ക്കുക. ആ നന്മകൾ വിശുദ്ധ കുർബാനയെന്ന പർവ്വതത്തിനു മുന്നിലെ വെറും മണൽത്തരികൾ മാത്രമായിരിക്കും.
(വി. ജോൺ മരിയ വിയാനി)

## 3. ഫാത്തിമ പ്രാർത്ഥന

**പരിഹാര പ്രാർത്ഥന (മുട്ടുകുത്തി, സാഷ്ടാംഗം പ്രണമിച്ചു ചൊല്ലുന്നത്)**

1. എന്റെ ദൈവമേ, ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു; ഞാനങ്ങയിൽ ശരണപ്പെടുന്നു; ഞാനങ്ങയെ ആരാധിക്കുന്നു; ഞാനങ്ങയെ സ്നേഹിക്കുന്നു; അങ്ങയിൽ വിശ്വസിക്കുകയോ; അങ്ങയിൽ ശരണപ്പെടുകയോ; അങ്ങയെ ആരാധിക്കുകയോ; അങ്ങയെ സ്നേഹിക്കുകയോ ചെയ്യാത്തവർക്കു വേണ്ടി ഞാൻ അങ്ങയോടു മാപ്പുചോദിക്കുന്നു.

2. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏറ്റവും പരിശുദ്ധ ത്രിത്വമേ, ഞാൻ അങ്ങയെ ആരാധിക്കുന്നു. ലോകമെമ്പാടും സക്രാരികളിൽ എഴുന്നെള്ളിയിരിക്കുന്ന യേശുനാഥനോടു ചെയ്യപ്പെടുന്ന ദൂഷണങ്ങൾക്കും, നിന്ദനങ്ങൾക്കും, അതിക്രമങ്ങൾക്കും, നിസ്സംഗതകൾക്കും, പരിഹാരമായിട്ട് അങ്ങയുടെ ഏറ്റവും പരിശുദ്ധമായ തിരുശരീരവും, തിരുരക്തവും, ആത്മാവും, ദൈവത്വവും, അങ്ങേക്ക് ഞാൻ കാഴ്ച വയ്ക്കുന്നു. ഈശോ നാഥന്റെ തിരുഹൃദയത്തിന്റെയും പരിശുദ്ധ മാതാവിന്റെ വിമല ഹൃദയത്തിന്റെയും യോഗ്യതകളാൽ പാവപ്പെട്ട പാപികൾക്ക് മാനസാന്തരത്തിനുള്ള കൃപ നൽകണമേ. ആമേൻ.

സക്രാരിമുന്നിൽ ചെലവിട്ട നിമിഷങ്ങളാണ് എന്റെ
ജീവിതത്തിലെ ഏറ്റവും സുന്ദര നിമിഷങ്ങൾ.
(ജനീവയിലെ വി. കാതറിൻ)

## 4. പീഡാനുഭവ ധ്യാന ദിവ്യകാരുണ്യകൊന്ത

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ.

1 സ്വർഗ്ഗ., 1 നന്മ.

വിശ്വാസപ്രമാണം

### ഒന്നാം രഹസ്യം

ഈശോ തന്റെ പീഡാസഹനങ്ങളെ മുഴുവൻ ആന്തരികമായി അനുഭവിച്ച് പെസഹാ രഹസ്യത്തിന്റെ കൗദാശികാനുസ്മരണമായ വിശുദ്ധ കുർബാന അന്ത്യ അത്താഴ വേളയിൽ സ്ഥാപിക്കുന്നു.

വചന വായന (ലൂക്കാ 22, 14-23) ധ്യാനം.

നിത്യപിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായി ഞങ്ങളുടെ നാഥനും രക്ഷകനും അങ്ങേ പ്രിയപുത്രനുമായ ഈശോ മിശിഹായുടെ തിരുശരീരവും, തിരുരക്തവും, ആത്മാവും, ദൈവത്വവും അങ്ങേക്ക് ഞങ്ങൾ കാഴ്ച വയ്ക്കുന്നു. (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെയും, അമൂല്യമായ തിരുശരീരരക്തങ്ങളെയുംക്കുറിച്ച് ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ. (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ ഞങ്ങളുടെയും

ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ. (3 പ്രാവശ്യം)

## രണ്ടാം ദിവ്യരഹസ്യം

ഈശോ ഗത്സെമനിൽ പ്രാർത്ഥിക്കുന്നു: അവർണ്ണനീയമായ ആന്തരികവ്യഥകളാൽ അവിടുന്ന് രക്തം വിയർക്കുന്നു.

വചന വായന (മത്താ 26, 36–46) (ലൂക്കാ 22, 39–46) ധ്യാനം.

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

## മൂന്നാം രഹസ്യം

ഈശോയെ, യൂദാസ് ചുംബനത്തിലൂടെ ഒറ്റിക്കൊടുക്കുന്നു. ശിഷ്യന്മാർ ഈശോയെ ഉപേക്ഷിച്ചോടുന്നു, പടയാളികൾ അവിടുത്തെ ബന്ധിച്ച് വലിച്ചിഴച്ചുകൊണ്ടുപോകുന്നു.

വചന വായന (മത്താ 14, 43–52) ധ്യാനം.

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

## നാലാം രഹസ്യം

ഈശോ വിചാരണ ചെയ്യപ്പെടുകയും; അവഹേളിക്കപ്പെടുകയും; പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു.

വചന വായന (മർക്കോ 14, 53; 15, 15) (ലൂക്കാ 22, 63; 23, 25) ധ്യാനം.

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

## അഞ്ചാം രഹസ്യം

ഈശോയുടെ ദിവ്യശരീരം ചമ്മട്ടിയടികളാൽ പിച്ചിച്ചീന്തപ്പെടുന്നു.

വചന വായന (ലൂക്കാ 23, 13-23) ധ്യാനം

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

## ആറാം രഹസ്യം

ഈശോയെ, മുൾമുടി ധരിപ്പിച്ച് പരിഹാസ രാജാവായി നിന്ദിക്കുന്നു.

വചന വായന (മത്താ 27, 27-31) ധ്യാനം

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

### ഏഴാം രഹസ്യം

ഈശോ ഭാരമേറിയ കുരിശും വഹിച്ച് കാൽവരിയിലേക്കു യാത്ര ചെയ്യുന്നു.

വചന വായന (ലൂക്കാ 23, 26–31) ധ്യാനം

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

### എട്ടാം രഹസ്യം

ഈശോയുടെ തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത ശേഷം അവിടുത്തെ കുരിശിൽ തറയ്ക്കുന്നു.

വചന വായന (യോഹ 19, 17–27) ധ്യാനം

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

## ഒമ്പതാം രഹസ്യം

ഈശോ കുരിശിൽ അതികഠോരമായ പീഡകള നുഭവിച്ച് മരിക്കുന്നു.

വചന വായന (യോഹ 19, 28-37) (ലൂക്കാ 23, 32-49) ധ്യാനം

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

## പത്താം രഹസ്യം

ഈശോയുടെ തിരുശരീരം കുരിശിൽ നിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തുന്നു, ഈശോയെ, കല്ലറ യിൽ സംസ്കരിക്കുന്നു.

വചന വായന (യോഹ 19, 38-42) ധ്യാനം

നിത്യപിതാവേ..... (1 പ്രാവശ്യം)

ഈശോയുടെ അതിദാരുണമായ ..... (10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ...... (3 പ്രാവശ്യം)

ധനികന്റെ പടിവാതിലിലെ ദരിദ്രനെപ്പോലെ ഭിഷഗ്വരന്റെ
മുമ്പിലെ രോഗിയെപ്പോലെ നീർച്ചാലിനരികിലെ
ദാഹാർത്തനെപ്പോലെ ഞാൻ ദിവ്യകാരുണ്യത്തിൻ
മുമ്പിലായിരിക്കും.
(വി. ഫ്രാൻസിസ്)

## 5. വൈദികർക്കായുള്ള തിരുരക്ത സമർപ്പണം (പരിഹാരക്കൊന്ത)

1. സ്വർഗ 1. നന്മ. 1. ത്രിത്വ.

വിശ്വാസപ്രമാണം

വലിയ മണികളിൽ

നിത്യപിതാവേ, എന്റെയും അവിടുത്തെ എല്ലാ വൈദികരുടെയും പാപങ്ങൾക്കു പരിഹാരമായി, അവിടുത്തെ പ്രിയ പുത്രനും കളങ്കമോ ചുളിവോ ഇല്ലാത്ത കുഞ്ഞാടും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും, ആത്മാവും, ദൈവത്വവും ഞങ്ങൾ അങ്ങേക്ക് കാഴ്ചവയ്ക്കുന്നു.

ചെറിയ മണികളിൽ

ഈശോയെ, അവിടുത്തെ അമൂല്യ തിരുശരീരരക്തത്താൽ, അവിടുത്തെ വൈദികരെ ശുദ്ധീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യണമെ.

ഓരോ ദശകത്തിന്റെയും അവസാനം

സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകാരണമായ എന്റെ പിതാവേ,

അവിടുത്തെ എല്ലാ വൈദികരോടും കരുണയായിരിക്കണമെ. കുഞ്ഞാടിന്റെ രക്തത്താൽ അവരെ കഴുകണമെ.

രക്തസാക്ഷിത്വം വിശുദ്ധ കുർബാനയ്ക്കുമുമ്പിൽ ഒന്നുമല്ല.
കാരണം അത് മനുഷ്യൻ ദൈവത്തിനർപ്പിക്കുന്ന ബലിയാണ്.
എന്നാൽ ദിവ്യകാരുണ്യം മനുഷ്യനുവേണ്ടി ദൈവം
ബലിയർപ്പിക്കപ്പെട്ടതാണ്.
(വി. ജോൺ മരിയ വിയാനി)

## 6. വി. കുർബാനയ്ക്കുമുമ്പിൽ പരിഹാരജപം

സർവ്വേശ്വരൻ/വാഴ്ത്തപ്പെട്ടവനാകട്ടെ.
അങ്ങയുടെ തിരുനാമം/വാഴ്ത്തപ്പെട്ടതാകട്ടെ
സത്യമായ ദൈവവും സത്യമായ
മനുഷ്യനുമായിരിക്കുന്ന ഈശോമിശിഹാ/
വാഴ്ത്തപ്പെട്ടവനാകട്ടെ.
ഈശോയെന്ന തിരുനാമം/ വാഴ്ത്തപ്പെട്ടതാകട്ടെ
അങ്ങേ അമൂല്യ തിരുരക്തം/ വാഴ്ത്തപ്പെട്ടതാകട്ടെ.
പീഠത്തിൻമേൽ വിശുദ്ധകുർബാനയിൽ
എഴുന്നള്ളിയിരിക്കുന്ന ഈശോ/
വാഴ്ത്തപ്പെട്ടവനാകട്ടെ.
ദൈവത്തിന്റെ മാതാവായ എത്രയും
പരിശുദ്ധമറിയം/വാഴ്ത്തപ്പെട്ടവളാകട്ടെ.
തന്റെ പരിശുദ്ധഅമലോത്ഭവം/
വാഴ്ത്തപ്പെട്ടതാകട്ടെ
മഹത്ത്വമേറിയ അങ്ങേ സ്വർഗ്ഗാരോപണം/
വാഴ്ത്തപ്പെട്ടതാകട്ടെ.
കന്യകയും മാതാവുമായ മറിയത്തിന്റെ
തിരുനാമം/വാഴ്ത്തപ്പെട്ടതാകട്ടെ.
തന്റെ വിരക്തഭർത്താവായ
വിശുദ്ധ യൗസേപ്പ്/വാഴ്ത്തപ്പെട്ടവനാകട്ടെ.
സർവ്വേശ്വരൻ തന്റെ മാലാഖമാരിലും
പരിശുദ്ധൻമാരിലും/വാഴ്ത്തപ്പെട്ടവനാകട്ടെ.

ആമ്മേൻ.

സക്രാരിയെ സമീപിക്കുമ്പോൾ ഓർക്കുക; രണ്ടായിരം
വർഷങ്ങളായി നിന്നെ കാത്തിരിക്കുന്ന പ്രണയമാണവൻ.
(വി. ജോസ് മരിയ എസ്ക്രിവ)

## 7. ദിവ്യകാരുണ്യ പരിഹാരജപം

### വി. ഫൗസ്റ്റീന

ഞങ്ങൾക്കും പ്രത്യേകിച്ച് കഠിനപാപികൾക്കും വേണ്ടിയുള്ള ദൈവകരുണയുടെ ഭരണപത്രിക അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങൾക്കും, പ്രത്യേകിച്ച് കഠിനപാപികൾക്കും വേണ്ടിയുള്ള അനന്തമായ കരുണയുടെ അടയാളമായ കർത്താവീശോയുടെ ശരീരവും രക്തവും അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങൾക്കും, പ്രത്യേകിച്ച് കഠിനപാപികൾക്കും വേണ്ടി സമൃദ്ധമായി വർഷിക്കുന്ന അനന്തകരുണയും നിത്യജീവനും അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങളോടും, പ്രത്യേകിച്ച് കഠിനപാപികളോടുമുള്ള പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കരുണ അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങളുടെയും, പ്രത്യേകിച്ച് കഠിനപാപികളുടെയും എല്ലാ കടങ്ങൾക്കും പരിഹാരമായ കരുണയുടെ അമൂല്യത അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങൾക്കും പ്രത്യേകിച്ച് കഠിനപാപികൾക്കും വേണ്ടിയുള്ള ദൈവകരുണയുടെ അഗാധതയിൽനി

ന്നെന്നപോലെ നിത്യപിതാവിന്റെ മാർവിടത്തിൽനിന്നു ജ്വലിച്ചുയരുന്ന നിർമ്മലസ്നേഹാഗ്നി അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങൾക്കും, പ്രത്യേകിച്ച് കഠിനപാപികൾക്കും വേണ്ടി അവിടുത്തെ അനന്തമായ കരുണയിലൂടെ ദൈവവും ഞങ്ങളുമായുള്ള ഐക്യം അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങളോടും പ്രത്യേകിച്ച് കഠിനപാപികളോടും ഈശോയുടെ ഏറ്റവും മാധുര്യമേറിയ തിരുഹൃദയത്തിനുള്ള എല്ലാ വികാരങ്ങളും അടങ്ങിയിരിക്കുന്ന ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ജീവിതത്തിലെ എല്ലാ സഹനങ്ങളിലും പ്രതികൂലങ്ങളിലും ഞങ്ങൾക്കുള്ള ഏക പ്രതീക്ഷയായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ബാഹ്യവും ആന്തരികവുമായ പ്രക്ഷുബ്ധതയുടെയും അന്ധകാരത്തിന്റെയും മദ്ധ്യേ ഞങ്ങളുടെ ഏക പ്രതീക്ഷയായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ജീവിതത്തിലും മരണവിനാഴികയിലും ഞങ്ങളുടെ ഏക ആശ്രയമായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

പ്രതികൂലങ്ങളുടെയും നിരാശയുടെ കുത്തൊഴുക്കിന്റെയും മദ്ധ്യേ ഞങ്ങളുടെ ഏക ആശ്രയമായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

വഞ്ചനയുടെയും അസത്യത്തിന്റെയും മദ്ധ്യേ ഞങ്ങളുടെ ഏക ആശ്രയമായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഭൂമിയെ ഗ്രസിച്ചിരിക്കുന്ന അന്ധകാരത്തിന്റെയും നിരീശ്വരത്വത്തിന്റെയും മദ്ധ്യേ ഞങ്ങളുടെ ഏക പ്രതീക്ഷയായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ആർക്കും മനസ്സിലാക്കാനാവാത്ത വേദനകളിലും അഭിലാഷങ്ങളിലും ഞങ്ങളുടെ ഏക പ്രതീക്ഷയായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

അനുദിനജീവിതത്തിലെ വിരസതയിലും കഷ്ടപ്പാടുകളിലും ഞങ്ങളുടെ ഏക പ്രതീക്ഷയായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ഞങ്ങളുടെ പ്രയത്നങ്ങളുടെയും പ്രതീക്ഷകളുടെയും തകർച്ചകളുടെയും മദ്ധ്യേ ഏക ആശ്രയമായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ശത്രുക്കളുടെ ആക്രമണങ്ങളുടെയും നാരകീയ പ്രവർത്തനങ്ങളുടെയും മദ്ധ്യേ ഞങ്ങളുടെ ഏക ആശ്രയമായ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

എന്റെ ശക്തിക്കതീതമായ ഭാരത്താൽ വലയുമ്പോഴും, എന്റെ പ്രയത്നങ്ങൾ ഫലരഹിതമായിത്തോന്നുമ്പോഴും; ഓ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

അസ്വസ്ഥതകളാൽ എന്റെ ഹൃദയം പ്രക്ഷുബ്ധ

മാകുമ്പോഴും, ഭീതിപൂണ്ട എന്റെ ആത്മാവ് നിരാശയി ലേക്കു കൂപ്പുകുത്തുമ്പോഴും; ഓ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

എന്റെ ഹൃദയം വിറകൊള്ളുമ്പോഴും, മരണവി യർപ്പ് എന്റെ നെറ്റിയെ നനയ്ക്കുമ്പോഴും, ഓ ദിവ്യ കാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

എല്ലാവരും എനിക്കെതിരായി ഗൂഢാലോചന നട ത്തുമ്പോഴും എന്റെ ആത്മാവിലേക്കു കടുത്ത നിരാശ ഇഴഞ്ഞുവരുമ്പോഴും; ഓ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

പ്രപഞ്ച വസ്തുക്കൾ എന്റെ കണ്ണിൽനിന്ന് അദൃ ശ്യമാകുകയും, എന്റെ ആത്മാവ് അജ്ഞാതമായ ലോക ങ്ങൾ ആദ്യമായി ദർശിക്കുകയും ചെയ്യുമ്പോൾ; ഓ ദിവ്യ കാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

ജോലികൾ എന്റെ ശക്തിക്കതീതവും, പ്രതികൂല ങ്ങൾ എന്റെ അനുദിനഭോജ്യവും ആകുമ്പോൾ; ഓ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

പുണ്യാഭ്യാസം എനിക്ക് ആയാസകരവും, നിഷേ ധിയായി ഞാൻ മാറുകയും ചെയ്യുമ്പോൾ; ഓ ദിവ്യ കാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

എനിക്കെതിരെ എതിർപ്പുകൾ വരുമ്പോൾ; ഓ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

എന്റെ പ്രയത്നങ്ങളെയും അദ്ധ്വാനങ്ങളെയും മറ്റു ള്ളവർ തെറ്റിദ്ധരിക്കുമ്പോൾ; ഓ ദിവ്യകാരുണ്യമേ, ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു.

അങ്ങയുടെ വിധിവാചകം എന്നിൽ പ്രതിധ്വനിക്കു

മ്പോൾ; ഓ ദിവ്യകാരുണ്യമേ, ഞാൻ അങ്ങിൽ ശരണപ്പെടുന്നു; അപ്പോൾ ഞാൻ അങ്ങേ കരുണക്കടലിൽ ശരണപ്പെടും.

നീ ദിവ്യകാരുണ്യമാണ്. ഞങ്ങളുടെ ഭക്ഷണവും വസ്ത്രവും
നീയാണ്. സമ്പത്തും സങ്കേതവും നീയാണ്. ഞങ്ങളുടെ
രോഗത്തിന് ഔഷധവും സാത്താനെ തുരത്തുന്ന പടവാളും നീ.
നീയാണ് ഞങ്ങളുടെ എല്ലാമെല്ലാം.
(വി. പീറ്റർ ജൂലിയൻ എയ്മാർഡ്)

# II. ദിവ്യകാരുണ്യ സ്ലീവാപാത

**ഗാനം**

കുരിശിന്റെ പാതയിൽ ഈശോയോടൊപ്പം
ഞാനെന്റെ കുരിശുമായ് നീങ്ങും
അനുദിനമൾത്താര ബലിയിലെൻ ജീവിതം
നാഥനു കാഴ്ചയായേകും
സ്നേഹപാരമ്യത്തിൽ ജീവനെ ഹോമിച്ച
വിശ്വൈക രക്ഷകനീശോ
സ്നേഹത്തിൻ ദാനമായ് ജീവിക്കും ബലിയായ്
കുരിശിന്റെ പാത ഞാൻ പുൽകാം.

**ആമുഖ പ്രാർത്ഥന**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, മാനവകുലത്തിന്റെ പാപമോചനത്തിനും രക്ഷയ്ക്കുമായി ഈശോമിശിഹാ തന്നെത്തന്നെ അർപ്പിച്ച തിരുബലിയിൽ പങ്കു ചേർന്നുകൊണ്ട് അവിടുത്തെ നിണമണിഞ്ഞ കാൽപ്പാടുകൾ പിൻചെല്ലാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കുരിശിന്റെ പാതയിൽ ഈശോയെ ശക്തിപ്പെടുത്തി നയിച്ച പരിശുദ്ധാത്മാവിന്റെ സഹായം ഞങ്ങൾ അപേക്ഷിക്കുന്നു. പുത്രനോടൊപ്പം ദുസ്സഹമായ പീഡകൾ അനുഭവിച്ച് മനുഷ്യവർഗ്ഗത്തിന്റെ മാതാവായിത്തീർന്ന പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു. ഈ പീഡാനുഭവ ധ്യാനത്തിലൂടെ യഥാർത്ഥമായ മാനസാന്തരത്തിലേക്കും മിശി

ഹായോടൊപ്പം കുരിശു വഹിക്കുന്ന ബലി ജീവിതത്തിലേക്കും ഞങ്ങളെ നയിക്കണമേ.

ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമായ വിശുദ്ധ കുർബാന ഈശോയോടൊപ്പമുള്ള കുരിശിന്റെ യാത്രയാണ്. മിശിഹായുടെ ജീവിതം മുഴുവൻ സജീവമായും കൃപാദായകമായും സന്നിഹിതമാക്കപ്പെടുന്ന ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ട് പീഡാസഹനത്തിന്റെ രക്ഷാകര ഫലങ്ങൾ ഏറ്റവും പൂർണമായി നാമുൾക്കൊള്ളുന്നു.

കാൽവരിയോളം ഞങ്ങളെ സ്നേഹിച്ച ഞങ്ങളുടെ ദയ നിറഞ്ഞ രക്ഷകാ, നിന്റെ രക്ഷാദായകമായ പീഡാനുഭവങ്ങളെ ഹൃദയത്തിൽ ധ്യാനിക്കാനും നിന്റെ സഹനങ്ങളിൽ ആത്മനാ പങ്കുചേരാനും ഞങ്ങളുടെ പാപങ്ങളോർത്ത് പശ്ചാത്തപിച്ചുകൊണ്ട് നവജീവന്റെ കൃപയുൾക്കൊള്ളാനും ഞങ്ങളെ സഹായിച്ചനുഗ്രഹിക്കണമേ. അതുവഴി, പീഡാസഹനത്തിന്റെ സജീവയനുസ്മരണമായ വിശുദ്ധ കുർബാനയിൽ തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൂടെ പങ്കുകൊള്ളാനും ഞങ്ങളെ ശക്തരാക്കണമേ.

കർത്താവേ, അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## ഒന്നാം സ്ഥലം

### ഈശോ മിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു

ഈശോ മിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

മനുഷ്യമനസ്സിന് സങ്കല്പിക്കാൻപോലും കഴിയാത്ത ഗത്സമെനിലെ ആന്തരിക വ്യഥകളും, യൂദാസിന്റെ ചുംബനവും, പടയാളികളുടെ ചമ്മട്ടിയടികളും, പരിഹാസങ്ങളും, മുൾമുടി തറയ്ക്കലുമെല്ലാം വിവശമാക്കിയ മനസ്സും ശരീരവുമായി നിന്ന ഈശോയെ നോക്കി പീലാത്തോസ് പറഞ്ഞു: "ഇതാ മനുഷ്യൻ." ഈശോ നിഷ്കളങ്കനാണെന്ന് ആവർത്തിച്ച് പ്രഖ്യാപിച്ചശേഷം അയാൾ അവിടുത്തെ മരണത്തിന് വിധിക്കുന്നു.

അന്ത്യഅത്താഴത്തിൽ വിശുദ്ധ കുർബാന സ്ഥാപിച്ച വേളയിൽ തന്റെ പീഡാനുഭവത്തെ മുഴുവൻ ആന്തരികമായി ഉൾക്കൊണ്ടും, അനുഭവിച്ചും നാഥൻ പറഞ്ഞു. "നിങ്ങൾക്കു വേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരം; അനേകർക്കായി ചിന്തപ്പെടുന്ന എന്റെ രക്തം." അനന്ത സ്നേഹത്തിന്റെ നിറവിൽ, മനുഷ്യപാപമോചനാർത്ഥം അവിടുന്ന് തന്റെമേൽത്തന്നെ മരണവിധി ഉച്ചരിച്ചു കഴിഞ്ഞിരുന്നു. ഓരോ വിശുദ്ധ ബലിയും ഈ മരണവിധിയുടെ പൂർത്തീകരണമാണ്. ഓരോ മനുഷ്യനും അജ്ഞാതമായ ഭാവിയിൽ യാഥാർത്ഥ്യമാകാനിരിക്കുന്ന മൃതിയുടെ വിധിയും പേറിയാണ് ജീവി

ക്കുന്നത്. വിശുദ്ധ അപ്പസ്തോലൻ പറയുന്നു, "ഞങ്ങളുടെ മർത്യശരീരത്തിൽ ഈശോയുടെ ജീവൻ പ്രത്യക്ഷമാകേണ്ടതിനു ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ ഈശോയെ പ്രതി സദാ മരണത്തിന് ഏൽപ്പിക്കപ്പെടുന്നു" (2 കോറി 4,11).

മനുഷ്യരക്ഷയ്ക്കായി മരണം വരിക്കാൻ ലോകത്തിലവതരിച്ച മിശിഹായേ, അന്യായമായ മരണവിധിയും പിതൃഹിത പൂർത്തീകരണത്തിന്റെ വഴിയായി അങ്ങ് സ്വീകരിച്ചതുപോലെ, സഹോദരങ്ങളിലൂടെ ഞങ്ങളും ഏറ്റെടുക്കേണ്ടി വരുന്ന നീതിരഹിതമായ വിധി തീർപ്പുകളും ദുരിതാനുഭവങ്ങളും വിശ്വാസ വീക്ഷണത്തോടെ അങ്ങയോടു ചേർന്ന് സ്വീകരിക്കാൻ കൃപ നൽകണമേ. ലോകത്തിനും ജഡത്തിനും പാപത്തിനും മരിച്ച് മരണഭയമില്ലാതെ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ രക്ഷാകര മരണത്തിന്റെ ഓർമയാഘോഷമായ വിശുദ്ധ ബലിയിൽ വലിയ ആഗ്രഹത്തോടും തീക്ഷ്ണതയോടും കൂടെ അണയുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## രണ്ടാം സ്ഥലം

### ഈശോമിശിഹാ കുരിശു ചുമക്കുന്നു

ഈശോ മിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

ശത്രുകരങ്ങളിൽ നിന്നെന്നതിലും പിതൃകരങ്ങളിൽനിന്നും ഈശോ കുരിശിനെ ഏറ്റുവാങ്ങുന്നു. ഭൂലോക പാപങ്ങളുടെ ഭാരം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. തനിക്ക് ബലിയാകാനുള്ള വിറകുകെട്ടും വഹിച്ചുകൊണ്ട് മോറിയാ മല കയറുന്ന ഇസഹാക്കിനെപ്പോലെ, തന്റെ യാഗപീഠവും ചുമന്നു ശത്രുക്കൾക്ക് മധ്യേ, സഹതപിക്കാനോ സഹായിക്കാനോ ആരുമില്ലാതെ, ക്ഷീണിതനും പരിത്യക്തനുമായി നീങ്ങുന്ന ദൈവപുത്രൻ. "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്." (ഏശ 53, 3-4)

പിതാവിനോടുള്ള സ്നേഹവും മനുഷ്യരക്ഷയ്ക്കായുള്ള ദാഹവും മൂലം ഗത്സെമനിൽ വച്ചുതന്നെ പിതൃഹിതമായ കുരിശിനെ സ്വമനസ്സാ നാഥൻ ഏറ്റുവാങ്ങി. "എന്റെ ഇഷ്ടമല്ല അവിടുത്തെ ഹിതം നിറവേറട്ടെ." (ലൂക്കാ 22, 42) തന്നെ അനുഗമിക്കുന്നവരും സ്വയം

ത്യജിച്ചു കുരിശുമെടുത്തു തന്നെ അനുഗമിക്കണമെന്ന് അവിടുന്ന് കല്പിച്ചു. പെസഹാ രഹസ്യം തന്നെയായ വിശുദ്ധ കുരിശിന്റെ കൗദാശികമായ ആചരണമാണ് വിശുദ്ധ കുർബാന. അനുദിന കുരിശും പേറിയാണ് നാം ദിവ്യബലിക്ക് അണയേണ്ടത്. അതാണ് വിശുദ്ധ കുർബാനയിലെ കാഴ്ചവസ്തു. ബലി വസ്തുക്കളും വഹിച്ച് കാർമ്മികൻ ബലിപീഠത്തിലേക്ക് വരുന്നത് മിശിഹായുടെ കാൽവരി യാത്രയുടെ ഓർമയാണ്.

ദിവ്യഈശോയേ, ജീവിതത്തിലെ കുരിശനുഭവങ്ങളുടെ മറുതലയ്ക്കൽ മനുഷ്യനെയും മറ്റു ശക്തികളെയും കാണാതെ പിതൃകരവും ഹിതവും ദർശിക്കാനുള്ള വിശ്വാസ വെളിച്ചം തരേണമേ. സ്ലീവായെ മാറ്റി നിർത്തി ക്രൈസ്തവജീവിതമില്ല എന്ന സത്യം ഞങ്ങളിൽ ഉറപ്പിക്കണമേ. ജീവിതത്തിലെ സഹനങ്ങളെ അനുദിന ബലിയിലെ കാഴ്ചദ്രവ്യങ്ങളാക്കിത്തീർക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## മൂന്നാം സ്ഥലം

### ഈശോമിശിഹാ ഒന്നാം പ്രാവശ്യം കമിഴ്ന്നു വീഴുന്നു

ഈശോ മിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

മുൾമുടി ധാരണവും പീഡനങ്ങളും വഴി രക്തം വാർന്നൊഴുകി അവശനായ ഈശോ കുരിശുമായി ഒന്നാം പ്രാവശ്യം വീഴുന്നു. ആർത്തു പരിഹസിക്കുന്ന ജനം, നിർദയമായി പ്രഹരിക്കുന്ന പടയാളികൾ, അവിടുത്തേക്കായി നിലകൊള്ളാനാരുണ്ട്?

കുരിശിന്റെ വഴി ഇടുങ്ങിയതും, തെറ്റി വീഴുന്നതും, പീഡകൾ നിറഞ്ഞതുമാണെന്ന് ഈശോയുടെ വീഴ്ച ഓർമ്മപ്പെടുത്തുന്നു. തിരുവചനം പറയുന്നു: "മിശിഹായിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെ പ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു" (ഫിലി 1, 29). "പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. മിശിഹായുടെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ" (1 പത്രോ 4, 12-13). പൗലോസ് ശ്ലീഹാ ഏറ്റുപറയുന്നു "അതുകൊണ്ട് ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ മിശിഹായെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ, ബലഹീനനായിരിക്കു

മ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്" (2 കോറി 12, 10). കുരിശു വഹിക്കാനുള്ള ശക്തിയും കുറ്റങ്ങൾക്ക് പൊറുതിയും സ്വീകരിക്കാൻ കൂടിയാണ് നാം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നത്. നമ്മുടെ വീഴ്ചകളും അവിശ്വസ്തതകളും ഏറ്റുപറഞ്ഞ് അനുതപിച്ച്, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനഃസാക്ഷിയോടും കൂടെ ഓരോ വിശുദ്ധ ബലിയിലും നാം പങ്കുചേരണം.

ദിവ്യഈശോയേ, ഞങ്ങളുടെ കുറവുകളെയും വീഴ്ചകളെയും അംഗീകരിക്കാനുള്ള എളിമയും പാപവഴികളെ വെറുത്തുപേക്ഷിക്കാനുള്ള ശക്തിയും ഞങ്ങൾക്കു തരണമേ. പ്രലോഭനങ്ങളിലും, പരാജയങ്ങളിലും നിരാശപ്പെടാതെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർത്തിയിലെത്തിക്കുന്നവനുമായ അങ്ങയിൽ കണ്ണുകളുറപ്പിച്ച് സ്ഥിരോത്സാഹത്തോടെ ഓരോ വിശുദ്ധ കുർബാനയിലും അണയാനും ഭക്തിയോടും, ശ്രദ്ധയോടും, വിശുദ്ധിയോടും കൂടെ ബലിയർപ്പിക്കാനും ഞങ്ങളെ സഹായിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## നാലാം സ്ഥലം

## ഈശോ വഴിയിൽ വച്ച് തന്റെ ദിവ്യമാതാവിനെ കാണുന്നു

ഈശോ മിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

ചെന്നായ്ക്കളുടെ ഇടയിൽപ്പെട്ട കുഞ്ഞാടിനെപ്പോലെ ഭാരമേറിയ കുരിശും പേറി നടന്നു നീങ്ങുന്ന ഈശോ, തന്നെ ഈ ഭൂമിയിൽ ഏറ്റവും തീവ്രമായി സ്നേഹിച്ച തന്റെ അമ്മയെ കാണുന്നു. സഹനസാഗരങ്ങൾ ഇവിടെ ഒന്നുചേരുന്നു. കരളലിയിക്കുന്ന നിമിഷങ്ങൾ. കുരിശിലൂടെ ലോകത്തെ രക്ഷിക്കേണ്ടവനാണ് തന്റെ മകൻ എന്നറിഞ്ഞിരുന്ന പരിശുദ്ധ അമ്മ, ഹൃദയം പിളരുന്ന നിമിഷങ്ങളിലും, തന്റെ മാനുഷിക വികാരങ്ങൾക്കടിപ്പെട്ട് ഈശോയെ കുരിശിന്റെ വഴിയിൽനിന്നും പിന്തിരിപ്പിക്കാതെ, പിതൃഹിതത്തോടു ചേർന്ന് തന്റെ പുത്രനെ അനുഗമിക്കുന്നു. കുരിശിന്റെ വഴിയിൽ അമ്മയുടെ സാന്നിധ്യം ഈശോയ്ക്ക് താങ്ങും തണലും ബലവുമായി.

സഹനാനുഭവങ്ങളിൽ ഒരിക്കലും അകലാത്ത സാന്നിധ്യവും സാന്ത്വനവുമായി തന്റെ മക്കളോടൊപ്പം എന്നും പരിശുദ്ധ അമ്മയുണ്ട്. ഈശോയുടെ രക്ഷാകര ജീവിതത്തിലുടനീളം അമ്മ ഉണ്ടായിരുന്നതുപോലെ, ബലിയിലേക്കും, ബലിയിലും, ബലിയിൽനിന്നുമുള്ള നമ്മുടെ ജീവിതത്തിലും അമ്മയുണ്ടാവണം.

പുത്രന്റെ ബലിയിൽ ഏറ്റവും പൂർണമായി പങ്കുചേർന്ന പരിശുദ്ധ മാതാവിനോട് ചേർന്ന് അമ്മയുടെ മനോഭാവങ്ങളോടെ നാമും ദിവ്യബലിയർപ്പിക്കണം.

പരിശുദ്ധ അമ്മേ, ശരണം കെട്ടവരുടെ ആശ്രയമേ, എല്ലാവരും തെറ്റിദ്ധരിക്കുമ്പോഴും ഉപേക്ഷിക്കുമ്പോഴും അമ്മ കൂടെയുണ്ടാകണമേ. ഞങ്ങളുടെ ബന്ധങ്ങൾ ദൈവിക പദ്ധതിയിൽ നിന്ന് ഞങ്ങളെ വ്യതിചലിപ്പിക്കാതെ ദൈവത്തോട് അടുപ്പിക്കുന്നതാകട്ടെ. വിശുദ്ധ ബലിപീഠത്തിങ്കൽ അമ്മയുടെ സാന്നിധ്യം സജീവമായി അനുഭവിക്കാൻ ഞങ്ങൾക്ക് അനുഗ്രഹം വാങ്ങിതരണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## അഞ്ചാം സ്ഥലം

### ശിമയോൻ ഈശോയെ സഹായിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

മൃതപ്രായനായ നാഥൻ ഭാരമേറിയ കുരിശും ചുമന്ന് കാൽവരി മലയിൽ എത്തുകയില്ലെന്നു ഭയപ്പെട്ട പടയാളികൾ ആ വഴി വന്ന കിറേനേക്കാരൻ ശിമയോനെ സഹായത്തിനായി നിർബന്ധിക്കുന്നു. ഈശോ വഹിച്ച കുരിശു ചുമക്കാൻ ഭാഗ്യം ലഭിച്ച ശിമയോൻ എത്ര അനുഗൃഹീതൻ. അപ്രതീക്ഷിതമായും സ്വന്തം ഇഷ്ടത്തിനു വിപരീതമായും സംഭവിച്ചത് ശിമയോന് അളവറ്റ അനുഗ്രഹമായി.

അൾത്താരയിലേക്കും അൾത്താരയിൽ നിന്നുമുള്ള നമ്മുടെ ജീവിതം "പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് മിശിഹായുടെ നിയമം പൂർത്തിയാക്കുന്നതാകണം" (ഗലാ 6,2). ഇപ്രകാരമുള്ള ജീവിതമാണ് അനുദിന ബലിയിൽ ദൈവത്തിന് പ്രീതികരമായ കാണിക്കയായി മാറേണ്ടത്. സ്നേഹജീവിതത്തിനുള്ള ശക്തിയും ദിവ്യബലിയിൽനിന്നാണ് നാം ആർജിക്കുന്നത്. നിത്യവിരുന്നിലേക്ക് സ്വീകരിക്കപ്പെടാനുള്ള യോഗ്യത ശിമയോനെപ്പോലെയും നല്ല സമറിയാക്കാരനെപ്പോലെയും സഹോദരങ്ങളുടെ ഭാരം വഹിക്കുന്നതാണെന്ന് അന്ത്യവിധിയെക്കുറിച്ചുള്ള പ്രബോധനത്തിൽ ഈശോ ഓർമ്മപ്പെടുത്തുന്നുണ്ട്.

ദിവ്യഈശോയേ, ജീവിതവഴിയിൽ കുരിശുപേറി തളരുന്നവരിൽ അങ്ങയെ കാണാനുള്ള കണ്ണും സഹായിക്കാനുള്ള കരുണാർദ്ര ഹൃദയവും ഞങ്ങൾക്ക് നൽകണമേ. പ്രതീക്ഷകൾക്ക് വിപരീതമായി സംഭവിക്കുന്നവയിലും അങ്ങേ പരിപാലനയുടെ കരം ദർശിക്കാനും, എല്ലാം ഉപരിനന്മയ്ക്കായി ഭവിക്കുമെന്ന പ്രത്യാശയിൽ വളരാനും സഹായിക്കണമേ. ക്രിസ്തീയ ജീവിതകേന്ദ്രമായ വിശുദ്ധ കുർബാനയോട് ചേർത്ത് ജീവിതം മുഴുവനെയും വിശുദ്ധീകരിക്കാനുള്ള കൃപയും തരണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## ആറാം സ്ഥലം

### ഭക്തയായ വേറോനിക്ക ഈശോമിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

മനുഷ്യരാൽ നിന്ദിക്കപ്പെടുകയും, ഉപേക്ഷിക്കപ്പെടുകയും ചെയ്തവനോട് സഹതാപം കാണിക്കുന്നതിലൂടെ സകലരുടെയും അവജ്ഞാപാത്രമാവുകയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ സ്നേഹത്താൽ പ്രേരിതയായി ക്രൂരരായ പടയാളികളുടെ മധ്യേ കൂടി വന്ന് മിശിഹായുടെ വികൃതമാക്കപ്പെട്ട തിരുമുഖം വേറോനിക്ക ഭക്തിപൂർവ്വം തുടയ്ക്കുന്നു. അവളുടെ സ്നേഹത്തിനു സമ്മാനമായി ഈശോ തന്റെ തിരുമുഖഛായ അവളുടെ തൂവാലയിൽ പതിച്ചു നൽകി.

ഞങ്ങളിലെ ദൈവികഛായ പാപത്താൽ മലിനമാകുമ്പോൾ അനുതാപം ഇല്ലാതെയും, അനേകം ആത്മാക്കൾ നിത്യമായി നശിക്കുമ്പോൾ ആത്മാക്കളുടെ രക്ഷയിൽ തീക്ഷ്ണത ഇല്ലാതെയും ജീവിക്കുന്നത് എത്രയോ നിർഭാഗ്യകരം!! വിശുദ്ധ കുമ്പസാരത്തിലൂടെ ദൈവം ആത്മാവിനെ കഴുകി വെടിപ്പാക്കുകയും വിശുദ്ധ കുർബാനയിലൂടെ തന്റെ സാദൃശ്യത്തിലേക്ക് അതിനെ വളർത്തുകയും ചെയ്യുന്നു. ഓരോ വിശുദ്ധ കുർബാന സ്വീകരണത്തിലും വെറോനിക്കയ്ക്ക് ലഭിച്ചതിനേക്കാൾ എത്രയോ വലിയ ഭാഗ്യ

ത്തിനാണ് നമ്മൾ അർഹരാകുന്നത്.

ദിവ്യഈശോയേ, അങ്ങേ മുഖം ഞങ്ങളിൽ വികൃതമാക്കുന്ന പാപത്തെ ഞങ്ങൾ വെറുത്തുപേക്ഷിക്കുന്നു. ആത്മാക്കളിൽ അങ്ങേ മുഖത്തിന്റെ സൗന്ദര്യം വീണ്ടെടുക്കുന്നതിനായി പ്രേഷിത തീക്ഷ്ണതയാൽ ഞങ്ങളെ നിറയ്ക്കണമേ. അപമാനവും നഷ്ടവും വകവയ്ക്കാതെ അങ്ങേ സഭയ്ക്കും അങ്ങയുടെ ഏറ്റവും എളിയ സഹോദരങ്ങൾക്കും വേണ്ടി നിലകൊള്ളാനുള്ള ആത്മധൈര്യം ഞങ്ങൾക്ക് നൽകണമേ. വിശുദ്ധ കുമ്പസാരത്തിലൂടെയും വിശുദ്ധ കുർബാനയിലൂടെയും അങ്ങേ തിരുമുഖം ഞങ്ങളിൽ കൂടുതൽ പ്രകാശിതമാക്കാൻ അനുഗ്രഹിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## ഏഴാം സ്ഥലം

### ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

തളർന്ന് അവശനായ ഈശോ മുന്നോട്ടു പോകുവാൻ കെൽപ്പില്ലാതെ രണ്ടാം പ്രാവശ്യവും മുഖം കുത്തി നിലത്തു വീഴുന്നു. എഴുന്നേൽക്കാൻ പോലും ത്രാണിയില്ലാതെ നിസ്സഹായനായി കിടക്കുന്ന നാഥനെ പടയാളികൾ നിർദയം വലിച്ചെഴുന്നേൽപ്പിക്കുന്നു. അസഭ്യവാക്കുകളാൽ അധിക്ഷേപിക്കുന്നു. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവിടുന്ന് മൗനമായി യാത്ര തുടരുന്നു.

സ്വയം ത്യജിച്ച് കുരിശുമെടുത്ത് മിശിഹായെ അനുഗമിക്കുന്ന ശിഷ്യത്വത്തിന്റെ യാത്രയിൽ രക്ഷയുടെയും മഹത്വത്തിന്റേയും ഏകപാതയായ കുരിശിൽനിന്നും ക്രൂശിതനിൽ നിന്നും അകറ്റുന്ന ആത്മീയ ശത്രുക്കൾക്കെതിരെ ജാഗ്രത പുലർത്താൻ നാഥൻ തന്റെ വീഴ്ചയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ ശ്ലീഹ പറയുന്നു, "പലരും മിശിഹായുടെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നുവെന്ന് പലപ്പോഴും നിങ്ങളോട് ഞാൻ പറഞ്ഞിട്ടുള്ളതുതന്നെ ഇപ്പോൾ കണ്ണീരോടെ ആവർത്തിക്കുന്നു" (ഫിലി 3,18). ആവർത്തിച്ചു പഠിപ്പിച്ചിട്ടും കുരിശിന്റെ വചനം മനസ്സിലാക്കാൻ കഴിയാതെ അവസാനം ഗുരുവിനെയും ഉപേക്ഷിച്ചോടുന്ന

ശ്ലീഹന്മാരും, ദിവ്യകാരുണ്യത്തിന്റെ മഹാരഹസ്യം ഉൾക്കൊള്ളാനാവാതെ മിശിഹായെ വിട്ടുപോകുന്ന ശിഷ്യരും നമുക്കുള്ള പാഠമാണ്. വിശുദ്ധ പൗലോസ് എഴുതുന്നു, "മിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" (ഗലാ 6,14). സ്വാർത്ഥ ത്യാഗത്തിന്റെയും തീവ്ര സ്നേഹത്തിന്റെയും പ്രതീകമായ കുരിശിനോട് ചേർന്ന് നിൽക്കുമ്പോഴാണ് നമ്മുടെ ജീവിതം സജീവ ബലിയായി മാറുന്നത്.

ദിവ്യഈശോയേ, ലോകത്തിന്റെ ആകർഷണങ്ങൾക്കും, ജഡത്തിന്റെ മോഹങ്ങൾക്കും അടിമപ്പെടാതെ, സാത്താന്റെ കെണികളെ തിരിച്ചറിഞ്ഞ് മുന്നേറാനുള്ള വിവേകം ഞങ്ങൾക്കു തരണമേ. സഹോദരങ്ങളുടെ വീഴ്ചയിൽ അവരെ വിധിക്കാതെ അവർക്കായി പ്രാർത്ഥിക്കുവാനുള്ള അനുഗ്രഹം നൽകണമേ. ഓരോ വിശുദ്ധ ബലിയർപ്പണത്തിലൂടെയും കുരിശിന്റെ പാതയിൽ പുതിയ ഉണർവ് ഉൾക്കൊള്ളാനും ആത്മാവും ജീവനുമായ അങ്ങയുടെ വചനം സ്വീകരിച്ച് വിശുദ്ധ സ്ലീവായിൽ അഭിമാനം കൊള്ളുന്നവരാകാനും ആവശ്യമായ കൃപയും വരവും ഞങ്ങളിൽ നിറയ്ക്കുകയും ചെയ്യണമേ.

കർത്താവേ, അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## എട്ടാം സ്ഥലം

## ഈശോമിശിഹാ ജറുസലേം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

വേദനയുടെ നിലയില്ലാക്കയത്തിൽ മുങ്ങിത്താഴുമ്പോഴും തന്റെ ദുഃഖങ്ങൾ മറന്ന് ജറുസലേം സ്ത്രീകളെ ആശ്വസിപ്പിക്കുന്ന ഈശോ നാഥൻ. "ജറുസലേം പുത്രിമാരേ എന്നെപ്പറ്റി നിങ്ങൾ കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും പ്രതി കരയുവിൻ. പച്ച മരത്തോടു അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും!!" (ലൂക്കാ 23,31)

മനുഷ്യവർഗ്ഗത്തിന്റെ പാപഭാരം പേറാൻ പിറന്നവനാണ് അവിടുന്ന്. മറ്റുള്ളവർക്ക് വേണ്ടി മാത്രമാണ് അവിടുന്ന് ജീവിച്ചതും, സഹിച്ചതും, മരിച്ചതും. ജീവന്റെ തന്ത്രികൾ പൊട്ടിത്തകരുന്ന കുരിശിലെ മരണവേദനകൾക്കിടയിലും മറ്റുള്ളവരെക്കുറിച്ചാണ് ഈശോ നൊമ്പരപ്പെട്ടത്. ജീവന്റെ ഓരോ തരിയിലും ദൈവമായ മിശിഹാ മനുഷ്യർക്കുവേണ്ടി മാത്രമാകുന്ന മഹാരഹസ്യമാണ് വിശുദ്ധ കുർബാന. "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ 6, 51). ദിവ്യകാരുണ്യത്തിൽ നാഥൻ നമ്മുടെ ദുഃഖങ്ങൾ ഏറ്റെടുക്കുന്നു, നമ്മെ ആശ്വസിപ്പിക്കുന്നു.

ദിവ്യഈശോയേ, ഞങ്ങളുടെ ജീവിതപ്രശ്നങ്ങളിലും, മുറിവുകളിലും മുഴുകിക്കഴിയാതെ ലോകരക്ഷയ്ക്കായുള്ള അങ്ങയുടെ സഹനങ്ങളിൽ പങ്കുചേരാനും സഹജീവികളെ സഹായിക്കാനും വേണ്ട ഔദാര്യവും സ്വയം മറക്കുന്ന സ്നേഹവും ഞങ്ങൾക്ക് നൽകണമേ. തിരുസക്രാരിയുടെ ഗത്സമെനിൽ ലോകപാപങ്ങളെ പ്രതി വ്യഥയനുഭവിക്കുന്ന നിന്നോടുകൂടെ ഉണർന്നിരിക്കാനും ഞങ്ങളെ ശക്തരാക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

“കുരിശിന്റെ പാതയിൽ” (നാലുവരി മാത്രം)

## ഒൻപതാം സ്ഥലം

### ഈശോമിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

ഒരടിയും മുന്നോട്ട് പോകാൻ ത്രാണിയില്ലാതെ നാഥൻ മൂന്നാം പ്രാവശ്യവും വീഴുന്നു. മനുഷ്യവർഗ്ഗത്തിന്റെ മോചനദ്രവ്യമായി തന്റെ ജീവിതമർപ്പിക്കാനുള്ള അത്യന്താശയോടെ അവിടുന്ന് വീണ്ടും എഴുന്നേൽക്കാൻ ശ്രമിക്കുന്നു. മൃഗത്തോടുപോലും കാണിക്കാത്ത ക്രൂരതയോടെ പടയാളികൾ അവിടുത്തെ വലിച്ചിഴയ്ക്കുന്നു. സ്വർഗ്ഗം കനിഞ്ഞേകിയ ശക്തിയോടെ നാഥൻ കാൽവരി ലക്ഷ്യമാക്കി നീങ്ങുന്നു.

പരമാവധി പരിശ്രമങ്ങൾക്കൊടുവിലും പരാജയപ്പെട്ടാലും, പ്രതീക്ഷയ്ക്ക് ഒട്ടും സാധ്യതയില്ലെന്നു തോന്നുന്ന വിധം പ്രശ്നങ്ങൾ എത്ര വലുതായാലും അവയിലൊന്നും നിരാശപ്പെടാതെ എഴുന്നേറ്റ് പ്രത്യാശയോടെ യാത്ര തുടരാൻ ഈശോയുടെ മൂന്നാംവട്ടമുള്ള വീഴ്ച നമ്മെ ശക്തരാക്കുന്നു. ഏറ്റവും വലിയ പാപിക്കും നിസ്സഹായനുമാണ് ദൈവകരുണയ്ക്കേറ്റവും അർഹതയുള്ളതെന്ന് ഒരിക്കലും അടയ്ക്കപ്പെടാത്ത കരുണയുടെ കൂടാരമായ കുമ്പസാര വേദി നിത്യവും ഓർമ്മപ്പെടുത്തുന്നു. മനുഷ്യന്റെ സമസ്താപരാധങ്ങളുടെയും മുമ്പിൽ കരകവിഞ്ഞൊഴുകുന്ന വിശുദ്ധീകരണത്തിന്റെ നീർച്ചാലും, സർവ്വ ദുഃഖങ്ങളു

ടെയും മുമ്പിൽ തുറന്നു കിടക്കുന്ന ആശ്വാസത്തിന്റെ തീരവുമാണ് ദിവ്യകാരുണ്യം. മരണത്തെ പുതുജീവിതത്തിന്റെ വിരുന്നാക്കിയ കൂദാശയുമാണത്.

ദിവ്യഈശോയേ, ആവർത്തിച്ചു സംഭവിക്കുന്ന വീഴ്ചകളെയും തകർച്ചകളെയും പോലും അവസാനമാക്കാതെ ആരംഭമാക്കുവാൻ കൃപ തരണമേ. കുരിശുകളെ ശാപമായി കരുതാതെ സൗഭാഗ്യത്തിലേക്കുള്ള മാർഗമായി കാണാനും കാത്തിരിക്കുന്ന കാരുണ്യമായ അങ്ങയിൽ അഭയം കണ്ടെത്താനും ഞങ്ങളെ പഠിപ്പിക്കണമേ. ഒന്നും അങ്ങയുടെ കൈവിട്ട് പോകുന്നില്ലെന്ന ഉറപ്പ് ഞങ്ങളെ താങ്ങി നിർത്തട്ടെ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

“കുരിശിന്റെ പാതയിൽ” (നാലുവരി മാത്രം)

## പത്താം സ്ഥലം

## ഈശോമിശിഹായുടെ തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെടുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

വയൽപ്പുല്ലുകളെപോലും അണിയിച്ചൊരുക്കുന്ന വിശ്വൈക നാഥന്റെ തിരുവസ്ത്രം ക്രൂരമായി ഉരിഞ്ഞെടുത്ത് പടയാളികൾ ഭാഗിച്ചെടുക്കുന്നു. ചമ്മട്ടിയടികളാൽ ആസകലം മുറിവേറ്റ ശരീരത്തോട് ഒട്ടിച്ചേർന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ടപ്പോൾ അവിടുന്ന് അനുഭവിച്ച വേദനയും അപമാനവും ആർക്ക് വിവരിക്കാനാവും? "എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ മേലങ്കിക്കുവേണ്ടി അവർ കുറിയിട്ടു"വെന്ന തിരുവെഴുത്തു പൂർത്തിയാകാനാണ് ഇവയെല്ലാം സംഭവിച്ചത്.

വിശുദ്ധ മാമ്മോദീസായിൽ, "വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നമ്മൾ ധരിക്കുന്നു" (എഫേ 4, 22-24). പരിശുദ്ധ ത്രിത്വത്തിന്റെ വിശുദ്ധാലയങ്ങളായി മാറിയ നമ്മുടെ ശരീരങ്ങളിൽ ദൈവത്തെ മഹത്വപ്പെടുത്തണമെന്നു വിശുദ്ധ ശ്ലീഹ പഠിപ്പിക്കുന്നു (1 കോറി 6,20). ആസക്തികളുടെ ശമനോപാധിയായി മാത്രം ശരീരത്തെ കരുതി ജീവിക്കു

ന്നതുവഴി ഉയിർപ്പിലൂടെ നിത്യമഹത്വത്തിൽ പങ്കുചേരേണ്ട ശരീരത്തെ നരകത്തിനർഹമാക്കുകയും നമ്മിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുകയുമാണ് ചെയ്യുന്നത് (1 കോറി 6,19). വിശുദ്ധ കുർബാന സ്വീകരണത്തിൽ മിശിഹായുടെ ശരീരരക്തങ്ങളോട് ഐക്യപ്പെടുന്ന നമ്മൾ അവിടുന്നുമായി ഏകാത്മാവായി മാറുന്നു (1 കോറി 6,17).

ദിവ്യഈശോയേ, അങ്ങേ പരിശുദ്ധിക്ക് ചേർന്ന വിധം അടക്കവും, ഒതുക്കവും പാലിച്ച് ആത്മ ശരീര പരിശുദ്ധിയിൽ ജീവിക്കാൻ കൃപ തരണമേ. ജഡത്തിന്റെ ദുരാശകൾക്കെതിരെ ജാഗ്രത പുലർത്താനും, സഹോദരങ്ങളുടെ ശരീരങ്ങളെ ദൈവാലയങ്ങളായി കാണാനും സഹായിക്കണമേ. "എന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ 6,56) എന്ന രഹസ്യം ഗ്രഹിക്കാൻ ഞങ്ങളുടെ മനസ്സുകളെ തുറക്കുകയും ചെയ്യണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## പതിനൊന്നാം സ്ഥലം

### ഈശോമിശിഹായെ കുരിശിൽ തറയ്ക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

ഇനിയും ഒരിടവും ബാക്കിയില്ലാത്തവിധം മുറിവേറ്റ മിശിഹായെ, അവിടുന്ന് ചുമന്നു കൊണ്ടുപോയ കുരിശിലേക്ക് പടയാളികൾ കാരുണ്യമെന്യേ തള്ളി വീഴ്ത്തി. ഈശോയുടെ കൈകാലുകൾ കാരിരുമ്പാണികളാൽ കുരിശോടു ചേർത്ത് തറച്ചു. സങ്കല്പിക്കാൻ കഴിയാത്ത വേദന, നാഥന്റെ കണ്ഠത്തിൽനിന്നും പുറപ്പെട്ട ആർത്തനാദം കേട്ട് പ്രപഞ്ചം തരിച്ചു നിന്നു. അവിടുന്ന് എല്ലാം പിതൃഹിതത്തിനു സമർപ്പിച്ച് സ്വീകരിക്കുന്നു.

"ഞാൻ മിശിഹായോടു കൂടെ ക്രൂശിതനായിരിക്കുന്നു. ഇനി ഞാനല്ല, മിശിഹായാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20). അപ്പോസ്തോലന്റെ ഈ വാക്കുകൾ നമ്മിലും പൂർത്തിയാകണം. ക്രിസ്തീയവിളിയുടെ കടമകളോടും ജീവിതാവസ്ഥയുടെ ഉത്തരവാദിത്വങ്ങളോടും മരണം വരെ വിശ്വസ്തത പുലർത്തി കർത്താവിന്റെ കുരിശിനോട് ചേർന്ന് നിൽക്കുമ്പോഴാണ് നാമർപ്പിക്കുന്ന വിശുദ്ധ കുർബാന ജീവിതത്തിന്റെ ബലിയായി മാറുന്നത്.

വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് നീതിയിലും വിശുദ്ധിയിലും ഉറച്ചുനിന്ന് ലോകം വെറുക്കുമ്പോഴും

പീഡിപ്പിക്കുമ്പോഴും ദൈവമക്കൾക്ക് അനുയോജ്യമായ ജീവിതം നയിക്കാനും ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി മാറാനും ഞങ്ങളെ ശക്തരാക്കണമേ. ഓരോ വിശുദ്ധ ബലിയിലൂടെയും ഒന്നിനും വേർപെടുത്താനാവാത്തവിധം (റോമാ 8, 35-39) അങ്ങുമായുള്ള സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കുവാൻ ഇടയാകട്ടെ (എഫേ 3, 17). വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ തുലോം നിസ്സാരമാണെന്നു ഗ്രഹിച്ച് (റോമാ 8, 18) കുരിശുകൾ പ്രത്യാശയോടെ സ്വീകരിക്കാനുള്ള ആത്മധൈര്യം അവിടുത്തെ മരണോത്ഥാന രഹസ്യങ്ങളുടെ ഓർമയാഘോഷത്തിലൂടെ ഞങ്ങളിൽ സമൃദ്ധമാക്കുകയും ചെയ്യണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## പന്ത്രണ്ടാം സ്ഥലം

## ഈശോമിശിഹാ കുരിശിൽ മരിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

ജീവന്റെയും മരണത്തിന്റെയും നാഥനെ രണ്ട് കള്ളൻമാരുടെ മദ്ധ്യേ അവർ കുരിശിൽ തറച്ചു. 'നസ്രായനായ ഈശോ യഹൂദരുടെ രാജാവ്' എന്നൊരു ലിഖിതവും അവിടുത്തെ ശിരസ്സിനു മുകളിൽ വച്ചു. അപ്പോൾ ഏകദേശം ആറാം മണിക്കൂർ ആയിരുന്നു ഒൻപതാം മണിക്കൂർ വരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചു. ഞരമ്പുകൾ വലിഞ്ഞു പൊട്ടുന്ന പ്രാണവേദനകൾക്കിടയിൽ തന്റെ ശത്രു ഗണത്തെ നോക്കി ഈശോ പ്രാർത്ഥിച്ചു. "പിതാവേ അവരോട് ക്ഷമിക്കണമേ. അവർ ചെയ്യുന്നതെന്തെന്ന് അവരറിയുന്നില്ല" (ലൂക്കാ 23,34). തന്നോട് അപേക്ഷിച്ച നല്ല കള്ളനോട് അവിടുന്ന് അരുൾ ചെയ്തു. "നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും" (ലൂക്കാ 23,43). തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നത് കണ്ട് ഈശോ അമ്മയോട് പറഞ്ഞു. സ്ത്രീയേ, "ഇതാ നിന്റെ മകൻ" ശിഷ്യനോട് പറഞ്ഞു "ഇതാ നിന്റെ അമ്മ" (യോഹ 19,26). ഒമ്പതാം മണിക്കൂറായപ്പോൾ ഈശോ ഉച്ചത്തിൽ നിലവിളിച്ചു. "എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു." എല്ലാം നിറവേറി കഴിഞ്ഞുവെന്നറിഞ്ഞ് തിരുവെ

ഴുത്ത് പൂർത്തിയാകാൻ വേണ്ടി അവിടുന്ന് അരുളിച്ചെയ്തു. "എനിക്ക് ദാഹിക്കുന്നു" (യോഹ 19,28). അവർ നൽകിയ വിനാഗരി സ്വീകരിച്ചിട്ട് അവിടുന്ന് പറഞ്ഞു. "എല്ലാം പൂർത്തിയായി" (യോഹ 19,31). "പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു" (ലൂക്കാ 23,46) വെന്നു പറഞ്ഞ് ഈശോ ജീവൻ വെടിഞ്ഞു. അപ്പോൾ ദേവാലയത്തിലെ തിരശീല മുകളിൽ നിന്നു താഴെ വരെ രണ്ടായി കീറി. ഭൂമി കുലുങ്ങി. പാറകൾ പിളർന്നു. ശവകുടീരങ്ങൾ തുറക്കപ്പെട്ടു. ഈശോ ഇപ്രകാരം മരിക്കുന്നത് കണ്ട് ശതാധിപൻ വിളിച്ചു പറഞ്ഞു. "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (ലൂക്കാ 23,47).

ഓരോ വിശുദ്ധ കുർബാനയും മിശിഹായുടെ മരണത്തിന്റെ പ്രഖ്യാപനമാണ്. പ്രത്യേകിച്ച് അന്ത്യ അത്താഴത്തിന്റെ അനുസ്മരണ ഭാഗത്ത് മിശിഹായുടെ കുരിശിലെ മരണമാണ് നാം ഓർക്കുന്നത്. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13). "നല്ലിടയൻ ആടുകൾക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11). "ഞാൻ ഭൂമിയിൽ നിന്നു ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12,32). തന്റെ ആത്മ സമർപ്പണത്തിലൂടെ ജീവന്റെ സമൃദ്ധിയിലേക്കു മാനവകുലത്തെ നയിക്കാനാണ് അവിടുന്ന് മനുഷ്യനായത് (യോഹ 10, 10), അപ്പമായത് (യോഹ 6,51).

സ്നേഹത്തിന്റെ പാരമ്യത്തിൽ ഞങ്ങൾക്കായി

ബലിയായി തീർന്ന ലോകരക്ഷകനായ നാഥാ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. കുരിശിലെ മരണത്തോളം അങ്ങ് സഹിച്ച സകല പാടുപീഢകളെയും ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. കുത്തിത്തുറക്കപ്പെട്ട അങ്ങേ തിരുവിലാവിൽ നിന്നും ഞങ്ങൾക്കായുള്ള കാരുണ്യ സ്രോതസായി ഒഴുകിയിറങ്ങിയ തിരുരക്തത്തിലും തിരുജലത്തിലും ഞങ്ങൾ ശരണപ്പെടുന്നു. വിശുദ്ധമാമ്മോദീസയിലൂടെ അങ്ങയുടെ മരണത്തോട് ഐക്യപ്പെട്ടവരാണെന്ന ബോധ്യത്തോടെ (റോമാ 6,3), ഞങ്ങളെ സ്നേഹിക്കുകയും ഞങ്ങൾക്കുവേണ്ടി സ്വയം ബലിയർപ്പിക്കുകയും ചെയ്ത അങ്ങേക്കുവേണ്ടി മാത്രം ജീവിക്കാൻ (ഗലാ 2,20), ഞങ്ങളെ സഹായിക്കണമേ. ഓരോ ബലിവേദിയിലും ഞങ്ങൾക്കായി ക്രൂശിതനാകുന്ന അങ്ങയെ നോക്കി, 'എന്റെ കർത്താവേ, എന്റെ ദൈവമേ', എന്ന് ഉദ്ഘോഷിക്കാൻ ഞങ്ങളുടെ ഉൾക്കണ്ണുകൾ തുറക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## **പതിമൂന്നാം സ്ഥലം**

### ഈശോമിശിഹായുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻ വേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കം ചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് ഈശോയുടെ കൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കണങ്കാലുകൾ തകർത്തു. അവർ ഈശോയെ സമീപിച്ചപ്പോൾ അവൻ മരിച്ചു കഴിഞ്ഞു എന്ന് കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി. ഉടനെ അതിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു. ഈശോയുടെ രഹസ്യ ശിഷ്യനായി കഴിഞ്ഞിരുന്ന അരിമത്തിയക്കാരൻ ജോസഫ്, പീലാത്തോസിന്റെ അനുവാദത്തോടെ, ഈശോയുടെ മൃതദേഹം താഴെയിറക്കി മാതാവിന്റെ മടിയിൽ കിടത്തി. ശിശുവായ മകനെ ഓമനിച്ച മടിത്തട്ടിൽ മൃതദേഹമായി തിരുക്കുമാരനെ ഏറ്റുവാങ്ങേണ്ടി വന്ന അമ്മ, വികൃതമാക്കപ്പെട്ട അവിടുത്തെ മുഖവും ശരീരവും ഹൃദയത്തോട് ചേർത്ത് ചുടുചുംബനങ്ങളാൽ പൊതിഞ്ഞു. ഏതൊരു കഠിന ഹൃദയത്തെയും അലി

യിക്കുന്ന ദാരുണ രംഗം. "ഒരു വാൾ നിന്റെ ഹൃദ യത്തെ ഭേദിക്കുമെന്ന" ശിമയോന്റെ പ്രവചനവും പൂർത്തിയായി.

ഓരോ വിശുദ്ധ ബലിയിലും ഈശോയുടെ ഉത്ഥിത ശരീരം ഹൃദയത്തിൽ ഏറ്റുവാങ്ങാൻ ഭാഗ്യം ലഭിക്കുന്ന നമുക്ക് പരിശുദ്ധ അമ്മക്ക് തന്റെ പുത്രനോ ടുള്ള തീവ്ര സ്നേഹത്തിലും അവിടുത്തോട് ചേരാ നുള്ള ഉത്ക്കടാഭിലാഷത്തിലും പങ്കുചേരാൻ കഴിയ ണം. ലോകം കുറ്റവാളിയെന്ന് വിധിച്ചു കുരിശിലേറ്റിയ തന്റെ തിരുക്കുമാരനെ ഹൃദയത്തോട് ചേർത്ത് പിടിച്ച പരിശുദ്ധ അമ്മ, നമ്മുടെ ജീവിതത്തിലും ഒരിക്കലും പിരിയാത്ത സ്നേഹവും കുറയാത്ത വാത്സല്യവുമാണ്. അമ്മയുടെ മടിത്തട്ടാണ് നമുക്കും അഭയം.

പരിശുദ്ധ അമ്മേ, മിശിഹായേയും തിരുസഭ യേയും ലോകം നിഷേധിക്കുകയും നശിപ്പിക്കാൻ ശ്രമി ക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ അമ്മയെപ്പോലെ ഈശോയോടും സഭയോടും ചേർന്ന് നിൽക്കാനും നീതിക്കും വിശ്വാസത്തിനും വേണ്ടി പീഡ സഹി ക്കാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. ജീവിത പ്രതിസന്ധികളിൽ അമ്മേ താങ്ങും തണലുമായി കൂടെ യുണ്ടാകണമേ. ഓരോ വിശുദ്ധ കുർബാന സ്വീകര ണവും വർദ്ധിച്ച സ്നേഹത്തോടും തീവ്രമായ ആഗ്ര ഹത്തോടും കൂടി നടത്താനും ഞങ്ങളിലേക്കെഴുന്നള്ളി വരുന്ന ദിവ്യനാഥനെ യഥോചിതം സ്വീകരിക്കാനും ഞങ്ങളെ സഹായിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവ

മാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

"കുരിശിന്റെ പാതയിൽ" (നാലുവരി മാത്രം)

## പതിനാലാം സ്ഥലം

### ഈശോമിശിഹായുടെ മൃതദേഹം കല്ലറയിൽ സംസ്കരിക്കുന്നു

ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ചു സ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടെടുത്തു.

അനന്തരം ഈശോയുടെ ശരീരം യഹൂദരുടെ ശവസംസ്കാര രീതി അനുസരിച്ചു സുഗന്ധദ്രവ്യങ്ങളോടെ കച്ചയിൽ പൊതിഞ്ഞു. ഈശോ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടവും അതിൽ, പാറയിൽ വെട്ടിയുണ്ടാക്കിയതും അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്തതുമായ ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ ഈശോയെ അവിടെ സംസ്കരിച്ചു.

ഗോതമ്പുമണി നിലത്തു വീണഴിയുന്നില്ലെങ്കിൽ അത് അതെ പടി ഇരിക്കും. അഴിയുന്നെങ്കിലോ ധാരാളം ഫലം പുറപ്പെടുവിക്കും. കുരിശും കല്ലറയും അവസാനമല്ല. യഥാർത്ഥ ആരംഭമാണ്. ഉയിർപ്പിന്റെയും മഹത്വത്തിന്റെയും മറുപുറം മാത്രമാണ്, സഹ

നവും മരണവും. മരണത്തിന്റെയും ഉയിർപ്പിന്റെയും ഇടയിലെ അൽപ സമയമാണ് മിശിഹായുടെ കല്ലറ (യോഹ 16, 16), അത് പ്രത്യാശയുടെ രഹസ്യമാണ്. വിശുദ്ധ മദ്ബഹയിൽ മിശിഹായുടെ കല്ലറയുടെ പ്രതീകമായ അൾത്താര പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നിത്യ ബലിയുടെ അർപ്പണ പീഠവും ആണ്.

ദിവ്യ ഈശോയേ, എല്ലാം അവസാനിച്ചുവെന്ന് തോന്നുന്ന അവസരങ്ങളിലും നിരാശരാകാതെ ദൈവത്തിന്റെ സമയത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. വിശുദ്ധ മാമ്മോദീസായിലൂടെ ഞങ്ങളും നിന്നോടൊപ്പം മരിച്ചു സംസ്കരിക്കപ്പെട്ടവരാണെന്നും നിന്നോടൊപ്പം ഉയിർത്തു നിന്നിൽ ദൈവത്തിനുവേണ്ടി ജീവിക്കേണ്ടവരാണെന്നും (റോമാ 6,8-11) എപ്പോഴും ഓർമ്മിക്കട്ടെ. അങ്ങയുടെ മൂന്നു നാളത്തെ കല്ലറ വാസത്തെ ധ്യാനിക്കുന്ന ഞങ്ങൾക്കും, ഞങ്ങളുടെ ഹൃദയങ്ങളിൽ സദാവസിക്കുന്ന അങ്ങയുടെ സാന്നിധ്യസ്മരണയിൽ എന്നും ജീവിക്കുവാൻ കൃപ തരണമേ.

കർത്താവേ അനുഗ്രഹിക്കണമേ, പരിശുദ്ധ ദൈവമാതാവേ, ഈശോമിശിഹായുടെ തിരുമുറിവുകൾ ഞങ്ങളുടെ ഹൃദയത്തിൽ പതിപ്പിച്ച് ഉറപ്പിക്കണമേ.

**ഗാനം**

കുരിശിന്റെ പാതയിൽ ഈശോയോടൊപ്പം
ഞാനെന്റെ കുരിശുമായ് നീങ്ങും
അനുദിനമൾത്താര ബലിയിലെൻ ജീവിതം
നാഥനു കാഴ്ചയായേകും.

രക്ഷാരഹസ്യങ്ങൾ അൾത്താരയിൽ ദിവ്യ
പൂജയായർപ്പിച്ചിടുമ്പോൾ
നിണധാരയൊഴുകുമാകാൽവരിയാഗത്തിൽ
പങ്കാളിയാവുക ഭാഗ്യം.

## സമാപന പ്രാർത്ഥന

"മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന്" (മർക്കോ 8, 31) മുൻകൂട്ടി ശിഷ്യരെ പഠിപ്പിച്ച ഞങ്ങളുടെ ദയ നിറഞ്ഞ രക്ഷകനായ ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു. "ഞങ്ങളുടെ അതിക്രമങ്ങൾക്കു വേണ്ടി അങ്ങ് മുറിവേൽപ്പിക്കപ്പെട്ടു. ഞങ്ങളുടെ അകൃത്യങ്ങൾക്കു വേണ്ടി ക്ഷതമേല്പിക്കപ്പെട്ടു. അങ്ങയുടെ മേലുള്ള ശിക്ഷ ഞങ്ങൾക്ക് രക്ഷ നൽകി. അങ്ങേ ക്ഷതങ്ങളാൽ ഞങ്ങൾ സൗഖ്യം പ്രാപിച്ചു" (ഏശ 53, 5). ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പിതൃഹിതം നിറവേറ്റാൻ അങ്ങ് സ്വമനസാ ജീവൻ സമർപ്പിച്ചു. അവസാനം വരെ ഞങ്ങളെ സ്നേഹിച്ച മിശിഹാ കർത്താവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ ഓർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു. മേലിൽ പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു. അനുദിനം ഞങ്ങളുടെ കുരിശുമെടുത്തു അങ്ങയെ അനുഗമിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. സ്വർഗീയപിതാവേ, നിത്യവും തിരുവൾത്താരയിൽ സന്നിഹിതമാക്കപ്പെടുന്ന അങ്ങേ പ്രിയ പുത്രന്റെ രക്ഷാകര രഹസ്യങ്ങളോട് ചേർത്ത് ഞങ്ങളെയും അങ്ങേക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ കർത്താവീശോമിശിഹായുടെ അതിദാരുണമായ പീഡകൾ ഓരോന്നും ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി അങ്ങ്

സ്വീകരിക്കണമേ. പീഡാനുഭവ വഴികളിലൂടെ ഈശോയെ ശക്തിപ്പെടുത്തി നയിച്ചവനും രക്തസാക്ഷികൾക്കു ബലമേകുന്നവനുമായ പരിശുദ്ധാത്മാവേ, അങ്ങ് രക്ഷയുടെ പാതയായ കുരിശിന്റെ വഴിയിലൂടെ കരുണയുടെ സിംഹാസനമായ ബലിപീഠത്തിലേക്കും സ്വർഗീയ മദ്ബഹയിലേക്കും ഞങ്ങളെ നയിക്കണമേ. പുത്രനോട് ചേർന്ന് മനുഷ്യമക്കൾക്കായി അവാച്യമായ പീഡകളനുഭവിച്ച പരിശുദ്ധ അമ്മേ, ജീവിതപാതയിൽ ഞങ്ങളോടൊപ്പം അമ്മ ഉണ്ടാകണമേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

പിതാവേ, അങ്ങേയ്ക്കും, അങ്ങേ പ്രിയപുത്രനും, പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

**മനസ്താപപ്രകരണം**

പരിശുദ്ധ പിതാവിന്റെ നിയോഗാർത്ഥം 1 സ്വ. 1 നന്മ. 1 ത്രിത്വ.

ദിവ്യകാരുണ്യത്തേക്കാൾ മഹത്തായതൊന്നുമില്ല.
ഉണ്ടായിരുന്നെങ്കിൽ അത് ദൈവം നമുക്ക് തരുമായിരുന്നില്ലേ?
(വി. ജോൺ മരിയ വിയാനി)

# III. ദിവ്യകാരുണ്യ ആരാധന

# പരിഹാരപ്രാർത്ഥനകൾ

## 8. വിശുദ്ധ ഫൗസ്റ്റീനായുടെ പരിഹാരപ്രാർത്ഥനകൾ

എന്റെ ദൈവമേ, എന്റെ ജീവിതസാക്ഷാൽക്കാരമായ അങ്ങിൽ വിലയം പ്രാപിക്കാനുള്ള ആഗ്രഹത്താൽ ഈ ലോകത്തിൽ എന്റെ ഹൃദയം എപ്പോഴും ദുഃഖത്തിൽ മുങ്ങിപ്പോകുന്നു. ഓ എന്റെ ഈശോയേ, ഈ ലോകജീവിതത്തിൽ കടുത്ത ഏകാന്തത എന്റെ ആത്മാവ് അനുഭവിക്കുന്നു! എന്റെ ഹൃദയത്തിനോ ആത്മാവിനോ പോഷണം നൽകുവാൻ ഈ ലോകത്തിലൊന്നിനും സാധിക്കുകയില്ല. ഓ നാഥാ, അങ്ങേക്കായുള്ള അഭിലാഷത്താൽ ഞാൻ മരിക്കുകയാണ്. എന്റെ സ്രഷ്ടാവായ നിത്യസനാതനദൈവമേ, അങ്ങ് ഈ ലോകത്തിൽ എനിക്കായി ദിവ്യകാരുണ്യം നൽകിയിട്ടു പോയി; എന്നാൽ എന്റെ ദൈവമേ, അത് എന്റെ ആത്മാവിൽ അങ്ങേയ്ക്കായുള്ളു ആഗ്രഹത്തെ കൂടുതൽ കൂടുതൽ കത്തി ജ്വലിപ്പിക്കുകയാണ് ചെയ്യുന്നത്. ഈശോയേ, ഞാൻ അങ്ങിൽ വിലയംപ്രാപിക്കാൻ അതിയായി കൊതിക്കുന്നു! അങ്ങേ പ്രിയപ്പെട്ടവളുടെ ഹൃദയ നെടുവീർപ്പുകൾ അങ്ങു ശ്രവിക്കണമേ. ഓ അങ്ങയോട് ഐക്യപ്പെടുവാൻ സാധിക്കാതെ ഞാൻ എത്രമാത്രം വേദനിക്കുന്നു. എന്നാൽ എന്റെ ദൈവമേ, അവിടുത്തെ ഇഷ്ടംമാത്രം നിറവേറട്ടെ.

ഈശോയേ, ഭയാനകമായ ഈ വിപ്രവാസത്തെ തരണം ചെയ്യുവാൻ ആവശ്യമായ ദൈവികജ്ഞാനവും ആത്മശക്തിയും എനിക്കു നൽകണമേ, അങ്ങനെ എന്റെ ഹൃദയം അങ്ങേക്കായുള്ള അതിന്റെ അഭിലാഷത്തെ ക്ഷമയോടെ സ്വീകരിക്കട്ടെ. ദൈവമേ, അങ്ങ് എന്നെ സമീപിക്കുന്നുവെന്നു ഞാൻ മനസ്സിലാക്കുമ്പോൾ പരിശുദ്ധമായ ആശ്ചര്യത്താൽ ഞാൻ നിറയുന്നു. അത്യുന്നത സിംഹാസനത്തിൽ വാഴുന്ന ദൈവമേ, അങ്ങ്, ഒന്നുമല്ലാത്ത, വെറും ബലഹീനത മാത്രമായ ഈ പാവം ഭിക്ഷുവിനെ സന്ദർശിക്കുവാനായി ഈ നികൃഷ്ടതയിലേക്കു താണിറങ്ങുന്നു.! എന്റെ രാജകുമാരാ, അങ്ങയോട് എങ്ങനെയാണ് വർത്തിക്കേണ്ടത് എന്നെനിക്കറിഞ്ഞുകൂടാ. എന്നാൽ എന്റെ പൂർണ്ണ ഹൃദയത്തോടെ ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അങ്ങേക്കറിയാമല്ലോ. അങ്ങ് എത്രമാത്രം തന്നെത്തന്നെ താഴ്ത്തുന്നുവെന്നു ഞാൻ കാണുന്നു. എന്നാൽ അങ്ങയുടെ ഉന്നത പ്രതാപത്തിന് എന്റെ ദൃഷ്ടിയിൽ അല്പംപോലും മങ്ങലേറ്റിട്ടില്ല. (255) ഒരു മണവാളനെപ്പോലെ അങ്ങന്നെ സ്നേഹിക്കുന്നു എന്നു ഞാൻ അറിയുന്നു. എനിക്കതു മാത്രം മതി. വളരെ വലിയൊരു ഗർത്തം നമ്മെത്തമ്മിൽ വേർതിരിക്കുന്നു. അങ്ങ് എന്റെ സ്രഷ്ടാവാണ്. ഞാൻ അങ്ങയുടെ എളിയ സൃഷ്ടിയും, എന്നിരുന്നാലും സ്നേഹം നമ്മുടെ ഐക്യത്തെ അർത്ഥവത്താക്കുന്നു. സ്നേഹം ഇല്ലെങ്കിൽ എല്ലാം അപ്രാപ്യമാണ്. അങ്ങ് സന്ദർശിക്കുമ്പോഴുള്ള അഗ്രാഹ്യമായ ഐക്യത്തെ മനസ്സിലാക്കിത്തരുവാൻ സ്നേഹത്തിനു മാത്രമേ സാധി

ക്കുകയുള്ളൂ. അങ്ങ് താങ്ങിയില്ലായിരുന്നുവെങ്കിൽ അങ്ങയുടെ അനന്ത മഹത്വത്തിനുമുമ്പിൽ ഞാൻ വിറ കൊള്ളുകയും എപ്പോഴും ഭയത്തിലും ആശ്ചര്യത്തിലും ജീവിക്കേണ്ടിവരികയും ചെയ്യുമായിരുന്നു. ഓരോ സന്ദർശനത്തിനും മുമ്പായി അങ്ങുതന്നെ അങ്ങയോട് ഐക്യപ്പെടുവാൻ എന്നെ പ്രാപ്തയാക്കുന്നു.

സ്വർഗ്ഗപ്രാപ്തിക്കുള്ള ഉറപ്പുള്ളതും എളുപ്പമുള്ളതും
ഹ്രസ്വവുമായ മാർഗം ദിവ്യകാരുണ്യമാണ്.
(വി. പത്താം പീയൂസ് പാപ്പ)

## 9. വി. അൽഫോൻസ് ലിഗോരിയുടെ ദിവ്യകാരുണ്യ പ്രാർത്ഥനകൾ

(1)

എന്റെ നാഥനായ യേശുവേ, അങ്ങ് മനുഷ്യമക്കളോടുള്ള അത്യധികമായ സ്നേഹത്താലും അനുകമ്പയാലും പ്രേരിതനായി ഞങ്ങളെ പ്രതീക്ഷിച്ചുകൊണ്ട്, മാടിവിളിച്ചുകൊണ്ട്, സ്വാഗതം ചെയ്തുകൊണ്ട്, ഈ ദിവ്യകൂദാശയിൽ രാപകൽ വാണരുളുകയാണല്ലോ. ഈ ആൾത്താരയിലെ ദിവ്യകൂദാശയിൽ അങ്ങ് സത്യമായും സന്നിഹിതനാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ശൂന്യതയുടെ ആഴത്തിൽനിന്ന് ഞാനങ്ങയെ ആരാധിക്കുന്നു. അങ്ങ് എനിക്കു നൽകിയ എല്ലാ അനുഗ്രഹങ്ങളെ പ്രതിയും ഏറ്റം പ്രത്യേകമായി ഈ കൂദാശയിൽ അങ്ങയെ എനിക്കു നൽകിയതിനും അങ്ങയുടെ മാതാവിനെ എന്റെ മദ്ധ്യസ്ഥയായി നൽകിയതിനും ഈ ദേവാലയത്തിൽ ആരാധിക്കാനായി എന്നെ വിളിച്ചതിനും ഞാനങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങയുടെ ഏറ്റം സ്നേഹമുള്ള തിരുഹൃദയത്തെ ഞാൻ വന്ദിക്കുന്നു.

ദിവ്യകാരുണ്യമെന്ന ഈ വലിയ ദാനത്തിനുള്ള കൃതജ്ഞതയാലും അങ്ങയുടെ എല്ലാ ശത്രുക്കളിൽനിന്നും അങ്ങ് സഹിക്കുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരമായും എല്ലാവരാലും അവഗണിക്കപ്പെട്ടും അനാദരിക്കപ്പെട്ടും ലോകം മുഴുവനിലുമുള്ള സക്രാരികളിൽ വാഴുന്ന അങ്ങയെ സ്നേഹപൂർവ്വം ആരാധിക്കുന്നതിനായും ഞാൻ ഈ പ്രാർത്ഥന അങ്ങേയ്ക്ക്

സമർപ്പിക്കുന്നു. എന്റെ യേശുവേ; പൂർണ്ണഹൃദയ ത്തോടെ ഞാനങ്ങയെ സ്നേഹിക്കുന്നു. അനേകം പ്രാവശ്യം അങ്ങയുടെ അനന്ത നന്മയെ തിരസ്കരിച്ച തിനെ കുറിച്ച് ഞാൻ മനസ്തപിക്കുന്നു. അങ്ങയുടെ കരുണയിൽ ആശ്രയിച്ചുകൊണ്ട് ഇനിമേലിൽ അങ്ങയെ വേദനിപ്പിക്കുകയില്ലെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു. എന്നിൽ പരിമിതിയും അയോഗ്യതയുമുണ്ടെങ്കിലും എന്നെത്തന്നെ സമ്പൂർണ്ണമായി അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു. എന്റെ പൂർണ്ണമനസ്സും, എല്ലാ അഭി പ്രായങ്ങളും, ആഗ്രഹങ്ങളും, എനിക്കുള്ളതെല്ലാം അങ്ങേയ്ക്ക് കാഴ്ചവെക്കുന്നു. ഇപ്പോൾ മുതൽ എന്നേയും എനിക്കുള്ളവയേയും അങ്ങയുടെ ഇഷ്ടം പോലെ വിനിയോഗിച്ചു കൊള്ളുക.

കർത്താവേ, എനിക്കൊന്നുമാത്രം മതി, അങ്ങ യുടെ പരിശുദ്ധസ്നേഹം. മരണംവരെ നിലനിൽക്കാ നുള്ള വരവും അങ്ങയുടെ തിരുമനസ്സ് പരിപൂർണ്ണമായി നിറവേറ്റാനുള്ള കൃപയും എനിക്കു നൽകുക. ശുദ്ധീ കരണ സ്ഥലത്തിലെ എല്ലാ ആത്മാക്കളേയും, പ്രത്യേ കിച്ച്, അങ്ങേ പരിശുദ്ധ കൂദാശയോടും പരിശുദ്ധ അമ്മ യോടും ഏറ്റം ഭക്തിയുണ്ടായിരുന്ന ആത്മാക്കളെ ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എല്ലാ നിർഭാഗ്യ പാപി കൾക്കു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ പ്രിയ രക്ഷിതാവേ; എന്റെ സമസ്ത സ്നേഹവും അങ്ങയുടെ ദിവ്യ ഹൃദയത്തിലെ സ്നേഹത്തോടൊ ന്നിപ്പിച്ച് നിത്യപിതാവിന് സമർപ്പിക്കുകയും അങ്ങേ തിരുനാമത്തിന്റെ ശക്തിയാലും, അങ്ങയുടെ നാമ

ത്തിലും, അങ്ങയുടെ സ്നേഹത്തെ പ്രതിയും ഈ അപേക്ഷകൾ സ്വീകരിച്ച് ഇവ നൽകുവാൻ കരുണയുണ്ടാകണമേ.

(2)

ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ (യോഹ. 7:37) എന്നരുളിചെയ്തുകൊണ്ട് വിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന, എല്ലാ നന്മകളുടെയും ഉറവിടമായ യേശുവേ, അങ്ങയെ ഞാൻ ആരാധിക്കുന്നു. പരിശുദ്ധ കുർബാനയാകുന്ന നീരുറവയിൽനിന്ന് എത്ര ശക്തമായ കൃപാപ്രവാഹമാണ് വിശുദ്ധരായവർ സ്വീകരിച്ചത്. വിശുദ്ധ കുർബ്ബാനയിലൂടെ തന്റെ പീഡാനുഭവത്തിന്റെ യോഗ്യതകളെല്ലാം അവിടുന്ന് വിതരണം ചെയ്യുന്നു. രക്ഷയുടെ കിണറ്റിൽ നിന്ന് അവർ സന്തോഷത്തോടെ ജലം കോരിയെടുക്കും. (ഏശ.13:3) എന്ന് പ്രവാചകനിലൂടെ മുൻകൂട്ടി പറഞ്ഞതുപോലെതന്നെ. വാഴ്ത്തപ്പെട്ട ആവിലായിലെ ഫാ. ജോണിന്റെ പ്രശസ്ത ശിഷ്യയും, പിന്നീട് വി. ക്ലാരയുടെ സഭയിലെ അംഗവും, വി. കുർബാനയുടെ മണവാട്ടി എന്ന പേരിൽ അറിയപ്പെട്ടിരുന്നവളുമായ ഫേരിയയിലെ പ്രഭ്വി നീണ്ട മണിക്കൂറുകൾ വി. കുർബാനയുടെ മുമ്പിൽ ചെലവഴിച്ചിരുന്നു. എങ്ങനെയാണ് അവൾ അതിപരിശുദ്ധിയുടെ മുമ്പിൽ ഇത്രയുംനേരം ചെലവഴിക്കുന്നത് എന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി ഇപ്രകാരമാണ്; നിത്യതയോളം എനിക്കവിടെ ആയിരിക്കാൻ കഴിയും. അനുഗ്രഹിക്കപ്പെട്ടവരുടെ ആഹാരമായ ദൈവസത്ത തന്നെ

യല്ലേ അവിടെ സന്നിഹിതമായിരിക്കുന്നത്. നല്ല ദൈവമേ അങ്ങയുടെ സന്നിധിയിൽ ഞാൻ എന്തു ചെയ്യുന്നു എന്നാണോ എന്നോട് ചോദിക്കുന്നത്? എന്താണവിടെ എനിക്ക് ചെയ്തു കൂടാത്തത്? ഞാൻ അങ്ങയെ സ്നേഹിക്കുകയും, സ്തുതിക്കുകയും നന്ദി പറയുകയും യാചിക്കുകയും ചെയ്യുന്നു. ഒരു ധനാഢ്യന്റെ മുമ്പിൽ ഒരു പാവപ്പെട്ടവൻ എന്തുചെയ്യും? ഒരു രോഗി ഒരു ഡോക്ടറുടെ മുമ്പിൽ എന്തുചെയ്യും? ദാഹാർത്തനായ ഒരു മനുഷ്യൻ നിർമ്മലമായ നീരുറവുയുടെ മുമ്പിൽ എന്തുചെയ്യും? വിഭവസമൃദ്ധമായ മേശയ്ക്കു മുമ്പിലിരിക്കുന്ന വിശന്നു വലഞ്ഞ മനുഷ്യൻ എന്തുചെയ്യും?

(3)

എന്റെ ഏറ്റം സ്നേഹാർദ്രനായ, ഏറ്റം മാധുര്യവാനായ, ഏറ്റം പ്രിയങ്കരനായ യേശുവേ, എന്റെ ജീവനും പ്രതീക്ഷയും, എന്റെ നിക്ഷേപവും, എന്റെ ആത്മാവിന്റെ ഏക സ്നേഹവുമായവനേ, ഇപ്രകാരം ഈ പരിശുദ്ധ കൂദാശയിൽ ഞങ്ങളുടെ ഇടയിൽ എഴുന്നള്ളിയിരിക്കുന്നതിന് എന്തു വിലയാണ് അങ്ങു നൽകിയത്! അൾത്താരകളിൽ ഞങ്ങളുടെ ഇടയിൽ വസിക്കുന്നതിന് അങ്ങ് മരിക്കേണ്ടിവന്നു. അങ്ങയുടെ സാന്നിദ്ധ്യം വഴി ഞങ്ങളെ സഹായിക്കുന്നതിന് അനേകം അപമാനങ്ങൾ അവിടുന്ന് സഹിക്കുന്നു! അങ്ങയുടെ സ്നേഹവും ഞങ്ങളുടെ സ്നേഹത്തിനു വേണ്ടിയുള്ള അങ്ങയുടെ ദാഹവും ഈ അവഹേളനങ്ങളേക്കാൾ എത്രയോ അധികമാണ്.

യേശുവേ, കടന്നുവരണമെ, എന്റെ ഹൃദയത്തിൽ അങ്ങുവാഴുക, അതിന്റെ വാതിലുകൾ എന്നേയ്ക്കുമായി അവിടുന്ന് അടയ്ക്കുക. അങ്ങനെ മേലിൽ ഒരു സൃഷ്ടിയും എന്റെ ഹൃദയത്തിൽ കടന്ന് അങ്ങേയ്ക്ക് മാത്രം നൽകേണ്ട സ്നേഹം പങ്കുവയ്ക്കാതിരിക്കട്ടെ. എല്ലാം അങ്ങേയ്ക്ക് അർപ്പിക്കുക എന്നതാണ് എന്റെ തീഷ്ണമായ ആഗ്രഹം. എന്റെ പ്രിയരക്ഷകാ, അങ്ങുമാത്രം എന്നെ ഭരിക്കട്ടെ. എന്നെ മുഴുവനായും അങ്ങു സ്വന്തമാക്കണമേ. അങ്ങയെ ഞാൻ പൂർണ്ണമായി അനുസരിക്കാതിരുന്നാൽ എന്നെ കഠിനമായി ശിക്ഷിക്കണമെ. അങ്ങനെ മേലിൽ അങ്ങയുടെ തിരുമനസ്സുപോലെ അങ്ങയെ പ്രസാദിപ്പിക്കുന്നതിൽ ഞാൻ ശ്രദ്ധാലുവായിരിക്കട്ടെ. അങ്ങേയ്ക്കു സന്തോഷം നൽകുന്നതല്ലാതെ മറ്റൊരു സന്തോഷവും തേടുവാൻ എന്നെ അനുവദിക്കരുതേ. അൾത്താരകളിൽ സന്നിഹിതനായ അങ്ങയെ കൂടെക്കൂടെ സന്ദർശിക്കുന്നതിനായിരിക്കട്ടെ എന്റെ ആനന്ദം. അങ്ങേയ്ക്ക് ആനന്ദം നൽകുന്നതും വി. കുർബാനയിൽ അങ്ങയെ ഉൾക്കൊള്ളുന്നതുമായിരിക്കട്ടെ എന്റെ സന്തോഷം. ഇഷ്ടമുള്ളവർ മറ്റ് നിധികളന്വേഷിച്ചു കൊള്ളട്ടെ. ഞാൻ സ്നേഹിക്കുന്ന, ആഗ്രഹിക്കുന്ന ഏകനിധി അങ്ങയുടെ സ്നേഹമാണ്. ഇതു മാത്രമാണ് അങ്ങേ ബലിപീഠത്തിനു സമീപേ ഞാൻ അങ്ങയോട് ചോദിക്കുന്നത്. എന്നെതന്നെ മറക്കുവാൻ അങ്ങ് ഇടവരുത്തുക. അങ്ങനെ ഞാൻ അങ്ങയുടെ നന്മ മാത്രം സ്മരിക്കട്ടെ. പരിശുദ്ധ സ്രാപ്പേന്മാരേ, ഞാൻ നിങ്ങളോടസൂയപ്പെടുന്നു. ഇത് നിങ്ങളുടെ മഹത്വത്തെക്കുറിച്ചല്ല, നിങ്ങളുടെയും എന്റെയും ദൈവ

ത്തിന്റെ നേർക്ക്, നിങ്ങൾക്കുള്ള സ്നേഹത്തെക്കുറിച്ചാണ്. അവിടുത്തെ എപ്രകാരം സ്നേഹിക്കണമെന്നും, പ്രസാദിപ്പിക്കണമെന്നും നിങ്ങളെന്നെ പഠിപ്പിക്കണമെ.

(4)

നിത്യപിതാവിന്റെ ഏകപുത്രനും ഏറ്റവും സ്നേഹപൂർണ്ണനുമായവനേ, അങ്ങാണ് സ്നേഹിക്കപ്പെടുവാൻ ഏറ്റവും യോഗ്യനെന്നും ഞാൻ അറിയുന്നു. അങ്ങാഗ്രഹിക്കുന്നതുപോലെ അങ്ങയെ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അത് സാധിച്ചില്ലെങ്കിൽ തന്നെ ഒരാത്മാവിന് സാധിക്കുന്നിടത്തോളമെങ്കിലും അവിടുത്തെ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ സ്നേഹത്തെ ധിക്കരിക്കുകയും തന്മൂലം ദ്രോഹിയായ എനിക്ക് അങ്ങയെ സ്നേഹിക്കുവാൻ അർഹതയില്ലെന്നും എനിക്കറിയാം. ഈ ദേവാലയത്തിൽ ഇത്രയും അടുത്ത് അങ്ങയെ സമീപിക്കുവാൻപോലും എനിക്ക് യോഗ്യതയില്ല. എങ്കിലും അങ്ങെന്റെ സ്നേഹത്തെ തേടുന്നുവെന്ന് ഞാനറിയുന്നു. എന്റെ മകനെ നിന്റെ ഹൃദയം എനിക്ക് തരിക' (സുഭാ 23,37) എന്നും 'നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക' എന്നും (വി. മത്താ 22,37) അങ്ങ് പറയുന്നത് ഞാൻ ശ്രവിക്കുന്നു. എന്നെ നരകത്തിലേക്കയക്കാതെ എന്റെ ജീവൻ രക്ഷിച്ചത് ഇതിനുവേണ്ടിയാണെന്നു ഞാൻ മനസ്സിലാക്കുന്നു. ആകയാൽ ഞാൻ മാനസാന്തരപ്പെട്ട് എന്റെ സർവ്വ സ്നേഹവും താത്പര്യങ്ങളും അങ്ങിലേയ്ക്ക് തിരിയേ

ണ്ടതാണ്. ഇപ്പോൾ മുതൽ ഞാനങ്ങയെ സ്നേഹിക്കുന്നതായാൽ അങ്ങേയ്ക്കതേറ്റം പ്രീതികരമായിരിക്കും. ഓ, എന്റെ ദൈവമേ, തീർച്ചയായും ഞാൻ അങ്ങനെതന്നെ ചെയ്യും. സർവ്വനന്മയും സർവ്വസ്നേഹവുമായ ദൈവമേ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങേയ്ക്ക് എന്നെ മുഴുവൻ ഞാൻ സമർപ്പിക്കുന്നു. അങ്ങേയ്ക്ക് എന്നെ മുഴുവൻ ഞാൻ കീഴ്പ്പെടുത്തുന്നു. എന്റെ പാവപ്പെട്ട ഹൃദയത്തിന്റെ ഏകരാജാവും നാഥനുമായി അങ്ങയെ ഞാൻ തിരഞ്ഞെടുക്കുന്നു. അങ്ങ് അത് ആഗ്രഹിക്കുന്നു. അത് നൽകാൻ ഞാൻ മനസ്സായിരിക്കുന്നു. എന്റെ ഹൃദയം തണുത്തതും മന്ദത നിറഞ്ഞതുമാണ്. എങ്കിലും ഈ ഹൃദയം അങ്ങ് സ്വീകരിച്ചാൽ അതിൽ അങ്ങ് മാറ്റം വരുത്തും. കർത്താവേ, എന്നെ മാറ്റേണമെ. ഇത്രയും നാൾ ഞാൻ ജീവിച്ചുവന്നതുപോലെ നന്ദിഹീനതയോടെ ഇത്ര കുറച്ച് സ്നേഹിച്ച് ഇനിയും തുടരാൻ ഞാൻ ധൈര്യപ്പെടുന്നില്ല.

അനന്ത നന്മയും നിത്യ സ്നേഹവുമായ അങ്ങയുടെ നേരെ നന്ദിയില്ലാതെ, സ്നേഹമില്ലാതെ ഞാൻ വ്യാപരിച്ചുപോയി. അങ്ങേയ്ക്കു നൽകാൻ കഴിയാതിരുന്ന സ്നേഹത്തിനുംകൂടി പ്രതിസ്നേഹം നൽകികൊണ്ട് ഇന്നുമുതൽ തീക്ഷണതയോടെ ജീവിക്കുവാൻ എന്നെ ശക്തിപ്പെടുത്തേണമേ.

ശബ്ദമുഖരിതമായ ഈ ലോകത്ത് ദിവ്യകാരുണ്യ
സന്നിധിയിലെ മൗനാരാധന അനിവാര്യമാണ്.
(ബെനഡിക്ട് 16-ാമൻ മാർപാപ്പ)

## 10. ഇൻ സിനു ജേസു

(1)

വിശുദ്ധ സ്ഥലത്ത് ഞാൻ അങ്ങയെ ധ്യാനിക്കുന്നു.
(സങ്കീർത്തനം 62:3)

തിരുവോസ്തിയുടെ മൗനം എന്നിൽ നിറയുന്നു.
തിരുവോസ്തിയുടെ മറഞ്ഞിരിപ്പ് എന്നെ വലയം ചെയ്യുന്നു.
തിരുവോസ്തിയുടെ വിനയം എനിക്കു കവചമാകുന്നു.
തിരുവോസ്തിയുടെ ദാരിദ്ര്യം എനിക്ക് എല്ലാമാകുന്നു.
തിരുവോസ്തിയുടെ നൈർമ്മല്യം എന്നെ ശുദ്ധീകരിക്കുന്നു.
തിരുവോസ്തിയുടെ പ്രഭ എന്നെ പ്രശോഭിപ്പിക്കുന്നു.
തിരുവോസ്തിയിൽ മറഞ്ഞിരിക്കുന്ന മുഖം അങ്ങയെ എനിക്ക് വെളിപ്പെടുത്തുന്നു.
തിരുവോസ്തിയിലെ ഹൃദയത്തിന്റെ അഗ്നി അവിടുത്തെ സ്നേഹത്താൽ എന്നെ തീ പിടിപ്പിക്കുന്നു.

ഓ തിരുവോസ്തിയേ,
യാഗമാക്കപ്പെട്ട കുഞ്ഞാടിന്റെ
ജീവനുള്ള ശരീരമേ, രക്തമേ,
ഞാൻ അങ്ങയെ ആരാധിക്കുന്നു.

> ഓ തിരുവോസ്തിയേ,
> യാഗമാക്കപ്പെട്ട കുഞ്ഞാടിന്റെ
> ജീവനുള്ള ശരീരമേ, രക്തമേ,
> ഞാൻ അങ്ങയെ നിത്യപിതാവിന് കാഴ്ച
> അർപ്പിക്കുന്നു.

ഓ തിരുവോസ്തിയേ,
യാഗമാക്കപ്പെട്ട കുഞ്ഞാടിന്റെ

ജീവനുള്ള ശരീരമേ, രക്തമേ,
ഇപ്പോഴും എന്റെ മരണനേരത്തും
എന്നെ അങ്ങയോട് ഒന്നിപ്പിക്കണമെ എന്ന്
പ്രാർത്ഥിക്കുന്നു.

ആമ്മേൻ.

(2)

എന്റെ ഈശോയേ, അവിടുത്തെ ദിവ്യകാരുണ്യ മുഖത്തിനു മുന്നിൽ അങ്ങയെ ആരാധിക്കുവാനും പരിഹാരം ചെയ്യുവാനും അവിടുത്തെ സ്നേഹത്തിന്റെ അരൂപി എന്റെ ഹൃദയത്തിൽ ഉണർത്തുന്നതെന്തും അങ്ങയോടു പറയുവാനുമായി ഞാൻ അരൂപിയിൽ എന്നെത്തന്നെ സമർപ്പിക്കുന്നു. അങ്ങയെ കാണുവാൻ, അങ്ങയെ ശ്രവിക്കുവാൻ, അവിടുത്തെ തുറക്കപ്പെട്ട ഹൃദയം ഇന്ന് പറയുവാനും നൽകുവാനും ആഗ്രഹിക്കുന്നതെല്ലാം സ്വീകരിക്കുവാൻ, ഞാനിതാ വരുന്നു. എന്നോട് ഏറെ അടുത്തായിരിക്കുന്നതിന് ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. ഞാൻ അവിടുത്തെ കരുണയെ വാഴ്ത്തുന്നു. അവിടുത്തെ അമൂല്യരക്തത്തിന്റെ രക്ഷാകര ശക്തിയെ ഞാൻ ഏറ്റു പറയുന്നു.

എന്റെ ഈശോയേ, ലോകത്തിൽ അങ്ങ് ഏറ്റഴും പരിത്യക്തനും വിസ്മരിക്കപ്പെട്ടവനുമായി കഴിയുന്ന സക്രാരികൾക്കുമുന്നിൽ ആത്മീയമായി എത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയെ ആരാധിക്കുവാൻ ആരും ഇല്ലാത്ത ഇടങ്ങളിൽ, ആരും അങ്ങയുടെ മുന്നിൽ ശിരസ് നമിക്കാത്ത ഇടങ്ങളിൽ, അങ്ങയെ ആരാധിക്കുവാനും അങ്ങേക്ക് കൂട്ടായിരിക്കുവാനും

അങ്ങയുടെ മാലാഖമാർ മാത്രം ഉള്ള ഇടങ്ങളിൽ പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുന്നു ആഗ്ര ഹിക്കുന്നത് ഒരു മനുഷ്യഹൃദയമാണ്. ആരാധനയു ടെയും പരിഹാരത്തിന്റെയും ഒരു കാഴ്ചയായി എന്റെ ഹൃദയം ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു.

(3)

എന്റെ പ്രിയപ്പെട്ട ഈശോയേ, ആരാധനയുടെ ജീവിതത്തിനായി എന്നെ വിളിച്ചതിനും, അയോഗ്യ നായ എന്നെ അവിടുത്തെ ദിവ്യകാരുണ്യമുഖത്തിനു മുന്നിൽ വസിക്കാനും സ്നേഹകൂദാശയിലെ അവി ടുത്തെ തുറക്കപ്പെട്ട ഹൃദയത്തെ സമീപിക്കാനും അവി ടുന്ന് ആവശ്യപ്പെടുന്നതിനും, ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു.

എണ്ണിയാൽ ഒടുങ്ങാത്ത എന്റെ പാപങ്ങൾക്കും അവിടുത്തെ പരമ സ്നേഹഹൃദയത്തെ ഞാൻ വേദ നിപ്പിച്ച അപരാധങ്ങൾക്കും അവിടുത്തെ അമൂല്യരക്ത ത്താൽ വിലയ്ക്കു വാങ്ങപ്പെട്ട അവിടുത്തെ പ്രിയപ്പെട്ട ആത്മാക്കളോടു കാണിച്ച അപരാധങ്ങൾക്കും പരി ഹാരം ചെയ്യുവാൻ എന്നെ വിളിച്ചതിന് ഞാൻ നന്ദി പറയുന്നു.

എന്നെപ്പോലെ ഹീനപാപികളായവർക്ക്, പല പ്പോഴും ദുഷ്ടന്റെ കെണികളിൽ കുടുങ്ങുന്നവർക്ക്, അവിടുത്തെ സാന്നിധ്യത്തിലൂടെ നൽകണമെന്ന് അങ്ങ് ആഗ്രഹിക്കുന്ന സമാധാനത്തെയും സംതൃപ്തി യെയുംകുറിച്ച് ഗ്രാഹ്യമില്ലാത്തവരുടെ പാപങ്ങൾക്ക്

പരിഹാരം ചെയ്യുവാൻ അവിടുന്ന് എന്നെ വിളിക്കുന്നു.

അവിടുത്തെ സ്നേഹകൂദാശയിൽ അവിടുത്തോടു കാണിക്കുന്ന നിസംഗത, അനാദരവ്, സ്നേഹശൂന്യത, ഒറ്റപ്പെടുത്തൽ എന്നിവയ്ക്ക് പരിഹാരം ചെയ്യുവാൻ അവിടുന്ന് എന്നെ തെരഞ്ഞെടുത്തതിന് ഞാൻ നന്ദി പറയുന്നു.

അവിടുത്തെ സാന്നിധ്യത്തിന് എന്റെ സാന്നിധ്യം ഞാൻ കാഴ്ചവയ്ക്കുന്നു. അവിടുത്തെ തുളയ്ക്കപ്പെട്ട ഹൃദയത്തിന് എന്റെ ഹൃദയം ഞാൻ കാഴ്ചവയ്ക്കുന്നു. അവിടുത്തെ ദൈവികസൗഹൃദത്തിന്, എന്റെ ഹൃദയത്തിന്റെ അഗാധമായ ആവശ്യങ്ങളും ആഗ്രഹങ്ങളും സാക്ഷാത്കരിക്കുകയും കടന്നുപോകുന്ന എല്ലാ ലൗകിക സ്നേഹത്തെയും കടത്തിവെട്ടുകയും ചെയ്യുന്ന അങ്ങയുടെ സൗഹൃദത്തിന്, എന്റെ ആത്മാവിന്റെ എല്ലാ ദാഹങ്ങളും ഞാൻ കാഴ്ചവയ്ക്കുന്നു.

സ്വന്തമാക്കാനുള്ള പ്രവണത, പൊങ്ങച്ചം, ഭയം, ആസക്തി, ഭീതി എന്നിവയിൽനിന്ന് എന്നെ വിടുവിച്ചാലും. അവിടുന്ന് എന്നെ വിളിച്ച ആത്മീയ പിതൃത്വം സത്യസന്ധമായും സന്തോഷത്തോടെയും നിറവേറ്റുന്നതിന് എന്നെ നിർമലനും സുതാര്യനും വിനീതനും സ്വതന്ത്രനുമായി സംരക്ഷിക്കണമേ എന്ന് യാചിക്കുന്നു. എന്റെ പക്കലേക്കു വരുന്ന എല്ലാവരോടും അപ്പൻ മകനോട് എന്ന പോലെയോ സഹോദരൻ സഹോദരനോടെന്നപോലെയോ ബന്ധപ്പെടുവാനുള്ള കൃപയ്ക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. അവിടുത്തെ ദിവ്യകാരുണ്യഹൃദയത്തിലെ അഗ്നിയിൽ സൗഹൃദത്തിന്റെ ഓരോ കണ്ണിയെയും ശുദ്ധീകരിക്ക

ണമെ എന്ന് ഞാൻ യാചിക്കുന്നു.

എന്റെ മനുഷ്യത്വത്തെ അതിന്റെ മുറിവുകളോടും തകർച്ചകളോടും വടുക്കളോടുംകൂടി അങ്ങേയ്ക്ക് ഞാൻ കാഴ്ച വയ്ക്കുന്നു. എന്റെ കഴിഞ്ഞകാലത്തെ സമ്പൂർണമായി ഞാൻ സമർപ്പിക്കുന്നു. അവിടുന്നാഗ്രഹിക്കുന്നവെന്ന് ഞാനറിയുന്ന ജീവിതത്തിന്റെ നവ്യതയിൽ നടക്കുവാനുള്ള കൃപയ്ക്കായും ഞാൻ യാചിക്കുന്നു.

ഇവയെല്ലാം ഏറ്റവും ഫലപ്രദമായും കാര്യക്ഷമമായും സാക്ഷാത്കരിക്കുവാനായി, ഞാൻ എന്തായിരുന്നുവോ അതും, അങ്ങയുടെ ദിവ്യകാരുണ്യ ഹൃദയത്തിന്റെ അനന്തമായ കൃപയാൽ എനിക്ക് ഉണ്ടാകുവാനിരിക്കുന്നതും, എന്റെ പ്രിയ ഈശോയേ, അവിടുത്തെ മൗതികശരീരവും മണവാട്ടിയുമായ സഭയ്ക്കും അവിടുത്തെ പിതാവിന്റെ മഹത്വത്തിനുമായി അവിടുത്തെയും എന്റെയും അമ്മയുടെ പരിശുദ്ധ കരങ്ങളിൽ ഞാൻ ഭരമേൽപിക്കുന്നു. ആമ്മേൻ.

**(4)**

എന്റെ പ്രിയപ്പെട്ട ഈശോയേ, അവിടുത്തെ ദിവ്യകാരുണ്യമുഖം ഞാൻ ആരാധിക്കുന്നു. ആ മുഖപ്രഭയാണല്ലോ ഈ ഭൂമിയിലെ പ്രവാസ ജീവിതത്തിലെ നാളുകളിൽ എനിക്കുള്ള ഉറപ്പായ പ്രകാശം. അങ്ങ് എന്നോടൊപ്പം ഉള്ളിടത്തോളംകാലം ഒരു തിന്മയെയും ഞാൻ ഭയപ്പെടുകയില്ല. അവിടുന്ന് ഇവിടെ എന്റെ അടുത്തുണ്ട്. അങ്ങിൽ വിശ്വസിക്കുവാൻ, അങ്ങിൽ പ്രത്യാശിക്കുവാൻ, അങ്ങയെ സ്നേഹിക്കുവാൻ, അങ്ങയെ

ആരാധിക്കുവാൻ, ഞാനും ഇവിടെ അവിടുത്തെ അടുത്തുണ്ട്. അങ്ങയെ ഒഴികെ ഈ ലോകത്ത് ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. അങ്ങയെക്കൂടാതെ എന്താണ് സ്വർഗം? അവിടുത്തെ ദിവ്യകാരുണ്യസന്നിധി ഭൂമിയിലെ സ്വർഗമാണല്ലോ. എല്ലാ മാലാഖമാരുടെയും പുണ്യവാന്മാരുടെയും നിത്യസന്തോഷമാണ് ഇവിടെയുള്ളത്. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളിൽ അഗ്നിപോലെ എരിയുന്ന പ്രത്യാശയുടെ സാക്ഷാത്കാരം ഇവിടെയുണ്ട്. ഭൂമിയിലെ സഭയുടെ ഹൃദയവും സ്വർഗത്തിലെ സഭയുടെ മഹത്വവും ഇവിടെയുണ്ട്. ഞങ്ങളോടുള്ള അവിടുത്തെ സ്നേഹത്തിന്റെ ആശ്ചര്യപ്പെടുത്തുന്ന അത്ഭുതം ഇവിടെയുണ്ട്, വധിക്കപ്പെട്ട കുഞ്ഞാട്.

എന്നിട്ടുമെന്തേ അവിടുന്ന് ഈ പരമ പരിശുദ്ധ കൂദാശയിൽ ഏകനായി ഉപേക്ഷിക്കപ്പെടുന്നു? എന്തേ അവിടുത്തെ സക്രാരികളിൽ അവിടുന്ന് പരിത്യജിക്കപ്പെടുന്നു? എന്തേ അവിടുത്തെ ദേവാലയങ്ങൾ വിജനവും അല്ലെങ്കിൽ വളരെ അപൂർവമായി മാത്രം സന്ദർശിക്കപ്പെടുന്ന ഇടങ്ങളുമാകുന്നു? അവിടുത്തെ സ്നേഹകൂദാശയിൽ വീണ്ടും സ്വയം വെളിപ്പെടുത്തിയാലും! സംശയിക്കുന്നവർക്കും അറിവില്ലാത്തവർക്കും നിസംഗർക്കും മരവിച്ച ഹൃദയമുള്ളവർക്കും ഇവിടെയുള്ള അങ്ങയുടെ സാന്നിധ്യം അറിയിച്ചാലും. എല്ലാവരെയും- മാമ്മോദീസ മുങ്ങിയവരെയും അല്ലാത്തവരെയും – അവിടുത്തെ ദിവ്യകാരുണ്യമുഖത്തിന്റെ പ്രകാശത്തിലേക്ക് ആകർഷിച്ചാലും. അവിടുത്തെ ദിവ്യകാരുണ്യസൗഹൃദത്തിന്റെ ആശ്ലേഷത്തിൽനിന്ന് ഒരാത്മാ

വുപോലും വിട്ടുപോകാതിരിക്കട്ടെ. അങ്ങനെ, ഞങ്ങളുടെ ആത്മാക്കളുടെ വിശ്വാസത്തിനും സ്നേഹത്തിനുമായുള്ള അവിടുത്തെ ദാഹം ശമിപ്പിക്കപ്പെടട്ടെ. അങ്ങേക്കായി മാത്രം, മറ്റാർക്കുമായല്ലാതെ, അവിടുന്ന് സൃഷ്ടിച്ച ആത്മാക്കളുടെ സ്നേഹത്തിനായുള്ള അവിടുത്തെ ഹൃദയത്തിന്റെ ദാഹം അങ്ങു ശമിപ്പിച്ചാലും. ആമ്മേൻ.

(5)

സ്നേഹധനനായ ഈശോ, അങ്ങയുടെ ആരാധ്യമായ തിരുമുഖത്ത് എന്റെ കണ്ണുകൾ ഉറപ്പിച്ചുകൊണ്ട്, എന്റെ ഹൃദയം അങ്ങയുടെ കുത്തിത്തുളയ്ക്കപ്പെട്ട ഹൃദയത്തിൽ ഒളിപ്പിച്ചുകൊണ്ട്, എന്റെ മരണനിമിഷം ഉൾപ്പെടെയുള്ള ഓരോ നിമിഷവും ഞാൻ അങ്ങയെ സ്നേഹിക്കുന്നതിനുവേണ്ടി അങ്ങ് എന്നെ പൂർണ്ണമായും മാനസാന്തരപ്പെടുത്തണമെ. എന്തിനുവേണ്ടി എന്നെ അങ്ങ് വിളിച്ചുവോ എന്നെ അങ്ങനെയാക്കി തീർക്കണമെ എന്ന് ഞാൻ അങ്ങയോടു യാചിക്കുന്നു.

അങ്ങ് ഏറെക്കാലം കാത്തിരുന്ന അങ്ങയുടെ പീഡിതഹൃദയത്തിന് സമാശ്വാസമേകുന്ന സ്നേഹിതനാകുന്ന രീതിയിൽ ഞാൻ അങ്ങയെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യട്ടെ. ഞാൻ ഒരിക്കലും അങ്ങയെ ഉപേക്ഷിക്കാതിരിക്കുന്നതിനുവേണ്ടിയും എന്നെ ഒരിക്കലും ഏകനാക്കുകയും വിട്ടുപേക്ഷിക്കുകയും ചെയ്യരുതെ. അങ്ങ് തീർത്തും അവഗണിക്കപ്പെടുന്ന, ഏറ്റവും വിസ്മരിക്കപ്പെടുന്ന, സക്രാരിയുടെ മുമ്പിൽ, അങ്ങയുടെ ദിവ്യകാരുണ്യതിരുമുഖത്തിനു

മുമ്പിൽ, നിരന്തരം ആരാധിക്കാൻ, പരിഹാരം ചെയ്യാൻ, സ്നേഹിക്കാൻ, എന്റെ അലഞ്ഞുതിരിയുന്ന ഹൃദയത്തെ അങ്ങയുടെ തിരുസക്രാരിയുടെ മുമ്പിൽ തറച്ചുനിറുത്തേണമെ.

അങ്ങ് എനിക്കു തരാത്തതായി എന്തുണ്ട് എനിക്ക് അങ്ങേക്കു തരുവാൻ? അതുകൊണ്ട്, അങ്ങേക്കു തിരിച്ചുതരുവാനായി എനിക്ക് ആവശ്യത്തിലുമേറെ വാരിക്കോരി തരുക. പിതാവിന്റെ മഹത്വത്തിനായി ജ്വലിക്കുന്ന അങ്ങയുടെ തീക്ഷ്ണതയുടെ ഒരു സ്ഫുലിംഗം അങ്ങ് എനിക്കു തരണമെന്ന് അങ്ങയോട് ഞാൻ യാചിക്കുന്നു. അവിടുത്തെ മഹത്വത്തിനായി ഒരു ഹോമബലി എന്നപോലെ അത് എന്നെ പൂർണമായും ദഹിപ്പിക്കട്ടെ.

സ്വർഗത്തിലും ഭൂമിയിലും അങ്ങയുടെ മണവാട്ടിയായിരിക്കുന്ന സഭയോടുള്ള അങ്ങയുടെ മണവാളസ്നേഹത്തിന്റെ ഒരു പങ്ക് എനിക്കും തരണമേ എന്ന് ഞാൻ അങ്ങയോട് യാചിക്കുന്നു. അങ്ങയെപ്പോലെ, അങ്ങയോടൊപ്പം, അങ്ങിൽ എന്റെ ജീവിതം ഞാൻ അവൾക്കുവേണ്ടി സമർപ്പിക്കുന്നു.

അമലോത്ഭവയായ അമ്മയോട് അങ്ങയുടെ ഹൃദയത്തിന്റെ പുത്രസഹജമായ സ്നേഹം, ഞാൻ അമ്മയെ എങ്ങനെ സ്നേഹിക്കണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുവോ അതുപോലെ സ്നേഹിക്കുന്നതിനുവേണ്ടി, ശരിയായ, സംശുദ്ധമായ, സ്ഥിരമായ ഭക്തിയോടെ അമ്മയെ ശുശ്രൂഷിക്കുന്നതിനുവേണ്ടി, എനിക്കു തരണമെ എന്ന് ഞാൻ യാചിക്കുന്നു.

മൃദുലമായ കാരുണ്യത്തോടെ ആത്മാക്കൾക്ക് ഞാൻ ശുശ്രൂഷ ചെയ്യണമെന്നാഗ്രഹിക്കുന്ന അങ്ങ്,

അവർക്കുവേണ്ടിയുള്ള എന്റെ ശുശ്രൂഷയിൽ അവർ അങ്ങയുടെ തിരുഹൃദയത്തിന്റെ കനിവ് അനുഭവിക്കുന്നതിന് ഇടയാകേണ്ടതിനുവേണ്ടി, അങ്ങയുടെ കരുണാർദ്രത എനിക്ക് തരണമെ എന്ന് ഞാൻ യാചിക്കുന്നു.

**(വൈദികർക്ക്)** സാധ്യമെങ്കിൽ ഞാൻ ഒരിക്കലും ആയിരുന്നിട്ടില്ലാത്തവിധം ഇന്ന് എന്നെ അങ്ങയുടെ വൈദികനാക്കണമെ. അങ്ങ് ബലിയർപ്പകനും ബലിയാടുമായിരിക്കുന്ന കുരിശിലെ മഹാരഹസ്യത്തിൽ യഥാർത്ഥ പങ്കാളിയാകാനുള്ള അവർണനീയമായ അനുഗ്രഹത്തിൽ എന്നെ സ്ഥിരീകരിക്കുകയും ഉറപ്പിക്കുകയും ചെയ്യണമെ. അങ്ങയുടെ പൗരോഹിത്യത്തിന്റെ മായാത്ത മുദ്ര എന്റെ ആത്മാവിൽ കൂടുതൽ ആഴത്തിൽ പതിക്കേണമെ. ആ മുദ്ര കുത്തിയ അതേ അഗ്നിയിൽ അതിന്റെ ഉജ്ജ്വലമായ തിളക്കത്തെ നിഷ്പ്രഭമാക്കുന്ന, തടസപ്പെടുത്തുന്ന, എല്ലാറ്റിനെയും ദഹിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യണമെ. അങ്ങനെ, അങ്ങയുടെ ത്യാഗത്തിന്റെ, ബലിയുടെ, പ്രകാശം മനുഷ്യരുടെ മുമ്പിൽ തിളങ്ങട്ടെ. അതിന്റെ ആരോഗ്യദായകമായ ശക്തി എന്നിൽനിന്ന് പുറപ്പെടട്ടെ; അങ്ങിൽനിന്ന് പുറപ്പെട്ടതുപോലെ. എന്തെന്നാൽ, കാരുണ്യവാനായ രക്ഷകാ, അങ്ങ് എന്നെ എന്നന്നേക്കുമായി അങ്ങയുടെ വൈദികനാക്കിയിരിക്കുന്നു.

അളവില്ലാത്ത ഈ മഹാദാനത്തിന് പ്രതിനന്ദി കാണിക്കാൻ, അങ്ങയെ സ്തുതിക്കാൻ, ആരാധിക്കാൻ, മഹത്വപ്പെടുത്താൻ ആയിരക്കണക്കിന് ജീവിതകാലങ്ങൾ ഒട്ടുമതിയാവില്ല. അതുകൊണ്ട് എന്നെ അങ്ങ

യിലേക്ക് വിളിക്കുമ്പോൾ, തിരശീലയ്ക്കപ്പുറത്ത് അങ്ങയെ സ്തുതിക്കുവാൻ, ഒരു നിത്യത എനിക്കു തരണമെ. അവിടെ, ഇപ്പോൾ അങ്ങ് പിതാവിന്റെ മഹത്വത്തിലും പരിശുദ്ധാത്മാവിന്റെ ശോഭയിലും ഒളിഞ്ഞിരിക്കുകയാണല്ലൊ. ആമ്മേൻ.

## 11. ദിവ്യകാരുണ്യജപം

എന്റെ ഈശോയെ, അങ്ങ് വിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. അങ്ങുമായി എപ്പോഴും ഒന്നായിരിക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങളുടെ ഹൃദയസക്രാരിയിൽ അങ്ങ് സദാ ഉണ്ടായിരിക്കണമേ. അങ്ങ് ഞങ്ങളിലും ഞങ്ങൾ അങ്ങിലും വസിക്കുവാൻ ഇടയാക്കണമേ. അങ്ങയെ പിരിഞ്ഞ് ജീവിക്കുവാൻ ഞങ്ങളെ അനുവദിക്കരുതേ.

എത്രയും മാധുര്യവാനായ ഈശോ,
സ്വർഗ്ഗീയ അപ്പമേ,
അങ്ങേ കാരുണ്യത്തിന്റെ ചെറുവോസ്തിയായി
ഞങ്ങളെ മാറ്റുക.
വിശക്കുന്നവരും, ദാഹിക്കുന്നവരും,
പരദേശികളും, നഗ്നരും,
രോഗികളും, കാരാഗൃഹവാസികളുമായ
അങ്ങേ ഏറ്റം ചെറിയവർക്കായി
ഞങ്ങളെ നൽകുക.
അങ്ങേയ്ക്കു സമർപ്പിതമായ ഞങ്ങളുടെ
നിസ്സാരജീവിതങ്ങളെ

അങ്ങയുടെ പരമയാഗത്തോടു ചേർത്ത്
അങ്ങേ ആരാധ്യമായ ത്രിത്വത്തിന്
എപ്പോഴും എന്നേക്കുമുള്ള സ്തുതിയും
അങ്ങേ അവർണ്ണനീയമായ ദാനത്തിന്
നിരന്തര കൃതജ്ഞതയുമാക്കിത്തീർക്കണമേ.
അങ്ങേ തിരുമുഖം സദാ തേടാനും
തിരുഹിതം മാത്രം ഞങ്ങളിൽ നിറവേറാനും
ഞങ്ങളെ തീർത്തും ശൂന്യമാക്കി
തിരുമുമ്പിലെരിയുന്ന സ്നേഹജ്വാലയാക്കുക.
നിത്യകൂടാരത്തിലെത്തും വരെ അങ്ങേ
പരിശുദ്ധാത്മാവിനാലും
ദിവ്യരഹസ്യങ്ങളുടെ ശക്തിവിശേഷത്താലും നിറച്ച്
ആത്മാക്കളുടെ രക്ഷയ്ക്കായുള്ള ബലിയും
ആത്മദാനത്തിന്റെ വിരുന്നും
തിരുസാന്നിധ്യത്തിന്റെ കൂദാശയുമാക്കി
അയോഗ്യദാസരായ ഞങ്ങളെ ഉപയോഗിക്കുകയും
ചെയ്യണമേ. ആമ്മേൻ

മ്ശം: അൾത്താരയിലേക്കും അൾത്താരയിൽ നിന്നും ജീവിതം നയിക്കാനും ജീവിതങ്ങളെ നയിക്കുവാനും
സമൂ: ദിവ്യകാരുണ്യമാതാവേ പരി. കന്യാമറിയമേ ഞങ്ങളെ ഒരുക്കണമേ.

സൂര്യനുദിക്കാത്ത ഒരു ദിനത്തെപ്പറ്റി ഭാവനയിലെങ്കിലും
എനിക്കോർക്കാൻ കഴിയും. എന്നാൽ വിശുദ്ധ
കുർബാനയില്ലാത്ത ഒരു ദിനം അചിന്തനീയമാണ്.
(വി. പാദ്രേ പിയോ)

## 12. ഈശോയുടെ
## ദിവ്യകാരുണ്യഹൃദയത്തോടുള്ള പ്രാർത്ഥന

ഈശോയുടെ ദിവ്യഹൃദയമേ, ലോകം ഞങ്ങളെ പരിത്യജിക്കുകയും, ആശ്വാസം കണ്ടെത്തുന്നതിനായി എങ്ങോട്ടു തിരിയണമെന്നറിയാതെ ഞങ്ങൾ വലയുകയും ചെയ്യുമ്പോൾ, അവിടുത്തെ വിശുദ്ധ സക്രാരി ഞങ്ങളുടെ ആശാകേന്ദ്രമാണെന്നു ഞങ്ങളെ അനുസ്മരിപ്പിക്കണമേ. ഞങ്ങളുടെ മാതാപിതാക്കളും ഉറ്റമിത്രങ്ങളും ഞങ്ങളിൽനിന്നു വേർപ്പെട്ടുപോവുകയും, ഞങ്ങളെ സ്നേഹിക്കുവാൻ ആരുമില്ലാതാവുകയും, ഞങ്ങൾ ആശ്വാസരഹിതരായി ഭവിക്കുകയും ചെയ്യുമ്പോൾ, മരണമില്ലാത്ത ഒരു സ്നേഹിതൻ വിശുദ്ധ സക്രാരിയിലുണ്ടെന്നു ഞങ്ങളെ ഓർമ്മിപ്പിക്കണമേ.

ക്ലേശങ്ങൾ വർദ്ധിക്കുകയും, അവയുടെ ദുർവ്വഹ ഭാരത്താൽ ഞങ്ങൾ നിലംപതിക്കുകയും, ഞങ്ങളുടെ നിസ്സഹായാവസ്ഥയിൽ ആശ്വാസത്തിനായി നാലുപാടും കണ്ണുകൾ തിരിക്കുകയും ചെയ്യുമ്പോൾ 'അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്നവരേ, നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാ'മെന്നു വിശുദ്ധ സക്രാരിയിൽനിന്ന് അങ്ങരുൾചെയ്യുന്ന സ്നേഹമസൃണമായ വാക്കുകൾ ഞങ്ങളുടെ കർണ്ണപുടങ്ങളിൽ മാറ്റൊലിക്കൊള്ളട്ടെ.

അങ്ങേ ദയാമൃതം ഞങ്ങളുടെമേൽ വർഷിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന പരിശുദ്ധമായ ആനന്ദം ആവുംവിധംപോലെ ആസ്വദിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞി

രുന്നെങ്കിൽ എത്ര നന്നായിരുന്നു! ഞങ്ങൾ പീഡനങ്ങൾക്കും അവഹേളനങ്ങൾക്കും വിഷയമാകുകയും ഞങ്ങളുടെ ആശകളെല്ലാം അസ്തമിച്ച് മറ്റൊരാൾക്കും വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്ത വേദനകളും യാതനകളും പരീക്ഷണങ്ങളും ഞങ്ങളെ മരണതുല്യമായ ദുഃഖത്തിലാഴ്ത്തുകയും, ഞങ്ങളുടെ ആവശ്യങ്ങളും അവശതകളും ഗ്രഹിക്കുവാനും, ഞങ്ങളോട് അനുകമ്പ പ്രദർശിപ്പിക്കുവാനും ലോകത്തിൽ ആരെയും ഞങ്ങൾ കണ്ടെത്താതിരിക്കുകയും ചെയ്യുമ്പോൾ ഞങ്ങളോടു ഹാർദ്ദവമായി സഹതപിക്കുന്ന അങ്ങു ഞങ്ങളുടെ ഹൃദയത്തിൽ സന്നിഹിതനാണെന്നു ഞങ്ങളെ ഓർമ്മിപ്പിക്കണമേ. ഞങ്ങളുടെ ദൈനംദിനദുരിതങ്ങൾ നല്ലതുപോലെ അറിയുകയും ഞങ്ങളുടെ ഹൃദയത്തുടിപ്പുകൾപോലും നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അങ്ങ് ഞങ്ങളെ കനിഞ്ഞനുഗ്രഹിക്കുകയും അങ്ങേ കൃപാവരം ഞങ്ങളിൽ നിറച്ച് ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്യണമേ.

കരുണാസമ്പൂർണ്ണനായ ഈശോ, ഞങ്ങളുടെ ഹൃദയം അങ്ങേ കാരുണ്യത്തിനുവേണ്ടി ദാഹിക്കുന്നു. മറ്റാരും സഹതപിക്കുവാൻ ഇല്ലാതെ തനിച്ചു സഹിക്കുകയെന്നതാണ് സഹനത്തിന്റെ പാരമ്യമെന്നു ഞങ്ങളറിയുന്നു. അങ്ങേ കൃപാവരത്താൽ, ഭാരമേറിയ ഞങ്ങളുടെ കുരിശുകൾ അങ്ങയോടൊന്നിച്ചു വഹിക്കുന്നതിനും അതുവഴി കയ്പേറിയ ഞങ്ങളുടെ ദുരിതങ്ങൾ മാധുര്യപൂർണ്ണമായിത്തീരുന്നതിനും ഇടയാക്കണമേ.

ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ വരപ്ര

സാദവും ആശീർവാദവും ഞങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. അങ്ങയുടെ സമാധാനം ഞങ്ങളെ വലയം ചെയ്യട്ടെ. അങ്ങയുടെ സ്നേഹം ഞങ്ങളുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കട്ടെ. അങ്ങയുടെ സൽഗുണങ്ങൾ ഞങ്ങളുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രതിഫലിക്കുകയും സ്വർഗ്ഗീയസൗഭാഗ്യം ഞങ്ങളുടെ നിത്യ സമ്മാനമായിരിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

## 13. ദിവ്യകാരുണ്യ ആരാധനയ്ക്കു മുമ്പിൽ പ്രാർത്ഥന

ദിവ്യസക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന പരമകാരുണ്യവാനായ ഈശോയേ, ഞങ്ങളങ്ങയെ ആരാധിക്കുന്നു. ഞങ്ങളങ്ങയെ സ്തുതിക്കുന്നു. ഞങ്ങൾക്ക് നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ചു മനഃസ്തപിച്ച്, അങ്ങയോടു മാപ്പപേക്ഷിക്കുന്നു. അങ്ങയുടെ ദിവ്യപ്രചോദനമനുസരിച്ച് പ്രവർത്തിക്കാതിരുന്നതിനെപ്പറ്റി ഞങ്ങൾ പശ്ചാത്തപിക്കുന്നു. വഴിതെറ്റിയ ആട്ടിൻകുട്ടിയെ അന്വേഷിച്ച ദിവ്യ ഇടയാ, ധൂർത്തനായ മകനെ വാത്സല്യത്തോടെ പരിഗണിക്കുന്ന നല്ലപിതാവേ, ഞങ്ങളെ കൈവിടരുതേ.

മാധുര്യവാനായ എന്റെ ഈശോയേ, മനുഷ്യരോടു നീ കാണിക്കുന്ന അത്യധികമായ സ്നേഹത്തിനു പകരമായി അവർ നിന്നെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. സ്നേഹം നിറഞ്ഞ അങ്ങേ ഹൃദയം എല്ലായിടങ്ങളിലും സഹിക്കുന്ന ദ്രോഹങ്ങൾക്കും കഠിനനിന്ദ

കൾക്കും പരിഹാരമായി ഞങ്ങൾ അങ്ങേ ബലിപീഠത്തിൻ മുമ്പാകെ സാഷ്ടാംഗമായി വീണ് അങ്ങയെ സ്തുതിച്ചാരാധിക്കുന്നു. എന്റെ ഈശോയേ, ഞങ്ങൾ കടപ്പെട്ടിരിക്കുന്നതുപോലെയും അങ്ങ് അർഹിക്കുന്നവിധവും അങ്ങയെ ആരാധിക്കുവാൻ സാധിക്കുന്നില്ലെങ്കിലും ഞങ്ങളുടെ കഴിവുപോലെ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

ഈശോയേ, പാപംമൂലം നിന്നെ ദ്രോഹിച്ചതിനെയോർത്ത് ഹൃദയങ്ങളുടെ അത്യഗാധങ്ങളിൽനിന്ന് ഞങ്ങൾ മനസ്തപിക്കുന്നു. ജ്ഞാനസ്നാനവാഗ്ദാനങ്ങൾ ഉപേക്ഷിച്ച് നിന്റെ പ്രമാണത്തെ ലംഘിക്കുന്ന മുഴുവൻ ആളുകളുടെയും പാപങ്ങൾക്കുവേണ്ടി ഞങ്ങൾ എളിമയോടെ മാപ്പപേക്ഷിക്കുന്നു. അങ്ങേക്കെതിരായി ചെയ്തുപോയിട്ടുള്ള പാപങ്ങളോരോന്നിനും പരിഹാരം ചെയ്തുകൊള്ളാമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. അങ്ങേ ദിവ്യസ്നേഹത്തിന്റെ പരമപ്രകടനമായ പരിശുദ്ധ കുർബാനയോടു കാണിക്കുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരമായി സ്വർഗ്ഗത്തിലെ സകല മാലാഖമാരുടെയും പുണ്യവാൻമാരുടേയും ആരാധനാ പുകഴ്ചകളോടും, ഭൂമിയിലുള്ള സകല പുണ്യാത്മാക്കളുടെയും സ്തുതി നമസ്കാരങ്ങളോടുംകൂടെ, ഞങ്ങളുടെ വിനീതങ്ങളായ സ്തുതിസ്തോത്രങ്ങളെയും അവിടത്തേക്കു സമർപ്പിക്കുന്നു.

സ്ലീവാമരത്തിൽ അങ്ങ് നിത്യപിതാവിനു സമർപ്പിച്ചതും ഞങ്ങളുടെ ദൈവാലയങ്ങളിൽ ദിവസംതോറും വീണ്ടും വീണ്ടും നവീകരിച്ചുകൊണ്ടിരിക്കുന്നതുമായ പരിഹാര ബലികളെയും ഞങ്ങളങ്ങേക്കു കാഴ്ചവയ്ക്കു

ന്നു. ഇനിമേൽ ഇളകാത്ത വിശ്വാസത്തോടും ഹൃദയ നൈർമല്യത്തോടുംകൂടെ സുവിശേഷതത്വങ്ങൾക്കനുസരണം ജീവിച്ചുകൊള്ളാമെന്നും, അങ്ങേ ദിവ്യമഹത്ത്വത്തെ മറ്റുള്ളവർ അപമാനിക്കാതിരിക്കുന്നതിനും, അങ്ങേ സന്നിധാനത്തിലേക്ക് അവരെ ആകർഷിക്കുന്നതിനും പരിശ്രമിച്ചുകൊള്ളാമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് / എന്നേരവും/ ആരാധനയും സ്തുതിയും പുകഴ്ചയും/ ഉണ്ടായിരിക്കട്ടെ.**

ക്രൂശിതരൂപത്തിലേക്ക് നോക്കുമ്പോൾ ദൈവം നിന്നെ
എത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് കാണാം. എന്നാൽ
ദിവ്യകാരുണ്യ അപ്പത്തിലേക്ക് നോക്കുമ്പോൾ അവനിന്ന്
നിന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് കാണാം.
(വി. മദർ തെരേസ)

# IV. ദിവ്യകാരുണ്യ ജപമാല

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (3)

സമു : ആമ്മേൻ (3)

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും

സമു : ആമ്മേൽ.

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും കൂടി) അങ്ങയുടെ നാമം

കാർമ്മി : അവർണ്ണനിയമായ കൃപയാൽ രക്ഷകന്റെ മാതാവാകാൻ പരി കന്യാമറിയത്തെ തിരഞ്ഞെടുത്ത ദൈവമേ, പെസഹാ രഹസ്യങ്ങളെ പൂർണ്ണതയിൽ ജീവിച്ച അമ്മയുടെ മാതൃകയെ ധ്യാനിക്കുകയും അവിടുത്തെ മാദ്ധ്യസ്ഥ്യ സഹായം തേടുകയും ചെയ്യുന്ന ഞങ്ങളെ അങ്ങേ അരൂപിയാൽ നിറയ്ക്കണമേ, ഇശോയെപ്പോലെ സമർപ്പിതരും പുരോഹിതരും, പ്രേഷിതരുമാകാൻ വിളിക്കപ്പെട്ടിരിക്കുന്ന ഞങ്ങളും മാതാവിനെ അനുകരിച്ച് ഉത്തമ ശിഷ്യരായി ജീവിക്കുവാൻ സഹായിക്കണമേ. ഈ ജപമാല ഭക്തിയോടും ശ്രദ്ധയോടും കൂടെ ചൊല്ലുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

പിതാവായ ദൈവത്തിന്റെ മകളും പുത്രനായ

ദൈവത്തിന്റെ അമ്മയും പരിശുദ്ധാത്മാവായ ദൈവത്തിന്റെ പ്രിയ മണവാട്ടിയുമായ പ. മറിയാമേ, ദൈവിക പുണ്യങ്ങളായ വിശ്വാസവും, ശരണവും, ഉപവിയും ഞങ്ങളിൽ ഫലമണിയുന്നതിന് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

3. നന്മ .... പിതാവി ....

## സന്തോഷരഹസ്യങ്ങൾ

**1. മംഗളവാർത്ത**

ദിവ്യകാരുണ്യം രക്ഷയുടെ പ്രഘോഷണമാണ്. തിരുജനനത്തിന്റെ നിത്യ സന്ദേശമാണ്. മനുഷ്യവതാരത്തിന്റെ ദൂത്, നിബന്ധനകളില്ലാതെ സമർപ്പണത്തിനുള്ള കല്പന കൂടിയാണ്. മംഗളവാർത്ത ശ്രവിച്ച ദിവ്യമാതാവിനുണ്ടായിരുന്ന വിശുദ്ധിയും വിശ്വാസവും നമുക്കുണ്ടാകണം. നമ്മുടെ ജീവിതാവസ്ഥകളിലെ ഉത്തരവാദിത്വങ്ങളോടുള്ള കടമ, പ. അമ്മയിൽ നിറഞ്ഞുനിന്ന സന്നദ്ധതയുടെയും സമ്മതത്തിന്റെയും സമർപ്പണത്തിന്റെയും നിരന്തരഭാവമായി നമ്മിൽ തീരണം. ഓരോ വിശുദ്ധ ബലിയിലൂടെയും ഇത് നമ്മിൽ തീവ്രമാക്കപ്പെടണം.

പ. അമ്മേ, ഓരോ വിശുദ്ധ ബലിയർപ്പണത്തിലും പ്രതീക്ഷയോടെ അണയുവാനും വചനത്തിലൂടെയും തിരുരഹസ്യങ്ങളിലൂടെയും ഞങ്ങളിലേയ്ക്ക് വരുന്ന ദൈവപുത്രനെ യഥോചിതം സ്വീകരിക്കുവാനും ഞങ്ങളെ ഒരുക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളേയും പ്രത്യേകം അങ്ങേ സഹായം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേക്ക് ആനയിക്കണമേ.)

**2. പ. മറിയം ഏലിശ്വായെ സന്ദർശിക്കുന്നു**

ദൈവ മനുഷ്യ സമാഗമ വേദിയാണ് ദിവ്യകാരുണ്യം. രക്ഷ ഏറ്റുവാങ്ങുന്നവരുടെ സഹവാസത്തിന്റെ അനുഭവവുമാണത്. ഇവിടെ ദൈവം തന്നെ മനുഷ്യന്റെ ശുശ്രൂഷകനായി മാറുന്നു. ഓരോ വി. കുർബാനയും നമുക്ക് ഏലീശ്വായുടെ അനുഭവമാകണം. ഒപ്പം പ. അമ്മയെപ്പോലെ തിടുക്കത്തിൽ പുറപ്പെടാനുള്ള പ്രചോദനവും

പ. അമ്മേ, ദിവ്യകാരുണ്യ ശുശ്രൂഷകരാകാൻ വിളിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ ഞങ്ങളുടെ ജീവിത നിയോഗങ്ങളുടെ അർത്ഥം ഓരോ കുർബാനയിലൂടെയും കൂടുതലായി കണ്ടെത്തട്ടെ. ആത്മാവു നിറഞ്ഞ് ദിവ്യകാരുണ്യാനുഭവം പങ്കുവയ്ക്കുന്നവരായിത്തീരാനുള്ള കൃപ ഞങ്ങൾക്കു വാങ്ങിത്തരണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ....)

**3. ഈശോയുടെ ജനനം**

ദിവ്യബലി ക്രിസ്തു ജനനത്തിന്റെ കൗദാശിക മുഹൂർത്തമാണ്. ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ ഈശോ നമ്മിൽ പിറക്കുന്നു.

മനുഷ്യഹൃദയങ്ങളേയും സമൂഹങ്ങളേയും ദിവ്യ

കാരുണ്യ ജനനത്തിനായി സജ്ജമാക്കുകയാണ് വി. കുർബാനയുടെ പ്രേഷിതന്റെ ദൗത്യം.

ആൾത്താരയിൽ ഈശോയെ സന്നിഹിതമാക്കുന്ന പരികുർബ്ബാനയിലെ പങ്കാളിത്വം പ. അമ്മയുടെ ഭാഗ്യത്തിലുള്ള പ്രത്യേക പങ്കുചേരലായി മാറുന്നു.

പ. അമ്മേ, ഈശോ ജനിക്കേണ്ട എന്റെ ഹൃദയത്തെ എളിമയുടെ പ്രതീകമായ പൂൽക്കൂടു പോലെ ഒരുക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ....)

**4. ഈശോയെ ദേവാലയത്തിൽ കാഴ്ച വയ്ക്കുന്നു**

വി. കുർബാനയിൽ തിരുസഭയും, സഭയോടു ചേർന്ന് നാമോരോരുത്തരും പാപപരിഹാരയാഗമായി മാറിയ നാഥനെ, നിത്യപിതാവിന് പ്രീതികരമായ കാണിക്കയായി സമർപ്പിക്കുന്നു. ദൈവത്തിന് എല്ലാം സമർപ്പിച്ച്, ദൈവകരങ്ങളിൽ നിന്ന് എല്ലാം ഏറ്റുവാങ്ങുന്ന അനുഭവമാകണം വി. കുർബാന. തിരുക്കുമാരനെ ദേവാലയത്തിൽ കാഴ്ചവെച്ച പ. അമ്മ തന്റെ ഉള്ളും, തനിക്കുള്ളതും മുഴുവനായി തിരുലിഖിതങ്ങളുടെ പൂർത്തീകരണത്തിനായി വിട്ടുകൊടുക്കുകയായിരുന്നു. നമ്മുടെ സമർപ്പണത്തോടുള്ള വിശ്വസ്തത ഹൃദയഭേദകമായ അനുഭവമായി മാറുമ്പോൾ അമ്മ നമുക്ക് മാതൃകയും പ്രചോദനവുമാവുകയാണ്.

പ. അമ്മേ, ദൈവനിയമത്തിന് പൂർണ്ണമായി കീഴ്വഴങ്ങി ജീവിക്കാനും സമർപ്പണ ജീവിതത്തിൽ ആഴപ്പെട്ടു വളരാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ. 1. ത്രി. ഓ എന്റെ ഈശോയെ ....)

### 5. ഈശോയെ ദേവാലയത്തിൽ കണ്ടെത്തുന്നു

ദിവ്യകാരുണ്യം മറഞ്ഞിരിക്കലിന്റെയും വെളിപ്പെടുത്തലിന്റെയും വേദിയാണ്. നഷ്ടപ്പെടലിലൂടെയുള്ള കണ്ടെത്തലിന്റെ രഹസ്യമാണ്. പിതൃകാര്യങ്ങളിൽ വ്യാപൃതനാകുന്നതു വഴി ഈശോ സകലർക്കും സംലഭ്യനായി മാറുന്ന കൂദാശയാണിത്. പിതാവിന്റെ പ്രിയപുത്രനാണ് പ. അമ്മയുടെ മകനായത്. നമ്മുടെ സ്വാർത്ഥതയുടെ പരിമിതകളിൽ ഒതുങ്ങാതെ ദൈവിക പദ്ധതികളുടെ അനന്തതയിലേയ്ക്ക് എത്തിനിൽക്കാനുള്ളതാണ് നമ്മുടെ പ്രേഷിതത്വം. കുറയുന്ന വിശ്വാസത്തിന്റെയും മന്ദീഭവിക്കുന്ന തീക്ഷ്ണതയുടെയും വഴികളിൽ ഈശോ നഷ്ടപ്പെടുമ്പോൾ പിതൃഭവനത്തിന്റെ ഏകാന്തതയിലും പെസഹാരഹസ്യത്തിന്റെ ആഘോഷത്തിലും അവിടുത്തെ കണ്ടെത്താൻ കഴിയണം.

പ. അമ്മേ, ജീവിതത്തിന്റെ തിരക്കുകളിൽ ഈശോയെ കാണാതാകുമ്പോൾ ദിവ്യകാരുണ്യ സന്നിധിയിലെ പ്രാർത്ഥനയിലൂടെ അവിടുത്തെ കണ്ടെത്തുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. (1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ.)

## ദുഃഖരഹസ്യങ്ങൾ

### 1. ഈശോ ഗെത്സെമനിയിൽ രക്തം വിയർത്തു പ്രാർത്ഥിക്കുന്നു

നമ്മെ നീതീകരിക്കേണ്ടതിന് നമുക്കുവേണ്ടി പാപപരിഹാരമായ പരിശുദ്ധനായവന്റെ കഠോരമായ ആന്തരിക പീഡയുടെ മണിക്കൂറാണ് ഗെത്സെമൻ. ഈ പീഡാനുഭവം ദിവ്യകാരുണ്യത്തിലൂടെ എന്നും തുടരു

ന്നു. ഇതിന്റെ ആഴമറിയുവാൻ മനുഷ്യകുലത്തിൽ പാപരഹിതയായി ജനിച്ച പ. അമ്മയ്ക്ക് മാത്രമേ കഴിയൂ.

ദിവ്യകാരുണ്യ പ്രേഷിതൻ അൾത്താരയിലെ അപ്പത്തിന്റെ ഗെത്സെമൻ അനുഭവത്തിലൂടെ കടന്നുപോകേണ്ടവനാണ്; പരിശുദ്ധനായിരുന്നുകൊണ്ട് പാപികൾക്കായി സ്വയം അർപ്പിക്കേണ്ടവനാണ്.

പ. അമ്മേ, പാപവും പാപസാഹചര്യങ്ങളും വെറുത്തുപേക്ഷിക്കുവാനും ദൈവേഷ്ടം നിറവേറ്റിക്കൊണ്ട് വിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ...)

**2. ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നു**

മനുഷ്യപാപങ്ങളിൽ ഓരോ നിമിഷവും നുറുങ്ങിപ്പൊടിയുന്ന ദൈവഹൃദയത്തിന്റെ പ്രതീകമാണ് ദിവ്യകാരുണ്യ അപ്പം. അവിശ്വസ്തതകളും അപരാധങ്ങളും രക്ഷകനിലേല്പിക്കുന്ന പ്രഹരമോരോന്നും അവിടുത്തേയ്ക്ക് നമ്മോടുള്ള സ്നേഹം കുറയ്ക്കാതെ, വളർത്തുന്ന ദൈവകാരുണ്യത്തിന്റെ മഹാത്ഭുതമായി മാറുന്നു.

സഹോദരങ്ങളോട് ചെയ്യുന്നതെല്ലാം ദൈവത്തോടു ചെയ്യുന്നതു തന്നെയാണ്. രക്ഷകന്റെ മുറിവുകളെ ആർക്ക് എണ്ണിത്തീർക്കാനാവും!

പ. അമ്മേ, ഈശോയെയും സഹോദരങ്ങളേയും പീഡിപ്പിക്കുന്നവരാകാതെ, ഈശോയ്ക്കും സഹോദരങ്ങൾക്കും വേണ്ടി പീഡസഹിക്കുന്നവരാകുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ, 1 ത്രി. ഓ എന്റെ ഈശോയെ ...)

**3. ഈശോയെ മുൾമുടി ധരിപ്പിക്കുന്നു**

ആരാധ്യനായ നാഥൻ അവഹേളിതനാകുന്നു. ദിവ്യ കാരുണ്യത്തിലും ഹൃദയസക്രാരികളിലും അവിടുന്ന് എത്രമാത്രം അവഗണിക്കപ്പെടുന്നവനും അവഹേളിക്ക പ്പെടുന്നവനുമാണ്.

ശിഷ്യത്വം ഈശോയോടൊപ്പം നിന്ദനങ്ങളും സഹനങ്ങളും, ഏറ്റുവാങ്ങാനുള്ള വിളികൂടിയാണ്. ലോകത്തിന്റെ തിന്മകളും, പാപങ്ങളും, നമ്മുടെ മനസ്സും ഹൃദയവും തുളയ്ക്കുന്ന മുള്ളുകളാകണം. ദിവ്യകാരു ണ്യത്തിലെ നാഥനോടൊപ്പം നാമും പരിഹാരമായി മാറണം.

പ. അമ്മേ, ഈശോ സ്വയം ശൂന്യനാക്കി വസി ക്കുന്ന ദിവ്യകാരുണ്യത്തിൽ നിന്നും എളിമയുടെയും സഹനത്തിന്റെയും പാഠങ്ങൾ ഞങ്ങൾ പഠിക്കട്ടെ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

**4. ഈശോമിശിഹാ കുരിശു ചുമക്കുന്നു**

കുരിശു ചുമക്കുന്ന ഈശോ രക്ഷയുടെയും മഹ ത്വത്തിന്റെയും പാതയേതെന്ന് കാണിച്ചുതരുന്നു. കുരിശു വഹിച്ചുവേണം തന്നെ അനുഗമിക്കാനെന്ന് അവിടുന്ന് പഠിപ്പിച്ചു. ഈശോയുടെ കുരിശിന്റെ ജീവി തത്തിന്റെ ഓർമ്മയാണ് വി. കുർബാന. അത് ശിഷ്യ ത്വത്തിന്റെയും ഓർമ്മയാണ്.

ഈശോയോടു ചേർന്ന് കുരിശു വഹിക്കുന്ന ഓരോ മനുഷ്യനിലൂടെയും അവിടുത്തെ കുരിശിന്റെ

വഴി നീളുന്നു. അൾത്താരയിലേക്കുള്ള നമ്മുടെ ജീവിതം, കുരിശിന്റെ യാത്രയാകണം. എങ്കിലേ അൾത്താരയിലെ ബലിയിൽ നമുക്ക് പങ്കുണ്ടാവുകയുള്ളൂ.

പ. അമ്മേ. ലോകത്തിന്റെ നൊമ്പരങ്ങളോടു ചേർന്ന് നടക്കുവാനും, സ്വന്തം ജീവിതത്തിന്റെ കുരിശുകളെ അവകാശമായും അനുഗ്രഹമായും സ്വീകരിക്കുവാനും വേണ്ട കൃപ ഈശോയിൽ നിന്നും വാങ്ങിത്തരണമേ.

(1. സ്വ. 10 നന്മ. 1. ത്രി. ഓ എന്റെ ഈശോയെ ...)

**5. ഈശോയുടെ കുരിശുമരണം**

ദിവ്യകാരുണ്യം ഈശോയുടെ മരണത്തിന്റെ പ്രഖ്യാപനമാണ്. അത് കുരിശിലെ രഹസ്യവും, കുരിശിന്റെ രഹസ്യവുമാണ്. അവിടെ നിന്നാണ് ജീവന്റെ നീർച്ചാലുകൾ ഉറവെടുക്കുന്നത്.

മരണത്തിന്റെയും ജീവന്റേതുമായ ഈ ബിന്ദു ദൈവിക ശൂന്യതയുടെ പരമകാഷ്ഠയാണ്. ഈ ശൂന്യതയിൽ പങ്കുചേരാനുള്ള അനുഗ്രഹമാണ് സുവിശേഷോപദേശങ്ങളിലൂടെ നമുക്ക് ലഭിക്കുന്നത്. ജീവിതം സമർപ്പിക്കുന്നതിലൂടെ ശൂന്യമാക്കപ്പെടുന്ന ജീവിതം, പെസഹാ രഹസ്യത്തിന്റെ, വി. കുർബാനയുടെ, വി. കുരിശിന്റെ അടയാളമായി മാറുന്നു.

പ. അമ്മേ, കാൽവരിയെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് ജീവിച്ച നിന്നെപ്പോലെ, ഈശോയുടെ മരണം, ഞങ്ങളുടെ ശരീരങ്ങളിൽ സദാ സംവഹിക്കുവാനും ബലിജീവിതത്തിനുള്ള ശക്തി അനുദിന ദിവ്യ

കാരുണ്യാഘോഷത്തിൽനിന്ന് സ്വീകരിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

## മഹിമയുടെ രഹസ്യങ്ങൾ

### 1. ഈശോയുടെ ഉത്ഥാനം

മരണത്തിന്മേലുള്ള മിശിഹായുടെ വിജയത്തിന്റെ ആഘോഷമാണ് വി. കുർബാന. അതൊരു ഉത്ഥാനാനുഭവമാണ്. ഉത്ഥാന ജീവിതത്തിലേക്ക് വിളിക്കപ്പെടുന്ന ശിഷ്യസമൂഹത്തിനെന്നും ദിവ്യകാരുണ്യാഘോഷമാണ് ശക്തികേന്ദ്രം.

വിശ്വസിക്കുന്നവർക്ക് മരണമില്ല. പ. അമ്മയ്ക്ക് കാൽവരിയും ഉയിർപ്പിന്റെ വിജയവേദിയായിരുന്നു. പ. അമ്മേ, ഉത്ഥാന സന്തോഷത്തിന്റെ സാക്ഷികളാകത്തക്കവിധം ദിവ്യകാരുണ്യത്തിൽ ക്രൂശിതനും ഉത്ഥിതനുമായ നാഥനെ നിരന്തരം അനുഭവിക്കുവാൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

### 2. ഈശോയുടെ സ്വർഗ്ഗാരോഹണം

സ്വർഗ്ഗാരോഹണം ചെയ്ത് ദൈവപിതാവിന്റെ വലതുഭാഗത്തിരിക്കുന്ന മിശിഹാതന്നെയാണ് ദിവ്യകാരുണ്യത്തിൽ വസിക്കുന്നത്. അവിടുന്നാണ് ആരാധനക്രമത്തിന്റെ ശ്രേഷ്ഠാചാര്യൻ. അവിടുത്തെ മഹത്വീകൃത ശരീരമാണ് ദിവ്യകാരുണ്യത്തിലൂടെ നാം സ്വീകരിക്കുന്നത്.

നമ്മുടെ ശിരസ്സായ ഈശോ സ്വർഗ്ഗത്തിൽ വസിക്കുന്നതുകൊണ്ട് നമ്മൾ ചിന്തകൾ ഉന്നതങ്ങളിലേക്ക്

ഉയർത്തി പ്രതീക്ഷാനിർഭരരായി ജീവിക്കുന്നു. ഓരോ വി. ബലിയിലും നാം സ്വർഗ്ഗത്തോളം ഉയർത്തപ്പെടുന്നു. സ്വർഗ്ഗീയരായി ഭൂമിയിൽ ജീവിക്കാൻ ശക്തരാക്കപ്പെടുന്നു. ഈശോയുടെ തിരുശരീരരക്തങ്ങളാൽ ദൈവികരാക്കപ്പെടുന്ന നമ്മൾ ത്രിതൈ്വക ദൈവത്തോടും പ. അമ്മയോടും, സ്വർഗ്ഗവാസികളോടുമൊപ്പം നിത്യാനന്ദം അനുഭവിക്കുന്ന നാളുകളെത്ര ധന്യം.

പ. അമ്മേ, അൾത്താരയിൽ ഈശോയുടെ മഹത്വീകൃത ശരീരമാകാൻ സ്വയം അർപ്പിക്കേണ്ടവരാണ് ഞങ്ങൾ എന്ന ബോധ്യത്തോടെ ആത്മശരീര പരിശുദ്ധിയിൽ സദാ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

### 3. പരിശുദ്ധാത്മാവിന്റെ ആഗമനം

സ്വർഗ്ഗാരോഹിതനായ ഈശോ തന്റെ അരൂപിയെ പ. അമ്മയുടെയും, ശ്ലീഹന്മാരുടെയും മേൽ അയക്കുന്നു. അനുദിന പന്തക്കുസ്താനുഭവമാണ് വി. കുർബാന. അൾത്താരയിലെ തിരുരഹസ്യങ്ങളിലേയ്ക്കെഴുന്നള്ളി വരുന്ന പരിശുദ്ധ റുഹ, ആരാധനാസമൂഹത്തെ ഈശോയുടെ ശരീരമായി പടുത്തുയർത്തുന്നു. അപ്പസ്തോലന്മാരെപ്പോലെ നാമും ഒരുക്കമുള്ള ഹൃദയത്തോടെ ദിവ്യബലിയ്ക്കണയണം. പരിശുദ്ധാത്മാവിനാൽ പരിപൂരിതരായി ദിവ്യകാരുണ്യ പ്രേഷിതരായി ഭവിക്കണം.

പ. അമ്മേ, പിതാവിന്റെ വാഗ്ദാനവും ഉന്നതത്തിൽ നിന്നുള്ള ശക്തിയുമായ പരിശുദ്ധാത്മാവിനെ നിര

ന്തരം സ്വീകരിച്ചു വളരുവാൻ ഞങ്ങളെ ഒരുക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

**4. മാതാവിന്റെ സ്വർഗ്ഗാരോപണം**

ആത്മാവിലും ശരീരത്തിലും ദൈവവുമായി സമ്പൂർണ്ണ ഐക്യത്തിലായിരുന്നവളും, ആത്മാവിലും ശരീരത്തിലും ദൈവത്തെ മഹത്വപ്പെടുത്തിയവളുമായ പ. അമ്മയെ, ആത്മശരീരങ്ങളോടെ ദൈവം സ്വർഗ്ഗത്തിലേയ്ക്ക് സ്വീകരിച്ചു. കുരിശിൻ ചുവട്ടിലും തന്നോടു ചേർന്നുനിന്ന തന്റെ അമ്മയെ മിശിഹാ മഹത്വത്തിന്റെ പൂർണ്ണതയിലേക്ക് ഉയർത്തി.

മാതാവിൽ പൂർത്തിയായത് നമ്മിലോരോരുത്തരിലും പൂർത്തിയാകേണ്ട രഹസ്യമാണ്. ദിവ്യകാരുണ്യത്തിലൂടെ ആത്മശരീരങ്ങളിൽ ഈശോയുമായി ഐക്യപ്പെടുന്ന നമ്മൾ, നമ്മുടെ ശരീരങ്ങളിൽ ദൈവത്തെ മഹത്വപ്പെടുത്തണം, സജീവാരാധനയർപ്പിക്കണം. സമർപ്പണത്തിലൂടെ ക്രൂശിതനോട് യഥാർത്ഥത്തിൽ ഐക്യപ്പെടുന്നവൻ ഉത്ഥിതന്റെ മഹത്വത്തിലും പങ്കുചേരും.

പ. അമ്മേ, മരണശേഷം അങ്ങേ തിരുക്കുമാരനോടും അങ്ങയോടുമൊത്തായിരിക്കുന്നതിന് ജീവിതത്തിൽ അവിടുത്തെ പൂർണ്ണമായി അനുകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

**5. മാതാവിന്റെ കിരീടധാരണം**

കർത്താവിനും മനുഷ്യർക്കും അമ്മയായവളെ,

ദൈവം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി മുടി ധരിപ്പിക്കുന്നു. കുരിശോളം ശൂന്യയായവളെ, ദൈവം സർവ്വ മഹത്വത്താലും അലങ്കരിക്കുന്നു.

സ്വർഗ്ഗീയ മഹത്വത്തിന്റെ അച്ചാരവും, മുന്നാസ്വാദനവുമാണ് പ. കുർബാന. ദിവ്യരക്ഷകന്റെ ഓർമ്മയോടൊപ്പം ദൈവമാതാവായ കന്യകാമറിയത്തിന്റെ ഓർമ്മയും വിശുദ്ധ ബലിപീഠത്തിൽ നാം കൊണ്ടാടുന്നു. ഭൂസ്വർഗ്ഗങ്ങളുടെ റാണിയായ പ. മറിയം നമ്മുടെ അമ്മയും സംരക്ഷകയും സഹായകയുമാണ്. മാതാവിന്റെ ശക്തകരങ്ങളിൽ നമ്മെ സമർപ്പിച്ച് മനോധൈര്യത്തോടെ ജീവിക്കാം.

പ. അമ്മേ, അനുദിനബലിയർപ്പണത്തിലൂടെയും ബലിജീവിതത്തിലൂടെയും ഈശോയോടൊപ്പം ബലിയാകാനും സ്വർഗ്ഗീയ മഹത്വത്തിന് യോഗ്യരാകാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

## പ്രകാശത്തിന്റെ രഹസ്യങ്ങൾ

### 1. ഈശോയുടെ മാമ്മോദീസ

മാമ്മോദീസായിലൂടെ മരണോത്ഥാന രഹസ്യമായ കുരിശിനെ തന്റെ ദൗത്യംവഴിയായി സ്വീകരിച്ച ഈശോയെ, പിതാവ് തന്നെ ലോകത്തിന് വെളിപ്പെടുത്തുന്നു. പ. റൂഹ അവിടുന്നിൽ നിറയുന്നു. പ. ത്രിത്വം വെളിപ്പെടുന്ന ദിവ്യമുഹൂർത്തം. നമ്മുടെ മാമ്മോദീസായും ക്രിസ്തു രഹസ്യത്തിലുള്ള പങ്കാളിത്തമാണ്. വി. കുർബാനയാകുന്ന ദനഹയിലൂടെ നാം ഇവയെ

നിത്യവും നവീകരിക്കുകയും ആഴപ്പെടുകയും ചെയ്യുന്നു. ദിവ്യകാരുണ്യത്തെ ജീവിതത്തിന്റെ സർവ്വതലങ്ങളിലും ദനഹയാക്കുകയാണ് നമ്മുടെ പ്രേഷിത വഴിയും, വിളിയും.

പ. അമ്മേ ദിവ്യകാരുണ്യത്തിലൂടെ ഈശോയെ വെളിപ്പെടുത്തേണ്ട ഞങ്ങൾ ഓരോ കുർബാന അർപ്പണത്തിലൂടെയും ഞങ്ങളുടെ സമർപ്പണങ്ങളെ പുതുക്കിക്കൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രിയമക്കളും, ദിവ്യകാരുണ്യ ഈശോയുടെ വിശ്വസ്താനുയായികളും, പരിശുദ്ധാത്മാവിന്റെ വഴക്കമുള്ള ഉപകരണങ്ങളുമായി ജീവിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

(1. സ്വ. 10. നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ...)

**2. കാനായിലെ അത്ഭുതം**

കാനായിലെ അത്ഭുതം, സ്വർഗ്ഗീയ മണവാളനായ ഈശോ തന്റെ വിരുന്നിന് ക്ഷണിക്കപ്പെട്ടവർക്കൊരുക്കുന്ന അമൂല്യരക്തത്തിന്റെ കാസയുടെ സൂചനയായി. രക്ഷയുടെ ഈ നിറവിന് സഹകാരണിയാകുന്നത് പരിശുദ്ധ മറിയവും. ജീവിതത്തിന്റെ പോരായ്മകളിലും, സമൃദ്ധിയുടെ പെരുമകളിലും അവൻ പറയുന്നതുപോലെ ചെയ്യുവിൻ, എന്നാഹ്വാനം ചെയ്തുകൊണ്ട് അമ്മയുണ്ടാകും.

പ. അമ്മേ, ജീവിതവഴികളിലൂടെ അമ്മയെപ്പോലെ രക്ഷയുടെ അത്ഭുതങ്ങൾക്കും ഈശോയുടെ വെളിപ്പെടുത്തലുകൾക്കും മദ്ധ്യസ്ഥത വഹിക്കുന്നവരാകുവാൻ, വിശ്വാസകൃപയിൽ ഞങ്ങൾ വളരാനായി

പ്രാർത്ഥിക്കണമേ,

(1. സ്വ. 10 നന്മ. 1 ത്രി, ഓ എന്റെ ഈശോയെ ...)

### 3. പരസ്യ ജീവിതാരംഭം

ദൈവരാജ്യത്തിന്റെ സാക്ഷാത്കൃത രഹസ്യവും അതിലേക്കുള്ള കർമ്മരേഖയുമാണ് പ. കുർബാന. സ്വർഗ്ഗരാജ്യാനുഭവത്തിന്റെ തീവ്രതയിൽ അനുതാപ സങ്കീർത്തനങ്ങൾ അതിൽ നിറയുന്നു. ദിവ്യബലിയർപ്പണം പാപമോചനത്തിന്റെ കൃപയും ദൈവകരുണയുടെ അനുഭവവുമാകാൻ ആത്മാനുതാപം നമ്മിൽ നിറയണം.

കാരുണ്യത്തിന്റെ നാഥേ, ദൈവരാജ്യത്തിന്റെ പരിശുദ്ധിയും പാഠങ്ങളും ഗ്രഹിച്ച്, പാപബോധത്തിലും പശ്ചാത്താപത്തിലും കുതിർന്ന വിശുദ്ധ കുമ്പസാരത്തിലൂടെ വെടിപ്പും വിശുദ്ധിയും ഉള്ളവരായി അങ്ങേ തിരുക്കുമാരന്റെ രാജ്യത്തിന് ചേർന്നവരാകാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ....)

### 4. താബോറിലെ രൂപാന്തരീകരണം

ഓരോ ദിവ്യബലിയും ഉത്ഥിതനായ ഈശോയോടും സ്വർഗ്ഗീയ ഗണങ്ങളോടുമൊത്തുള്ള രഹസ്യങ്ങളൂടെ ധ്യാനവും ആഘോഷവുമാണ്. വി. കുർബാനയിലെ താബോർ അനുഭവത്തിലൂടെ ആത്മാവായ കർത്താവ് നമ്മെയും അവിടുത്തെ സാദൃശ്യത്തിലേക്ക്, മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

പ. അമ്മേ, വിശുദ്ധരുടെ കൂട്ടായ്മയോടൊപ്പം വിശ്വാസത്തിന്റെ നാഥനായ ഈശോയെ ധ്യാനിച്ച്, സന്തോഷം ത്യജിച്ചും അപമാനം വകവയ്ക്കാതെയും കുരിശ് പ്രതീക്ഷയോടെ സ്വീകരിച്ച് വളരാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി. ഓ എന്റെ ഈശോയെ ....)

**5. വിശുദ്ധ കുർബാന സ്ഥാപനം**

തന്നെപ്പോലും മിച്ചം വയ്ക്കാതെ അവിടുന്നു തന്നു. കുരിശിന്റെ ഉച്ചിവരെ അവിടുന്ന് സഹിച്ചു കുർബാന ഇതിന്റെ ഓർമ്മയായി. സെഹിയോനും കാൽവരിയും അവർണ്ണനീയ സ്നേഹദാനമായി അൾത്താരയിൽ നിത്യനൂതനമാക്കപ്പെടുന്നു. വചനവും വസ്തുവും, ദൈവവും മനുഷ്യനും അദ്വൈതമാകുന്ന അമൂല്യനിമിഷങ്ങൾ.

അമ്മേ, ദിവ്യകാരുണ്യ നാഥേ, ഓർമ്മിക്കാനും ഓർമ്മയാകാനും വിളിക്കപ്പെട്ട ഞങ്ങൾ, അപ്പമായവ നോടു ചേർന്നിരിക്കാനും, അഴിയലിന്റെ വഴിചേരാനും, ദിവ്യകാരുണ്യത്തിന്റെ പാഠശാലയിൽ നിരന്തരം പരി ശീലിക്കാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

(1. സ്വ. 10 നന്മ. 1 ത്രി ഓ എന്റെ ഈശോയെ ...)

**സമാപന പ്രാർത്ഥന**

ഈശോയോടു ചേർന്നു ജീവിച്ച അമ്മേ, അവി ടുത്തെ പിൻചെല്ലാൻ വിളിക്കപ്പെട്ട ഞങ്ങളോടുമൊപ്പം അമ്മയുണ്ടാകണമേ. ബലിയും വിരുന്നുമാകേണ്ട ഞങ്ങളുടെ ജീവിതങ്ങളിൽ സ്നേഹവും ത്യാഗവും കുറ

യുമ്പോൾ അമ്മേ, തിരുക്കുമാരനോട് ഞങ്ങൾക്കായ് പ്രാർത്ഥിക്കണമേ. ജീവിതപാതയിൽ പ്രതിസന്ധിക ളിൽപ്പെട്ടുഴലുമ്പോൾ അമ്മേ, തേടിവരണമേ. അവ സാനം അങ്ങേ തിരുക്കുമാരനോടൊപ്പം ബലി പൂർത്തി യാകുമ്പോൾ അമ്മേ, ജീവിതത്തിന്റെ ചുവട്ടിലുണ്ടാ കേണമേ. ഈ ദിവ്യ കാരുണ്യ ജീവിതത്തിലുടനീളം അമ്മേ, അങ്ങേ ഓർമ്മ ഞങ്ങളോടൊപ്പമുണ്ടായിരിക്ക ട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേ ശ്വരാ, എന്നേയ്ക്കും. ആമ്മേൻ

## 14. ദിവ്യകാരുണ്യ ലുത്തിനിയ (പ്രാർത്ഥന)

കർത്താവേ അനുഗ്രഹിക്കണമേ,
മിശിഹായെ അനുഗ്രഹിക്കണമേ,
കർത്താവേ അനുഗ്രഹിക്കണമേ,
മിശിഹായെ ഞങ്ങളുടെ
പ്രാർത്ഥന കേൾക്കണമേ,
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ,
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ
ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,
പരലോകത്തിൽ നിന്ന് എഴുന്നള്ളിവന്ന
ആയുസ്സിന്റെ അപ്പമേ,
കൃപനിറഞ്ഞ രക്ഷകനായി
മറഞ്ഞിരിക്കുന്ന ദൈവമേ,

ഞങ്ങളെ അനുഗ്രഹിക്കണമേ

മോക്ഷഭാഗ്യം പ്രാപിച്ചവരുടെ ധാന്യമേ,
വിരക്തിയെ വിളയിക്കുന്ന ദ്രാക്ഷാരസമേ,
രാജ ഇമ്പവും സമ്പൂർണ്ണതയുമുള്ള അപ്പമേ,
നിത്യ ബലിയേ,
പരിശുദ്ധ പൂജയേ,
കറയില്ലാത്ത ചെമ്മരിയാട്ടിൻ കുട്ടീ,
എത്രയും പരിശുദ്ധമായ വിരുന്നേ,
മാലാഖമാരുടെ ഭോജനമേ,
മറഞ്ഞിരിക്കുന്ന മന്നായേ,
ദൈവാത്ഭുതങ്ങളുടെ ജ്ഞാപകമേ,
സ്വഭാവത്തിനു മേല്പട്ട അപ്പമേ,
മാംസമായി അവതരിച്ച് ഞങ്ങളിൽ
വാസം ചെയ്യുന്ന ദൈവവചനമേ
പരിശുദ്ധ ബലിയുടെ അപ്പമേ,
ആശീർവാദത്തിന്റെ പാത്രമേ,
വിശ്വാസത്തിന്റെ രഹസ്യമേ,
പൂജ്യമായ ഉന്നത പരിശുദ്ധ കൂദാശയേ,
സകല ബലികളിലും വച്ച് ഉന്നതമായ
പരിശുദ്ധ ബലിയേ,
ഉയിരവർക്കും, മരിച്ചവർക്കും പാപനിവാരണവും
പരിഹാരവുമായ പൂജയേ,
പാപവിഷത്തിന് പരമ ഔഷധമേ,
സകല അത്ഭുതങ്ങളിലും വലിയ അത്ഭുതമേ,
കർത്താവിന്റെ തിരുപ്പാടുകളുടേയും കഠിന
മരണത്തിന്റെയും ജ്ഞാപകമേ,
സകല പരിപൂർണ്ണ വരപ്രസാദങ്ങളേക്കാൾ
മേല്പട്ട വരപ്രസാദമേ,

ഞങ്ങളെ അനുഗ്രഹിക്കണമേ

ദൈവിക ഔദാര്യത്തിന്റെ ആധിക്യമേ,
അളവറ്റ പരിശുദ്ധതയും അത്യന്തമഹിമയുമുള്ള
ദൈവരഹസ്യമേ,
നിത്യജീവിതത്തിന്റെ പരമ സംജീവിയേ,
ഭയഭക്തിക്കും, ഞടുക്കത്തിനും പാത്രമായ
ജീവൻ നൽകുന്ന കൂദാശയേ,
ദൈവവചനത്തിന്റെ അളവില്ലാത്ത ശക്തിയാൽ
മാംസമാക്കപ്പെട്ട തിരുഅപ്പമേ,
രക്തം ചിന്താത്ത ബലിയേ,
ഞങ്ങളുടെ ദിവ്യവിരുന്നുകാരനും
ആത്മീയഭോജനവുമായ കർത്താവേ,
മാലാഖമാർ വണക്കത്തോടെ പെരുമാറുന്ന
മധുരമായ ദിവ്യവിരുന്നേ,
ഭക്തിയുടെ വിശുദ്ധ കൂദാശയേ,
സ്നേഹത്തിന്റെ ബന്ധനമേ,
ബലി ചെയ്യുന്ന പരമഗുരുവും ബലിയിടപ്പെട്ട
വസ്തുവുമായ രക്ഷിതാവേ,
സർവ്വാനന്ദത്തിന്റെയും ഉറവയും അങ്ങേ
അനുഭവിക്കുന്നവർക്കു മനോവാക്കിലടങ്ങാത്ത
ഇമ്പവുമായ ആത്മീയ മാധുര്യമേ,
പരിശുദ്ധ ആത്മാക്കളുടെ ദിവ്യഭോജനമേ,
സർവ്വേശ്വരന്റെ സമാധാനത്തിൽ മരിക്കുന്നവരുടെ
തിരുപാഥേയമേ,
നിത്യപരമാനന്ദ മഹിമയുടെ അച്ചാരമേ,
ദയാപരനായിരുന്ന്, കർത്താവേ ഞങ്ങളുടെ
പാപങ്ങൾ പൊറുക്കണമേ.

ഞങ്ങളെ അനുഗ്രഹിക്കണമേ

ദയാപരനായിരുന്ന്, കർത്താവേ ഞങ്ങളുടെ
പ്രാർത്ഥന കേട്ടരുളണമേ.

അങ്ങെ തിരുശരീരത്തേയും രക്തത്തേയും
അയോഗ്യമായി ഉൾക്കൊള്ളുന്ന
ദ്രോഹങ്ങളിൽനിന്ന്,

മാംസത്തിന്റെ ദുരാഗ്രഹങ്ങളിൽ നിന്ന്,
കണ്ണുകളുടെ ദുരാഗ്രഹങ്ങളിൽ നിന്ന്,
ജീവിതത്തിന്റെ അഹങ്കാരത്തിൽ നിന്ന്.
പാപത്തിന്റെ കരങ്ങളിൽ നിന്ന്,
പെസഹാ ദിവ്യബലിയെ
അങ്ങെ ശിഷ്യരോടുകൂടി നിറവേറ്റുവാൻ,
അങ്ങേയ്ക്കുണ്ടായിരുന്ന അത്യന്താശയെക്കുറിച്ച്,
അങ്ങുന്ന് അവരുടെ കാലുകളെ കഴുകിയ
അത്യന്ത എളിമയെക്കുറിച്ച്,

അങ്ങുന്ന് ഈ പരമകൂദാശയെ ബലിപീഠത്തിന് മേൽ കാഴ്ച വയ്ക്കുന്ന അങ്ങേ രക്തത്തെക്കുറിച്ച്,

ഞങ്ങൾക്കുവേണ്ടി അങ്ങേ പരിശുദ്ധ ശരീരത്തിൽ പതിഞ്ഞ അഞ്ച് മുറിവുകളെക്കുറിച്ച്,

അടിയങ്ങൾക്ക് അത്ഭുതമായ കൂദാശയിലുള്ള വിശ്വാസഭക്തിവണക്കങ്ങളെ അധികമധികം വർദ്ധിപ്പിച്ചു കാത്തരുളണമെന്ന്, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നല്ലകുമ്പസാരം വഴിയായി കൂടെക്കൂടെ
വിശുദ്ധ കുർബാന കൈകൊള്ളുന്നതിന്
ഞങ്ങളെ യോഗ്യരാക്കണമെന്ന്, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സകല ഇടത്തൂട്, പാപദ്രോഹം, ഹൃദയാന്ധത മുത ലായവയിൽ നിന്ന് ഞങ്ങളെ രക്ഷിച്ചരുളണമെന്ന്, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ആരാധനയ്ക്ക് യോഗ്യമായ ഈ പരിശുദ്ധ കുദാശ യുടെ വിലമതിക്കാതെ ദിവ്യഫലങ്ങളെ ഞങ്ങൾക്ക് തന്നരുളണമെന്ന്, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ മരണനേരത്തിൽ പരലോക പ്രയാണത്തി നുതകത്തക്ക ഈ ദിവ്യഅപ്പത്തെക്കൊണ്ട് ഞങ്ങളെ ബലപ്പെടുത്തി ആശ്വസിപ്പിച്ച് രക്ഷിപ്പാൻ കൃപ ചെയ്ത രുളണമെന്ന്, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഭൂലോക പാപങ്ങളെ ..... (3)

കാർമ്മി : പരലോക അപ്പം അവർക്ക് കൊടുത്തു.

സമൂ : സകല മാധുര്യവും അതിലുണ്ടായിരുന്നു.

## പ്രാർത്ഥിക്കാം

ഈ അത്ഭുതത്തിന്റെ കൂദാശയിൽ അങ്ങെ പീഡാ നുഭവത്തിന്റെ ജ്ഞാപകം ഞങ്ങൾക്ക് തന്നരുളിയ ദൈവമേ അങ്ങെ വീണ്ടടുപ്പിൻ ഫലം ഞങ്ങൾ എപ്പോഴും അനുഭവിക്കാൻ വേണ്ടി ഞങ്ങൾ അങ്ങെ തിരുശരീരത്തിന്റെയും രക്തത്തിന്റെയും ദിവ്യരഹസ്യ ങ്ങളെ വണങ്ങുവാൻ ഞങ്ങൾക്ക് കൃപ ചെയ്തരുള ണമേ എന്ന് സദാകാലവും ജീവിച്ചു വാഴുന്ന അങ്ങ യോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ആമ്മേൻ.

## 15. ദിവ്യകാരുണ്യ ലുത്തിനിയ (ഗാനം)

കർത്താവേ കനിയണമേ
മിശിഹായെ കനിയണമേ
കർത്താവേ ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
പരിപാവനമാം ത്രിത്വമേ
ദിവ്യാനുഗ്രഹമേകണമേ

അദ്ധ്വാനിച്ചു വലഞ്ഞവനും
ഭാരമെടുത്തു കുഴഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ
ദിവ്യാനുഗ്രഹമേകണമേ

നരരുടെ നിലവിളി കേട്ടവനേ
നരനെത്തേടിയണഞ്ഞവനേ
കനിവു നിറഞ്ഞൊരു നല്ലിടയാ
ദിവ്യാനുഗ്രഹമേകണമേ

ദിവ്യശരീരം ഭോജനമായ്
മാനവനേകിയ ദൈവസുതാ
കരുണാനിധിയാം കർത്താവേ
ദിവ്യാനുഗ്രഹമേകണമേ

മർത്ത്യശരീരമെടുത്തവനേ
മർദ്ദനമേറ്റു മരിച്ചവനേ
മഹിമയിൽ വീണ്ടുമുയിർത്തവനേ
ദിവ്യാനുഗ്രഹമേകണമേ

മനുജനു ശാന്തി പകർന്നിടുവാൻ
തിരുസക്രാരിയിൽ വാണരുളും
പരമപിതാവിൻ പ്രിയസുനോ
ദിവ്യാനുഗ്രഹമേകണമേ

ലോകം മുഴുവൻ വിസ്മൃതിയിൽ
എന്നെത്തള്ളിത്താഴ്ത്തുമ്പോൾ
കരണാനിധിയാം സ്നേഹഗുരോ
ദിവ്യാനുഗ്രഹമേകണമേ

ദൈവവിളിക്കായ് പ്രാർത്ഥിക്കും
നിൻ തനയർക്കായ് ചൈതന്യം
നിത്യം നൽകും ഭോജനമേ
ദിവ്യാനുഗ്രഹമേകണമേ

പാപക്കൂരിരുളാൽ നിറയും
പാരിനു വെൺപ്രഭ തൂകിടുവാൻ
പാരിടെ വന്നു പിറന്നവനേ
ദിവ്യാനുഗ്രഹമേകണമേ

ഈ നവലോകേ മാനവനെ
സത്യം നീതി പുണർന്നിടുവാൻ
സത്യത്തിൻ ഗുരുവേ കനിവായ്
ദിവ്യാനുഗ്രഹമേകണമേ

ലോകം ദേഹം സാത്താനും
സഖ്യം ചേർന്നു മഥിക്കുമ്പോൾ
സിദ്ധരെ വാർക്കും തിരുസൂനോ
ദിവ്യാനുഗ്രഹമേകണമെ

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൽ മേഷമേ നാഥാ ...(3)

1) പാപം പൊറുക്കേണമേ
2) പ്രാർത്ഥന കേൾക്കണമേ
3) ഞങ്ങളിൽ കനിയേണമേ.

സഭ അവളുടെ ജീവൻ സ്വീകരിക്കുന്ന സ്രോതസ്സ്
ദിവ്യകാരുണ്യമാണ്. സഭയുടെ ഐക്യത്തിന്റെ കൗദാശിക
അടയാളമാണ് ദിവ്യകാരുണ്യം.
(എക്ലേസിയ ദ എവുക്കരിസ്തിയ - 36)